കരട് റിപ്പോർട്ട്

## സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ റിപ്പോർട്ട്

ഭൂമി ഏറ്റെടുക്കൽ

# തീരദേശ ഹൈവേ നിർമ്മാണം (പയ്യാമ്പലം– നീർക്കടവ് റീച്ച്)

# കണ്ണൂർ ജില്ല

ഒക്ടോബർ 2025

CSES

Centre for Socio-economic & Environmental Studies (CSES)

# ഉള്ളടക്കം


| *അധ്യായം* | | *പേജ്* |
|---|---|---|
| 1 | പദ്ധതിയുടെ വിശദാംശങ്ങൾ | 1 |
| 2 | പഠനസംഘം, പഠന സമീപനം, രീതിശാസ്ത്രം, സമയവിവരപ്പട്ടിക | 7 |
| 3 | പദ്ധതി ബാധിത പ്രദേശം - വിലയിരുത്തൽ | 11 |
| 4 | പദ്ധതിബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ള കണക്ക് | 17 |
| 5 | ജനങ്ങളുടെ സാമൂഹിക-സാമ്പത്തിക-സാംസ്കാരിക വിവരങ്ങൾ | 23 |
| 6 | സാമൂഹ്യ പ്രത്യാഘാത മാനേജ്മെന്റ് പ്ലാൻ | 31 |
| 7 | സാമൂഹ്യ പ്രത്യാഘാത മാനേജ്മെന്റ് പ്ലാൻ -സ്ഥാപന സംവിധാനം | 38 |
| 8 | സാമൂഹ്യ പ്രത്യാഘാത മാനേജ്മെന്റ് പ്ലാൻ -ബജറ്റും സാമ്പത്തിക നടപടികളും | 40 |
| 9 | സാമൂഹ്യ പ്രത്യാഘാത മാനേജ്മെന്റ് പ്ലാൻ – മേൽനോട്ടവും മൂല്യനിർണയവും | 41 |
| 10 | നഷ്ടങ്ങളുടെയും നേട്ടങ്ങളുടെയും അപഗ്രഥനം- ഭൂമിയേറ്റെടുക്കലിനെ സംബന്ധിച്ച ശുപാർശകൾ | 42 |

# പദ്ധതിയുടെ വിശദാംശങ്ങൾ

## അദ്ധ്യായം 1

### 1.1 പദ്ധതിയുടെ പശ്ചാത്തലം

കേരളത്തിലെ ദ്രുതഗതിയിലുള്ള നഗരവൽക്കരണവും ഉയർന്ന ജനസാന്ദ്രതയും റോഡ് പോലുള്ള അടിസ്ഥാന സൗകര്യ വികസനത്തെ അനിവാര്യമാക്കുന്നു. സുഗമവും സുരക്ഷിതവുമായ യാത്രകൾ ഉറപ്പാക്കുന്നതിലും ചരക്ക് ഗതാഗതം മെച്ചപ്പെടുത്തുന്നതിലും റോഡ് സംവിധാനം വലിയ പങ്ക് വഹിക്കുന്നുണ്ട്. വാഹനപ്പെരുപ്പം മൂലമുണ്ടാകുന്ന ഗതാഗതക്കുരുക്ക് നമ്മുടെ റോഡുകളിലെ സ്ഥിരം കാഴ്ചയാണ്. ഗതാഗത കുരുക്ക് മൂലം ഇന്ധന നഷ്ടവും സമയ നഷ്ടവും വളരെ കൂടുതൽ ആണ്. ഈ നഷ്ടം ഒഴിവാക്കേണ്ടത് നമ്മുടെ സംസ്ഥാനം ലക്ഷ്യമിടുന്ന വ്യാവസായിക-സാമ്പത്തിക വളർച്ച മുന്നോട്ടു കൊണ്ടുപോകുന്നതിന് അനിവാര്യമാണ്.

സംസ്ഥാനത്തെ റോഡ് ശൃംഖലയുടെ 1781 കിലോമീറ്റർ ദേശീയ പാതയാണ്, 4128 കിലോമീറ്റർ സംസ്ഥാന പാതയും, 25445 കിലോമീറ്റർ പ്രധാനപ്പെട്ട ജില്ലാ റോഡുകളുമാണ്. കേരളത്തിന്റെ സാമ്പത്തിക വികസനം ത്വരിതപ്പെടുത്തുന്നതിൽ അടിസ്ഥാന സൗകര്യവികസനത്തിനുള്ള പ്രാധാന്യം കണക്കിലെടുത്ത് 2018-ൽ സംസ്ഥാന സർക്കാർ ഒരു പൊതുമരാമത്ത് നയം പുറത്തിറക്കുകയുണ്ടായി. ആവശ്യത്തിന് വീതിയില്ലാത്ത റോഡുകളും, ഇടുങ്ങിയ ജംഗ്ഷനുകളും ട്രാഫിക്ക് ബ്ലോക്കുകൾക്ക് കാരണമാകുന്നു എന്ന് ഈ നയം പറയുന്നു. സൈക്കിൾ യാത്രക്കാരെയും കാൽനട യാത്രക്കാരെയും കണക്കിലെടുത്തുകൊണ്ടുള്ള ഗതാഗത സംവിധാനം രൂപപ്പെടുത്തുന്നതിന്റെ പ്രാധാന്യവും ഈ നയത്തിൽ ഊന്നിപ്പറയുന്നു. ഈ സാഹചര്യത്തിൽ സാങ്കേതികമായി മെച്ചപ്പെട്ട, പരിസ്ഥിതി സൗഹൃദ-അപകട രഹിത-സുരക്ഷിത റോഡ് ശൃംഖല എന്നത് സംസ്ഥാനത്തിന്റെ വികസന മുൻഗണനയായി കേരള സർക്കാർ സ്വീകരിച്ചിരിക്കുന്നു.

കേരളത്തിന്റെ തീരദേശ മേഖലയുടെ സമഗ്ര പുരോഗതിക്ക് സഹായകരമായ തീരദേശ ഹൈവേയെ കുറിച്ചുള്ള ആലോചന വളരെ മുമ്പേതന്നെ (1993) ആരംഭിച്ചതാണ്. നാഷണൽ ട്രാൻസ്പോർട്ടേഷൻ പ്ലാനിങ് ആന്റ് റിസർച്ച് സെന്റർ (NATPAC) നടത്തിയ പഠനത്തോടനുബന്ധിച്ചാണ് തീരദേശ ഹൈവേയെക്കുറിച്ചുള്ള ചർച്ച ആരംഭിക്കുന്നത്. ദേശീയപാതകളിലെ തിരക്കു കുറയ്ക്കുകയും ടൂറിസം സാധ്യതകൾ വർദ്ധിപ്പിക്കുകയുമാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ. കേരളത്തിന്റെ തീരപ്രദേശത്ത് സ്ഥിതിചെയ്യുന്ന വിവിധ തുറമുഖങ്ങളിൽ നിന്നുള്ള സുഗമമായ ചരക്ക് ഗതാഗതത്തിനും ഈ പാത വളരെ പ്രയോജനകരമാകും എന്നും ഈ പഠനം വിലയിരുത്തുന്നു.

2001-ലെ കേരള റോഡ് ഫണ്ട് ആക്റ്റ് (കെ.ആർ.എഫ്.ആക്റ്റ്) പ്രകാരം, കേരള സർക്കാർ പൊതുമരാമത്ത് വകുപ്പിനു കീഴിൽ രൂപീകരിച്ച സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ കേരള റോഡ് ഫണ്ട് ബോർഡാണ് (കെ.ആർ.എഫ്.ബി.) കണ്ണൂർ ജില്ലയിലെ തീരദേശ ഹൈവേ (പയ്യാമ്പലം-നീർക്കടവ് റീച്ച്) നിർമ്മാണ പ്രവർത്തനം നടത്തുന്നത്. സംസ്ഥാനത്തിന്റെ റോഡ് ശൃംഖലകളുടെ വികസനത്തിനും പരിപാലനത്തിനും പ്രത്യേക ശ്രദ്ധ നൽകുന്നതിനായാണ് കെ.ആർ.എഫ്.ബി. പ്രവർത്തിക്കുന്നത്. കേരള നിയമസഭ പാസാക്കിയ നിയമപ്രകാരം, കേരള റോഡ് ഫണ്ട് ബോർഡിന്റെ ചെയർപേഴ്സൺ മുഖ്യമന്ത്രിയാണ്. മുഖ്യമന്ത്രി ചെയർപേഴ്സണായിട്ടുള്ള ഒരു ബോർഡും, പൊതുമരാമത്ത്

വകുപ്പ് മന്ത്രി ചെയർപേഴ്സണായിട്ടുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയുമാണ് സംസ്ഥാന തലത്തിൽ കെ.ആർ.എഫ്.ബി.ക്കുള്ളത്. കേരള റോഡ് ഫണ്ട് ബോർഡിന്റെ ദൈനംദിന പ്രവർത്തനങ്ങളെ സംസ്ഥാന തലത്തിൽ ഏകോപിപ്പിക്കുന്നത് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറാണ്. വിവിധ റീജിയണുകളിലെ പ്രവർത്തനങ്ങളുടെ ഏകോപനം അതാത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ചുമതലയാണ് .

കേരള റോഡ് ഫണ്ട് കണ്ണൂർ പ്രൊജക്റ്റ് മാനേജ്‌മെൻറ് യൂണിറ്റിന് കീഴിലാണ് കണ്ണൂർ ജില്ലയിലെ പള്ളിക്കുന്ന്, അഴീക്കോട് സൗത്ത് വില്ലേജുകളിൽപ്പെട്ട തീരദേശ ഹൈവേ നിർമ്മാണം വരുന്നത്. പദ്ധതി നടത്തിപ്പിന്റെയും മേൽനോട്ടത്തിന്റെയും ചുമതലകൾ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ, പ്രൊജക്റ്റ് എൻജിനീയർ തുടങ്ങിയവരാണ് നിർവ്വഹിക്കുന്നത്.

നാഷണൽ ട്രാൻസ്പോർട്ടേഷൻ പ്ലാനിങ് ആന്റ് റിസർച്ച് സെന്റർ (NATPAC) ആണ് നിർദ്ദിഷ്ട പദ്ധതിക്കായുള്ള വിശദമായ പദ്ധതി രേഖ (ഡി.പി.ആർ.) തയ്യാറാക്കുന്നത് എന്നാണ് അർത്ഥനാധികാരികൾ അറിയിച്ചിരിക്കുന്നത്. കേരള സർക്കാരിന്റെ 10.07.2017-ലെ ഉത്തരവ് നമ്പർ, GO(RT)No.942/2017/PWD പ്രകാരം കിഫ്ബി ഫണ്ട് ഉപയോഗിച്ചുകൊണ്ടുള്ള തീരദേശ ഹൈവേ നിർമ്മാണത്തിന് സർക്കാർ ഭരണാനുമതി നൽകുകയുണ്ടായി.

## 1.2 പദ്ധതിക്കു പിന്നിലെ യുക്തി

ഒരു പ്രദേശത്തിന്റെ സാമൂഹിക-സാമ്പത്തിക-വ്യാവസായിക വികസനം കെട്ടിപ്പടുക്കുന്നതിന് മെച്ചപ്പെട്ട ഗതാഗത സൗകര്യങ്ങൾക്ക് മുഖ്യപങ്കുണ്ട്. മെച്ചപ്പെട്ട ഗതാഗത സൗകര്യങ്ങളും റോഡ് സംവിധാനവും സമ്പദ് വ്യവസ്ഥയിൽ ഉണ്ടാക്കുന്ന ഗുണഫലങ്ങൾ പഠനങ്ങൾ തെളിയിച്ചിട്ടുള്ളതാണ്. ഒരു വികസിത റോഡ് ശൃംഖല ആളുകളുടെ സഞ്ചാരത്തെയും ചരക്കുനീക്കത്തെയും സുരക്ഷിതവും സുഗമവുമാക്കുന്നു.

കേരളത്തിൽ പ്രതിദിനം 2800-ലധികം വാഹനങ്ങൾ പുതുതായി രജിസ്റ്റർ ചെയ്യപ്പെടുന്നു എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. കേരളത്തിന്റെ വാഹന-ജനസംഖ്യാ അനുപാതം ദേശീയ ശരാശരിയേക്കാൾ വളരെ മുന്നിലാണെന്ന് കണക്കുകൾ പറയുന്നു (പട്ടിക 1.1). 2024-ലെ കണക്കുകൾ പ്രകാരം, സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത ആകെ വാഹനങ്ങളുടെ എണ്ണം 1,74,08,542 ആണ്. ഈ കണക്കുകൾ പ്രകാരം കേരളത്തിൽ ഏതാണ്ട് രണ്ടിൽ ഒരാൾക്കുവീതം വാഹനമുണ്ട്.


**പട്ടിക 1.1: കേരളത്തിലെയും ഇന്ത്യയിലെയും വാഹന സ്ഥിതി വിവരക്കണക്കുകൾ**

| വർഷം | കേരളം | | ഇന്ത്യ | |
|---|---|---|---|---|
| | രജിസ്റ്റർ ചെയ്ത വാഹനങ്ങളുടെ ആകെ എണ്ണം | 1000 ജനസംഖ്യയിൽ രജിസ്റ്റർ ചെയ്ത വാഹനങ്ങൾ | രജിസ്റ്റർ ചെയ്ത വാഹനങ്ങളുടെ ആകെ എണ്ണം | 1000 ജനസംഖ്യയിൽ രജിസ്റ്റർ ചെയ്ത വാഹനങ്ങൾ |
| 2015 | 9421245 | 265.6 | 210023000 | 167.5 |
| 2016 | 10171813 | 285.1 | 230031000 | 181.3 |
| 2017 | 11030037 | 307.5 | 253311000 | 197.3 |
| 2018 | 12042691 | 344.6 | 272587000 | 206.5 |
| 2019 | 13334984 | 379.6 | 295772000 | 221.7 |
| 2020 | 14184184 | 401.7 | 326299000 | 241.9 |
| 2021 | 14847163 | 418.4 | 335551000 | 246.2 |
| 2022 | 15565149 | 436.8 | 354018000 | 257.3 |
| 2023 | 16352224 | 457.1 | വിവരങ്ങൾ ലഭ്യമല്ല | |
| 2024 | 17408542 | 484.6 | വിവരങ്ങൾ ലഭ്യമല്ല | |

അവലംബം: Economic Review 2024, GoK; Annual Report 2024-25, Ministry of Road Transport & Highways, GoI and Report of the Technical Group on Population Projections, July 2020, Census of India 2011.

കേരളത്തിലെ വാഹനങ്ങളുടെ ജില്ല തിരിച്ചുള്ള എണ്ണമാണ് ചിത്രം 1.1-ൽ നൽകിയിരിക്കുന്നത്. കണ്ണൂർ ജില്ലയിലുള്ള വാഹനങ്ങളുടെ എണ്ണം 1083517 ആണ്.

**ചിത്രം 1.1: കേരളത്തിലെ ജില്ല തിരിച്ചുള്ള വാഹനങ്ങളുടെ എണ്ണം**




അവലംബം: ഇക്കണോമിക് റിവ്യൂ 2024

വാഹനപ്പെരുപ്പവും റോഡ് സുരക്ഷയും തമ്മിൽ അഭേദ്യമായ ബന്ധമുണ്ട്. കഴിഞ്ഞ മൂന്നു വർഷത്തിനിടക്ക്, നമ്മുടെ സംസ്ഥാനത്തെ റോഡിന്റെ നീളം (പൊതുമരാമത്ത് വകുപ്പ്) വെറും 2 ശതമാനം മാത്രം കൂടിയപ്പോൾ, മോട്ടോർ വാഹനങ്ങളുടെ എണ്ണം 17 ശതമാനം വർദ്ധിക്കുകയുണ്ടായി. വാഹനങ്ങളുടെ എണ്ണത്തിലുണ്ടായ വർദ്ധനവും അവയെ ഉൾക്കൊള്ളാനുള്ള റോഡിന്റെ ശേഷി വികസിക്കുന്നതും തമ്മിലുള്ള അന്തരം, കേരളത്തിൽ വാഹനാപകടങ്ങളും ഗതാഗതക്കുരുക്കും വർദ്ധിക്കുന്നതിനിടയാക്കിയിട്ടുണ്ട്. ലഭ്യമായ കണക്കുകൾ പ്രകാരം 1960-ൽ 1528 റോഡപകടങ്ങളും 235 റോഡപകട മരണങ്ങളുമാണ് കേരളത്തിൽ ഉണ്ടായിരുന്നത്. എന്നാൽ 2024-ലിത് 32361 റോഡപകടങ്ങളും 2501 റോഡപകട മരണങ്ങളുമായി വർധിച്ചിരിക്കുന്നു, എങ്കിലും കഴിഞ്ഞ മൂന്ന് വർഷത്തെ അപേക്ഷിച്ച് കേരളത്തിൽ റോഡപകടങ്ങളും അതിനെ തുടർന്നുള്ള മരണങ്ങളും കുറഞ്ഞു വരുന്നു എന്നത് സന്തോഷകരമാണ് (പട്ടിക 1.2).

**പട്ടിക 1.2: കേരളത്തിലെ റോഡപകട സ്ഥിതിവിവരക്കണക്ക്, 2016-2024**

| വർഷം | അപകടങ്ങൾ | മരണം | പരിക്ക് |
|---|---|---|---|
| 2016 | 39420 | 4287 | 44108 |
| 2017 | 38470 | 4131 | 42671 |
| 2018 | 40181 | 4303 | 45458 |
| 2019 | 41111 | 4440 | 46055 |
| 2020 | 27877 | 2979 | 30510 |
| 2021 | 33296 | 3429 | 40204 |
| 2022 | 43910 | 4317 | 49307 |
| 2023 | 48091 | 4080 | 54320 |
| 2024 | 32361 | 2501 | 36126 |

അവലംബം: https: //keralapolice.gov.in/crime/road-accidents.

2013-ൽ നിലവിൽ വന്ന, ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം (RFCTLARR Act 2013), വ്യവസായവൽക്കരണത്തിനും പശ്ചാത്തല സൗകര്യ വികസനത്തിനും നഗരവൽക്കരണത്തിനുമായി മാനുഷികവും, പങ്കാളിത്ത സ്വഭാവത്തോടുകൂടിയതും, സുതാര്യവുമായ ഒരു ഭൂമി ഏറ്റെടുക്കൽ നടപടി ഉറപ്പുവരുത്തുന്നു. ഭൂവുടമകളുൾപ്പെടെ പദ്ധതിബാധിതരാകുന്ന എല്ലാത്തരം ജനങ്ങളെയും ഏറ്റവും കുറച്ച് ബുദ്ധിമുട്ടിക്കുന്ന തരത്തിലാകണം ഭൂമി ഏറ്റെടുക്കേണ്ടതെന്ന് നിയമത്തിന്റെ ആമുഖത്തിൽ പറയുന്നുണ്ട്. നിയമത്തിലെ അനുച്ഛേദം 2 (1) പ്രകാരം, ഈ നിയമത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന വ്യവസ്ഥകൾ, സർക്കാർ സ്വന്തമാവശ്യങ്ങൾക്കായോ പൊതു ആവശ്യങ്ങൾക്കായോ (public purpose) പൊതുമേഖലാ സ്ഥാപനങ്ങളുടെ ആവശ്യങ്ങൾക്കായോ നടപ്പിലാക്കുന്ന ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ടതാണ്. അനുച്ഛേദം 2 (b) (i) നിർവ്വചിക്കുന്ന പൊതു ആവശ്യങ്ങളിൽ, ഇന്ത്യൻ ഗവൺമെന്റിന്റെ സാമ്പത്തികകാര്യ വകുപ്പ് (അടിസ്ഥാന സൗകര്യവിഭാഗം) 27.03.2012 തീയതിയിലെ 13-6-2009-I.N.F. എന്ന വിജ്ഞാപനത്തിൽ ലിസ്റ്റ് ചെയ്തിട്ടുള്ള പ്രവൃത്തികളും ഇനങ്ങളും ഉൾപ്പെടുന്നു. ഈ വിജ്ഞാപനത്തിന്റെ ഒന്നാം സൂചനയിൽ പ്രതിപാദിച്ചിരിക്കുന്ന ഗതാഗത വിഭാഗത്തിലാണ് റോഡ് വികസനം ഉൾപ്പെട്ടിരിക്കുന്നത്. കേരള സർക്കാർ, റോഡ് വികസന പദ്ധതികൾക്കായി രൂപീകരിച്ച കെ.ആർ.എഫ്.ബി. എന്ന സ്പെഷ്യൽ പർപ്പസ് വെഹിക്കിളാണ് നിർദ്ദിഷ്ട പദ്ധതി, കണ്ണൂർ ജില്ലയിലെ പള്ളിക്കുന്ന്, അഴീക്കോട് സൗത്ത് വില്ലേജുകളിൽപ്പെട്ട തീരദേശ ഹൈവേ നിർമ്മാണം (പയ്യാമ്പലം-നീർക്കടവ് റീച്ച്) നടപ്പിലാക്കുന്നത്. ഈ പശ്ചാത്തലത്തിൽ, കെ.ആർ.എഫ്.ബി. നടപ്പിലാക്കുന്ന ഈ വികസന പദ്ധതി പൊതു ആവശ്യത്തിന്റെ പരിധിയിൽ വരുന്നു.

### 1.3 പദ്ധതിയുടെ വിശദാംശങ്ങൾ

ഗസറ്റ് നോട്ടിഫിക്കേഷൻ പ്രകാരം, നിർദ്ദിഷ്ട റോഡ് കണ്ണൂർ ജില്ലയിലെ കണ്ണൂർ കോർപ്പറേഷനിലെ പള്ളിക്കുന്ന് വില്ലേജിലും, അഴീക്കോട് ഗ്രാമപഞ്ചായത്തിലെ അഴീക്കോട് സൗത്ത് വില്ലേജിലും ഉൾപ്പെടുന്ന ഏകദേശം 4.2256 ഹെക്ടർ ഭൂമിയാണ് പദ്ധതി പ്രദേശം. അറബിക്കടലിന് സമാന്തരമായി പായ്യാമ്പലം മുതൽ നീർക്കടവ് വരെ ബീച്ചിനോട് ചേർന്നാണ് കോസ്റ്റൽ ഹൈവെ നിർമ്മിക്കുന്നത്. നിലവിൽ ഉള്ള ബീച്ച് റോഡ് ആണ് കോസ്റ്റൽ ഹൈവെ ആയി വികസിപ്പിക്കുന്നതിന് കേരള റോഡ് ഫണ്ട് ബോർഡ് (കെ.ആർ.എഫ്.ബി) പ്ലാൻ ചെയ്തിരിക്കുന്നത്.

ലൊക്കേഷൻ മാപ്പ് - പയ്യാമ്പലം മുതൽ നീർക്കടവ് വരെയുള്ള തീരദേശ ഹൈവേ




### 1.4 ഏറ്റെടുക്കുന്ന ഭൂമിയുടെ അളവ്

ആകെ വീതി 14 മീറ്ററും, 7 മീറ്റർ ക്യാരേജ് വേയുമായുള്ള തീരദേശ ഹൈവേ (പയ്യാമ്പലം-നീർക്കടവ് റീച്ച്) നിർമ്മാണത്തിനായി ഏറ്റെടുക്കുന്ന ഭൂമിയുടെ ഏകദേശ വിസ്തൃതി 4.2256 ഹെക്ടർ ആണ്

### 1.5 പദ്ധതി ചെലവ്

വിവരങ്ങൾ ലഭ്യമല്ല

### 1.6 പദ്ധതിയുടെ രൂപരേഖ വിവരങ്ങൾ

വിവരങ്ങൾ ലഭ്യമല്ല

### 1.7 പദ്ധതി നടപ്പാക്കുന്നതിലുള്ള വെല്ലുവിളികൾ

വിവരങ്ങൾ ലഭ്യമല്ല

### 1.8 പദ്ധതിയുടെ നിർമ്മാണ ഘട്ടങ്ങൾ

വിവരങ്ങൾ ലഭ്യമല്ല

### 1.9 ആവശ്യമായ തൊഴിൽ ശക്തി

വിവരങ്ങൾ ലഭ്യമല്ല

### 1.10 ഇതര സാധ്യതകൾ

നിലവിലുള്ള റോഡിന്റെ തന്നെ വികസനമാണ് ഈ പദ്ധതിയിലൂടെ പ്രധാനമായും ലക്ഷ്യമാക്കുന്നത് എന്നതിനാൽ മറ്റ് സാധ്യതകൾ ഈ പദ്ധതിയുടെ ഭാഗമായി പരിഗണിച്ചതായി അർത്ഥനാധികാരി അറിയിച്ചിട്ടില്ല.

### 1.11 ആവശ്യമായ അനുബന്ധ അടിസ്ഥാന സൗകര്യങ്ങൾ

നിർദ്ദിഷ്ട റോഡ്, വാഹന ഗതാഗതത്തിനായി ഉപയോഗിക്കുന്നവരുടെ എണ്ണം വളരെ അധികമാണ്. വ്യാപാര-വാണിജ്യ ആവശ്യങ്ങൾക്കും പൊതുഗതാഗതത്തിനും പ്രദേശത്തുകാർ പ്രധാനമായി ആശ്രയിക്കുന്ന ഒരു റോഡാണിത്. അതുകൊണ്ടു തന്നെ പദ്ധതിയുടെ നിർവ്വഹണ ഘട്ടത്തിൽ, പൊതുജനങ്ങൾക്ക് തടസ്സമുണ്ടാകാത്ത വിധത്തിലുള്ള മുൻകരുതലുകൾ എടുക്കുന്നത് പദ്ധതി നിർവ്വഹണം അനായാസമാക്കുന്നതിനു സഹായകരമായിരിക്കും.

നിലവിലുള്ള ജലവിതരണ പൈപ്പ് ലൈനുകളും, കമ്മ്യൂണിക്കേഷനും മറ്റുമായുള്ള കേബിളുകളും, റോഡരികിൽ സ്ഥാപിച്ചിരിക്കുന്ന വൈദ്യുതി-ഇന്റർനെറ്റ്-കേബിൾ ടിവി മുതലായ ലൈനുകളും, ട്രാൻസ്ഫോർമറുകളും അവയുടെ സേവനം തടസ്സപ്പെടാതെ റോഡരികിലേക്ക് സുരക്ഷിതമായി മാറ്റുന്നതിനാവശ്യമായ നടപടികളെടുക്കണം.

### 1.12 മുമ്പേ നടത്തിയിട്ടുള്ള സാമൂഹ്യ-പാരിസ്ഥിതിക പ്രത്യാഘാത വിലയിരുത്തൽ/ സാങ്കേതിക സാധ്യതാ പഠനങ്ങളുടെ വിവരങ്ങൾ

വിവരങ്ങൾ ലഭ്യമല്ല

### 1.13 ബാധകമായ നിയമങ്ങളും നയങ്ങളും

ഭൂമി ഏറ്റെടുക്കലും, പുനരധിവാസവും, പുനസ്ഥാപനവുമായി ബന്ധപ്പെട്ട്, നിർദ്ദിഷ്ട പദ്ധതിക്ക് പ്രസക്തമായ നിയമങ്ങളും നയങ്ങളും താഴെ കൊടുത്തിരിക്കുന്നു.

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള കേന്ദ്ര ഗവൺമെന്റിന്റെ അവകാശ നിയമം, 2013

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള കേരള ഗവൺമെന്റിന്റെ അവകാശ ചട്ടങ്ങൾ, 2015
- കേരള സർക്കാർ റവന്യൂ (ബി) വകുപ്പ് 23.09.2015-ലെ ഉത്തരവ് നമ്പർ GO(Ms)No.485/2015/RD പ്രകാരമുള്ള ഭൂമി ഏറ്റെടുക്കലിൽ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കുമുള്ള ഉത്തരവ്
- കേരള സർക്കാർ റവന്യൂ (ബി) വകുപ്പ് 29.12.2017-ലെ ഉത്തരവ് നമ്പർ GO(Ms)No.448/2017/RD പ്രകാരം കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനരധിവാസ പുനസ്ഥാപന പാക്കേജ് തീരുമാനിക്കുന്നതിനുള്ള ഉത്തരവ്
- കേരള സർക്കാർ റവന്യൂ (ബി) വകുപ്പ് 10.03.2023-ലെ ഉത്തരവ് നമ്പർ GO(Ms)No.50/2023/RD പ്രകാരം തീരദേശ ഹൈവേക്കായി ഭൂമി ഏറ്റെടുക്കുന്നതിലൂടെ കുടിയൊഴിപ്പിക്കുന്നവരുടെ പുനരധിവാസ പുനസ്ഥാപനത്തിനായുള്ള പ്രത്യേക പാക്കേജ് തീരുമാനിക്കുന്നതിനുള്ള ഉത്തരവ്.

# പഠനസംഘം, പഠന സമീപനം, രീതിശാസ്ത്രം, സമയവിവരപ്പട്ടിക

## അധ്യായം 2

### 2.1 ആമുഖം

RFCTLARR നിയമം 2013-ന്റെ അനുച്ഛേദം 4 (1) അനുസരിച്ച് പൊതു ആവശ്യങ്ങൾക്കായി ഭൂമി ഏറ്റെടുക്കാൻ തീരുമാനിച്ചുകഴിഞ്ഞാൽ സർക്കാർ അതാത് തദ്ദേശ സ്ഥാപനങ്ങളുമായി യോജിച്ച് ഒരു സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തണം. അത്തരത്തിലുള്ള ഒരു പഠനം, പാരിസ്ഥിതികവും സാമൂഹികവും സാംസ്കാരികവും സാമ്പത്തികവുമായ ഒരു സുസ്ഥിര പദ്ധതി നിർവ്വഹണത്തെ സഹായിക്കും. പദ്ധതിയുടെ നിർമ്മാണ-നിർവ്വഹണ ഘട്ടങ്ങളിൽ പൊതുജനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനും ഇത്തരം പഠനത്തിലൂടെ കഴിയും. ഈ നിബന്ധന പാലിക്കുന്നതിന്റെ ഭാഗമായി, കണ്ണൂർ ജില്ലയിലെ കണ്ണൂർ താലൂക്കിൽ ഉൾപ്പെടുന്ന പള്ളിക്കുന്ന്, അഴീക്കോട് സൗത്ത് വില്ലേജുകളിൽപ്പെട്ട തീരദേശ ഹൈവേ (പയ്യാമ്പലം-നീർക്കടവ് റീച്ച്) നിർമ്മാണവുമായി ബന്ധപ്പെട്ടുള്ള സ്ഥലമേറ്റെടുപ്പിന്റെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനും, സാമൂഹ്യ പ്രത്യാഘാത മാനേജ്മെന്റ് പ്ലാൻ (Social Impact Management Plan) തയ്യാറാക്കുന്നതിനുമായി, 23.08.2025-ലെ കേരള ഗസറ്റ് വിജ്ഞാപനം (അസാധാരണം വാല്യം 14, നമ്പർ 3054) വഴി, സെന്റർ ഫോർ സോഷ്യോ-ഇക്കണോമിക് ആന്റ് എൻവയണ്മെന്റൽ സ്റ്റഡീസിനെ (CSES) ചുമതലപ്പെടുത്തുകയുണ്ടായി.

### 2.2 പഠന സംഘാംഗങ്ങളുടെ യോഗ്യത ഉൾപ്പെടെയുള്ള വിവരങ്ങൾ

നിയമവും ചട്ടങ്ങളും അനുശാസിക്കുന്ന നിബന്ധനകൾ പാലിച്ചുകൊണ്ട് പഠനത്തിനായി ഈ മേഖലയിലും സമാന മേഖലകളിലും പരിചയസമ്പത്തുള്ളവരെയും മതിയായ യോഗ്യതയുള്ളവരെയും ഉൾപ്പെടുത്തി 8 പേരടങ്ങിയ പഠന സംഘം രൂപീകരിച്ചു. ഓരോ സംഘാംഗത്തിനും പ്രത്യേക ചുമതലകളും ഉത്തരവാദിത്വങ്ങളും നൽകുകയും ചെയ്തു. പഠന സംഘത്തിന്റെ വിശദാംശങ്ങൾ പട്ടിക 2.1-ൽ നൽകിയിരിക്കുന്നു.

**പട്ടിക 2.1: സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം**

| ക്ര.നം. | പേര് | വിദ്യാഭ്യാസ യോഗ്യത | പദവി | പ്രവൃത്തി പരിചയം |
|---|---|---|---|---|
| 1. | കെ.കെ.കൃഷ്ണകുമാർ | ബി.ടെക്., എം.ബി.എ. | ചെയർപേഴ്സൺ | 27 വർഷം |
| 2. | ജയൻ കെ.എം. | എം.എസ്.ഡബ്ല്യൂ. | ടീം ലീഡർ | 23 വർഷം |
| 3. | ഡോ. ബിബിൻ തമ്പി | പി.എച്ച്.ഡി. റൂറൽ ഡെവലപ്മെന്റ് | സോഷ്യൽ സയന്റിസ്റ്റ് | 20 വർഷം |
| 4. | റംഷാദ് എം. | എം.എസ്.ഡബ്ല്യൂ. | ഫീൽഡ് കോർഡിനേറ്റർ | 8 വർഷം |
| 5. | സ്വാതി മോഹനൻ | എം.എസ്.സി. സ്റ്റാറ്റിസ്റ്റിക്സ് | സ്റ്റാറ്റിസ്റ്റീഷ്യൻ | 10 വർഷം |
| 6. | ദീപിക പി. എസ്. | ബി.കോം. | പ്രൊജക്റ്റ് അസിസ്റ്റന്റ് | 7 വർഷം |
| 7. | ഭാഗ്യശ്രീ ബാലകൃഷ്ണൻ | എം.എസ്.ഡബ്ല്യൂ. | ഇൻവെസ്റ്റിഗേറ്റർ | 1 വർഷം |
| 8. | നിരഞ്ജന സി. വി. | എം.എസ്.ഡബ്ല്യൂ. | ഇൻവെസ്റ്റിഗേറ്റർ | 1 വർഷം |

## 2.3 പഠനത്തിനുപയോഗിച്ച രീതിശാസ്ത്രത്തെക്കുറിച്ചും വിവരശേഖരണ രീതികളെക്കുറിച്ചുമുള്ള വിശദീകരണവും യുക്തിയും

കേരള RFCTLARR ചട്ടം 2015-ലെ അനുച്ഛേദം 12 പ്രകാരം, പദ്ധതിപ്രദേശം സന്ദർശിച്ച് ശേഖരിക്കുന്ന ആവശ്യമായ ക്വാണ്ടിറ്റേറ്റീവും ക്വാളിറ്റേറ്റീവുമായ വസ്തുതകളെ വിലയിരുത്തിക്കൊണ്ടാവണം ഒരു സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ട് തയ്യാറാക്കേണ്ടത്. ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ, പങ്കാളിത്ത ഗ്രാമീണ വിലയിരുത്തൽ രീതികൾ, അഭിമുഖങ്ങൾ എന്നിവയും വിവരശേഖരണത്തിനായി ഉപയോഗിക്കാം. നിർദ്ദേശിക്കപ്പെട്ട ഒരു പദ്ധതിയുടെ അനുകൂലവും പ്രതികൂലവുമായ പ്രത്യാഘാതങ്ങൾ വിലയിരുത്തുക എന്നതാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം ലക്ഷ്യം വെക്കുന്നത്. ഈ ലക്ഷ്യം പൂർത്തീകരിക്കുന്നതിനായി സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനവും, വിവരശേഖരണ രീതിയും, RFCTLARR നിയമം 2013-ഉം കേരള RFCTLARR ചട്ടം 2015-ഉം അനുശാസിക്കുന്ന തരത്തിൽ രൂപകല്പന ചെയ്തു. ഫോക്കസ് ഗ്രൂപ്പ് ചർച്ചകളും അഭിമുഖവുമടക്കമുള്ള ക്വാളിറ്റേറ്റീവ് വിവരശേഖരണ രീതികളും, ഫീൽഡ് സർവേ പോലുള്ള ക്വാണ്ടിറ്റേറ്റീവ് വിവരശേഖരണ രീതിയും, വിവിധ രേഖകളും റിപ്പോർട്ടുകളും പരിശോധിക്കുന്നതടക്കമുള്ള ഡെസ്ക് റിസർച്ച് രീതിയും ഒരുമിച്ചുചേർത്തുള്ള ഒരു പഠനരീതിയാണ് ഇതിനായി അവലംബിച്ചത്. പ്രാഥമിക സ്രോതസ്സുകളും ദ്വിതീയ സ്രോതസ്സുകളും വിവരശേഖരണത്തിനായി ഉപയോഗപ്പെടുത്തുകയുണ്ടായി.

ചോദ്യാവലികളും മറ്റ് പഠനസങ്കേതങ്ങളും നിശ്ചയിക്കുന്നതിനുമുമ്പ്, പഠന സംഘം പദ്ധതി പ്രദേശത്ത് പ്രാഥമിക സന്ദർശനം നടത്തുകയും, പദ്ധതിയുമായി ബന്ധപ്പെട്ട് ലഭ്യമായ വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു. ഇതോടൊപ്പം പ്രാഥമിക ഘട്ടത്തിൽ തന്നെ, തല്പരകക്ഷികളുമായും പദ്ധതി ബാധിത കുടുംബങ്ങളുടെ പ്രതിനിധികളുമായും ജനപ്രതിനിധികളുമായും പ്രാരംഭ ചർച്ചകളും നടത്തുകയുണ്ടായി.

പൈലറ്റ് സ്റ്റഡി ഉൾപ്പെടെ പൂർത്തിയാക്കി തയ്യാറാക്കിയ ചോദ്യാവലി ഉപയോഗിച്ച്, പദ്ധതി ബാധിത വ്യക്തികളുമായും കുടുംബങ്ങളുമായും ബന്ധപ്പെട്ട വിവരങ്ങൾ ഓരോ വീടുകളിലും സ്ഥാപനങ്ങളിലും നേരിട്ട് പോയി, ഫീൽഡ് സർവേ വഴി ശേഖരിക്കുകയുണ്ടായി. പരിചയസമ്പന്നരായ ഇൻവെസ്റ്റിഗേറ്റർമാരാണ് സർവേ നടത്തിയത്. ഇൻവെസ്റ്റിഗേറ്റർമാർക്ക് സർവേക്ക് മുമ്പ് രണ്ടു ദിവസത്തെ പരിശീലനം നൽകുകയും ചെയ്തിരുന്നു.

പദ്ധതി ബാധിതരുടെയും മറ്റു തല്പരകക്ഷികളുടെയും കാഴ്ചപ്പാടുകളും ഉത്ക്കണ്ഠകളും മനസ്സിലാക്കാനായി ഫോക്കസ് ഗ്രൂപ്പ് ചർച്ചകളും പഠന സംഘം നടത്തുകയുണ്ടായി. ഇതിനുപുറമെ ജനപ്രതിനിധികളുമായും, പ്രദേശത്തെ മറ്റ് പ്രധാന വ്യക്തികളുമായും വിശദമായ അഭിമുഖങ്ങളും നടത്തുകയുണ്ടായി. കൂടാതെ, പൊതുജനങ്ങൾക്കും തല്പരകക്ഷികൾക്കുമായി അഴീക്കോട് പഞ്ചായത്ത് പരിധിയിലും കണ്ണൂർ കോർപറേഷൻ പരിധിയിലും പ്രത്യേക പബ്ലിക് ഹിയറിങ്ങുകളും നടത്തുന്നു. ഇത്തരത്തിൽ ശേഖരിച്ച വിവരങ്ങളാണ് സാമൂഹ്യ പ്രത്യാഘാത മാനേജ്മെന്റ് പ്ലാനിന്റെ (SIMP) അടിത്തറയായി മാറുന്നത്.

## 2.4 പഠനത്തിനുപയോഗിച്ച വിവരശേഖരണരീതി

പദ്ധതി ഓരോ കുടുംബത്തെയും വ്യത്യസ്ത രീതിയിലാണ് ബാധിക്കുന്നതെന്നതുകൊണ്ട് പദ്ധതി ബാധിതരായ മുഴുവൻ കുടുംബങ്ങളിൽ നിന്നും ഫീൽഡ് സർവേയിലൂടെ നേരിട്ട് വിവരങ്ങൾ ശേഖരിക്കാമെന്ന് പഠന സംഘം തീരുമാനിച്ചു. മുൻകൂട്ടി തയ്യാറാക്കിയ ചോദ്യാവലി ഉപയോഗിച്ച്, പദ്ധതി ബാധിതമായിട്ടുള്ള ഓരോ പ്ലോട്ടുകളുടെയും ഉടമസ്ഥരെ നേരിട്ട് സന്ദർശിച്ചും, നേരിൽ കാണാൻ സാധിക്കാത്തവരെ ഫോണിൽ ബന്ധപ്പെട്ടും സർവേ നടത്തിക്കൊണ്ടാണ് പഠന സംഘം വിവരങ്ങൾ ശേഖരിച്ചത്.

കേരള RFCTLARR ചട്ടം 2015-ലെ ഫോം നമ്പർ 6 പ്രകാരം പദ്ധതിബാധിതരെ, പദ്ധതി നേരിട്ട് ബാധിക്കുന്നവരെന്നും പദ്ധതി പരോക്ഷമായി ബാധിക്കുന്നവരെന്നും രണ്ടായി തിരിച്ചിരിക്കുന്നു. പദ്ധതി പ്രദേശത്തെ ഭൂമിയിൽ ഉടമസ്ഥതയുള്ള കുടുംബങ്ങളെയാണ് പദ്ധതി നേരിട്ട് ബാധിക്കുന്ന കുടുംബങ്ങളെന്ന് നിർവ്വചിച്ചിരിക്കുന്നത്. പദ്ധതി പ്രദേശത്തെ ഭൂമിയിൽ ഉടമസ്ഥത ഇല്ലാത്ത, എന്നാൽ മൂന്ന് വർഷമോ അതിലധികമോ കാലം വാടകക്കാരെന്ന നിലയിലോ ഉപജീവനമാർഗമെന്ന നിലയിലോ (ഉദാ: പദ്ധതി പ്രദേശത്തെ വാണിജ്യ-വ്യാപാര സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾ, മൽസ്യബന്ധനവുമായി ബന്ധപ്പെട്ട തൊഴിൽ ചെയ്യുന്നവർ തുടങ്ങിയവർ..), പദ്ധതി പ്രദേശവുമായി ബന്ധപ്പെട്ടിരിക്കുന്നവരെ പദ്ധതി പരോക്ഷമായി ബാധിക്കുന്ന കുടുംബങ്ങളെന്നും നിർവ്വചിച്ചിരിക്കുന്നു. പദ്ധതി പ്രദേശത്ത് ഭൂവുടമസ്ഥതയുള്ള കുടുംബങ്ങളിൽ നിന്നും വാടകക്കാരിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും, ചോദ്യാവലി ഉപയോഗിച്ച് അവരുടെ പ്ലോട്ടുകളുടെയും കുടുംബങ്ങളുടെയും വിശദവിവരങ്ങളും, സ്ഥലമേറ്റെടുപ്പ് അവർക്കു മേൽ സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങളുടെ വിശദാംശങ്ങളും ശേഖരിക്കുകയുണ്ടായി.

പദ്ധതി ബാധിതരായ എല്ലാ കുടുംബങ്ങളെയും നേരിൽ കണ്ട് വിവരങ്ങൾ ശേഖരിക്കാനുള്ള എല്ലാ ഉദ്യമവും പഠന സംഘം നടത്തുകയുണ്ടായി. പ്രദേശത്ത് ഫീൽഡ് സർവേ തുടങ്ങുന്നതിനു മുന്നോടിയായി, പദ്ധതി പ്രദേശത്തെ ജനപ്രതിനിധികളെയും നേരിൽകണ്ടോ ഫോൺ വഴിയോ ബന്ധപ്പെടുകയും, അതാത് വാർഡുകൾ സന്ദർശിക്കുന്ന വിവരം പദ്ധതിബാധിതരെ മുൻകൂട്ടി അറിയിക്കുന്നതിനായി സഹായം അഭ്യർത്ഥിക്കുകയും ചെയ്തു. സർവേയിൽ പങ്കെടുക്കാൻ താല്പര്യക്കുറവ് കാണിച്ചവരെ ഒഴിച്ച് മറ്റെല്ലാ ഭൂവുടമസ്ഥരെയും വാടകക്കാരെയും നേരിൽ ബന്ധപ്പെട്ട് പഠന സംഘം വിവരങ്ങൾ ശേഖരിച്ചു. നേരിൽ കാണുവാൻ സാധിക്കാത്ത പദ്ധതി ബാധിതരെ ടെലിഫോൺ വഴി ബന്ധപ്പെട്ടും വിവരങ്ങൾ ശേഖരിച്ചു.

## 2.5 വിവരസ്രോതസ്സുകൾ

പ്രാഥമിക സ്രോതസ്സുകളെയും ദ്വിതീയ സ്രോതസ്സുകളെയും വിവരശേഖരണത്തിനായി പഠന സംഘം ആശ്രയിക്കുകയുണ്ടായി. പദ്ധതി ബാധിതർ, എൽ.എ. സ്പെഷ്യൽ തഹസീൽദാർ, അർത്ഥനാധികാരിയായ കെ.ആർ.എഫ്.ബി. ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, കുടുംബശ്രീ സി.ഡി.എസ്./എ.ഡി.എസ്. പ്രതിനിധികൾ തുടങ്ങിയവരെ നേരിൽ കണ്ട് ശേഖരിച്ച വിവരങ്ങളാണ് പ്രാഥമിക സ്രോതസ്സുകളിൽ നിന്നുള്ള വിവരങ്ങൾ. പദ്ധതിയുടെ വിശദാംശങ്ങളടങ്ങിയ മറ്റ് പ്രസക്തമായ രേഖകൾ, റിപ്പോർട്ടുകൾ തുടങ്ങിയ ദ്വിതീയ വിവരങ്ങൾ റവന്യൂ വകുപ്പിൽ നിന്നും കെ.ആർ.എഫ്.ബി.യിൽ നിന്നും ഗ്രാമ പഞ്ചായത്തുകളിൽ നിന്നും വിവിധ വെബ്സൈറ്റുകളിൽ നിന്നും ശേഖരിക്കുകയുണ്ടായി. ഭൂമിയേറ്റെടുക്കലുമായി ബന്ധപ്പെട്ട നിയമങ്ങളും ചട്ടങ്ങളും വിവിധ സർക്കാർ ഉത്തരവുകളും പഠനാവശ്യത്തിനായി പരിശോധിക്കുകയുണ്ടായി.

## 2.6 തല്പരകക്ഷികളുമായി നടത്തിയ കൂടിയാലോചനകളുടെ സമയവിവരപ്പട്ടികയും പബ്ലിക് ഹിയറിങ്ങിന്റെ സംക്ഷിപ്തവും

നേരത്തെ സൂചിപ്പിച്ചതുപോലെ പദ്ധതിബാധിത പ്രദേശങ്ങൾ സന്ദർശിക്കൽ, വിവിധ സ്റ്റേക്ക് ഹോൾഡേഴ്സുമായുള്ള ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ, വിശദമായ അഭിമുഖങ്ങൾ, ഫീൽഡ് സർവേ, പബ്ലിക് ഹിയറിങ്ങ് എന്നീ രീതികൾ വിവരശേഖരണത്തിനായി പഠനസംഘം അവലംബിച്ചിരുന്നു. ഓരോ പ്രവർത്തനങ്ങളുടെയും സമയവിവരങ്ങൾ പട്ടിക 2.2-ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 2.2: പഠനവുമായി ബന്ധപ്പെട്ട് നടത്തിയ വിവിധ പ്രവർത്തനങ്ങളും അവയുടെ സമയവിവരപ്പട്ടികയും**

| തീയതി | പ്രവർത്തനങ്ങൾ |
|---|---|
| 23.08.2025 | സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനായി സി.എസ്.ഇ.എസിനെ ചുമതലപ്പെടുത്തിക്കൊണ്ടുള്ള ഗസറ്റ് വിജ്ഞാപനം കേരള സർക്കാർ പുറപ്പെടുവിച്ചു. |
| 31.08.2025 | സാമൂഹ്യ ആഘാത പഠനം ആരംഭിക്കുന്നതിനുള്ള കത്ത് ജില്ല കളക്ടറിൽ നിന്നും ലഭിച്ചു. |
| 02.09.2025 | പദ്ധതിയുമായി ബന്ധപ്പെട്ട റിപ്പോർട്ടുകളും രേഖകളും വിവിധ ഓഫീസുകളിൽ നിന്നും ശേഖരിച്ചു. |
| 03.09.2025 | പഠന സംഘം പദ്ധതി പ്രദേശത്ത് ഫീൽഡ് വിസിറ്റ് നടത്തി. |
| 16.09.2025 | സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന വിവരം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ജനപ്രതിനിധികൾ എന്നിവരെ അറിയിച്ചു. |
| 17.09.25 – 30.09.25 | ജനപ്രതിനിധികൾ, മറ്റ് ബന്ധപ്പെട്ടവർ എന്നിവരുമായുള്ള ഫോക്കസ് ഗ്രൂപ്പ് ചർച്ച നടത്തി. |
| 19.09.25 | ഫീൽഡ് സർവേ ചോദ്യാവലിയുടെ പൈലറ്റ് ടെസ്റ്റിംഗ് നടത്തി. |
| 21.09.25 | ഫീൽഡ് സർവേ നടത്തുന്ന ഇൻവെസ്റ്റിഗേറ്റർമാർക്കുള്ള പരിശീലനം നടത്തി. |
| 22.09.25 – 09.10.25 | ഫീൽഡ് സർവേ നടത്തി. |
| 10.10.25 | കരട് റിപ്പോർട്ട്, പബ്ലിക് ഹിയറിങ്ങിനുള്ള നോട്ടിഫിക്കേഷൻ എന്നിവ പ്രസിദ്ധീകരിച്ചു. |
| 10.11.25 &11.11.25 | പബ്ലിക് ഹിയറിങ്ങുകൾ നടത്തുന്നു. |

പദ്ധതിബാധിതരുടെ കാഴ്ചപ്പാടുകളും ഉത്കണ്ഠകളും മനസ്സിലാക്കുന്നതിനായി പദ്ധതി പ്രദേശത്ത് പബ്ലിക്ക് ഹിയറിങ്ങ് നടത്തണമെന്ന് RFCTLARR നിയമം 2013-ലെ അനുച്ഛേദം 5 അനുശാസിക്കുന്നു. ഇതുപ്രകാരം കേരള RFCTLARR ചട്ടം 2015-ലെ അനുച്ഛേദം 14-ൽ നൽകിയിരിക്കുന്ന വിശദമായ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട്, പദ്ധതി പ്രദേശം ഉൾപ്പെടുന്ന അഴീക്കോട് പഞ്ചായത്ത് പരിധിയിലും കണ്ണൂർ കോർപറേഷൻ പരിധിയിലും നവംബർ 10,11 തീയതികളിലായി പബ്ലിക്ക് ഹിയറിങ്ങുകൾ നടത്തുന്നു.

പബ്ലിക് ഹിയറിങ്ങിൽ അവതരിപ്പിക്കുന്ന സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ കരട് റിപ്പോർട്ട്, ഡെപ്യൂട്ടി കളക്ടർ - എൽ.എ., സ്പെഷ്യൽ തഹസീൽദാർ - എൽ.എ. - തീരദേശ ഹൈവേ വികസനം, എക്സിക്യൂട്ടീവ് എഞ്ചിനീയർ - കെ.ആർ.എഫ്.ബി. എന്നീ ഓഫീസുകളിലും അഴീക്കോട് പഞ്ചായത്ത് ഗ്രാമ പഞ്ചായത്ത് കണ്ണൂർ കോർപറേഷൻ, കണ്ണൂർ താലൂക്ക് ഓഫീസ്, പള്ളിക്കുന്ന്, അഴീക്കോട് സൗത്ത് വില്ലേജ് ഓഫീസുകളിലും, ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ എസ്.ഐ.എ. പഠന യൂണിറ്റായ സി.എസ്.ഇ.എസിന്റെ വെബ്സൈറ്റിലും കരട് റിപ്പോർട്ട് പ്രസിദ്ധീകരിക്കുകയുണ്ടായി.

# പദ്ധതി ബാധിത പ്രദേശം - വിലയിരുത്തൽ

## അധ്യായം 3

### 3.1 പ്രദേശത്തെക്കുറിച്ചുള്ള വിവരണം

തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള തീരദേശ ഹൈവേയുടെ ഭാഗമായി കണ്ണൂർ ജില്ലയിൽ, കണ്ണൂർ കോർപറേഷനിലെ പയ്യാമ്പലത്ത് നിന്ന് തുടങ്ങി അഴീക്കോട് ഗ്രാമ പഞ്ചായത്തിലെ നീർക്കടവ് വരെയുള്ള തീരദേശ ഹൈവേ വികസന പദ്ധതിയാണിത്. കേരളത്തിലെ തീരദേശ ഗ്രാമങ്ങളെ തമ്മിലും ഹാർബറുകളെ തമ്മിലും ബന്ധിപ്പിക്കുക, തീരദേശ വിനോദസഞ്ചാര മേഖലയെ പരിപോഷിപ്പിക്കുക തുടങ്ങിയവയാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ. അടിയന്തിര ഘട്ടങ്ങളിൽ ദേശീയ പാത 66 ന് ബദലായി തീരദേശ പാതയെ ഉപയോഗിക്കുക എന്നുള്ളതും ഒരു ലക്ഷ്യമാണ്.

പയ്യമ്പലം – നീർക്കടവ് റീച്ചിൽ നിലവിലുള്ള ബീച്ച് റോഡിൻ്റെ ഇരുവശത്തുനിന്നുമാണ് ഏകദേശം 4.2 കിലോമീറ്ററിലായി 4.2256 ഹെക്ടർ ഭൂമി ഈ പദ്ധതിക്കായി ഏറ്റെടുക്കേണ്ടിവരിക. കണ്ണൂർ കോർപറേഷൻ, അഴീക്കോട് ഗ്രാമ പഞ്ചായത്ത് (പള്ളിക്കുന്ന്, അഴീക്കോട് സൗത്ത് വില്ലേജുകൾ) എന്നിവിടങ്ങളിൽ ഉൾപ്പെടുന്നതാണ് പദ്ധതി പ്രദേശം. അറബിക്കടലിന് സമാന്തരമായാണ് 4.2 കിലോമീറ്റർ ദൈർഘ്യം ഉള്ള നിർദ്ദിഷ്ട തീരദേശ ഹൈവേ നിർമ്മിക്കുന്നത്. പയ്യാമ്പലം - നീർക്കടവ് ബീച്ച് റോഡിൻ്റെ ആരംഭത്തിൽ (വലത് ഭാഗം) ജനവാസം കുറവാണ്. ഇവിടെ പ്രധാനമായും ചെറുകിട കച്ചവടക്കാരും ഹോം ഹോംസ്റ്റേകളുമാണുള്ളത്. എന്നാൽ വടക്ക് ഭാഗമായ നീർക്കടവിൽ മൽസ്യബന്ധനവുമായി ബന്ധപ്പെട്ട കുടുംബങ്ങൾ താമസിക്കുന്നു. വീടുകൾ കൂടാതെ മൽസ്യ ബന്ധനത്തിനാവശ്യമായ സാധന സാമഗ്രികൾ സൂക്ഷിക്കുന്ന കെട്ടിടങ്ങളും വിവിധ രാഷ്ട്രീയ പാർട്ടികളുടെ ഓഫീസുകളും നീർക്കടവ് ഭാഗത്തെ പദ്ധതി പ്രദേശത്തുണ്ട്. പ്രസ്തുത ഹൈവെയുടെ ഇടത് ഭാഗം ബീച്ച് പ്രദേശമാണ്. ഈ ഭാഗം പൂർണ്ണമായും കടലോരമാണ്. അഴീക്കോട് സൗത്ത് വില്ലേജിൽ ഉൾപ്പെടുന്ന നീർക്കടവ് പ്രദേശം മൽസ്യ ബന്ധനം നടക്കുന്ന ഒരു പ്രദേശമാണ്.

**ചിത്രം 3.1: പദ്ധതി പ്രദേശം**



### 3.2 പദ്ധതി ബാധിത പ്രദേശം (Entire area of impact under the influence of the Project)

കണ്ണൂർ കോർപറേഷനിലെ 1,55 എന്നീ വാർഡുകളിലും അഴീക്കോട് ഗ്രാമ പഞ്ചായത്തിലെ 9, 10 വാർഡുകകളിലുമായാണ് പദ്ധതി പ്രദേശമുള്ളത്. ഇത് കണ്ണൂർ താലൂക്കിലെ പള്ളിക്കുന്ന്, അഴീക്കോട് സൗത്ത് എന്നീ വില്ലേജുകളിലുമാണ്. കണ്ണൂർ കോർപറേഷനിലെ പയ്യാമ്പലം മുതൽ അഴീക്കോട് ഗ്രാമപഞ്ചായത്തിലെ നീർക്കടവ് വരെ ഏകദേശം 4.2 കിലോമീറ്റർ നീളത്തിലാണ് ഈ വികസന പ്രവർത്തനം നടപ്പാക്കുന്നത്. ഈ വികസന പദ്ധതി നടപ്പിലാകുന്നതോടെ പ്രദേശത്തേക്ക് കൂടുതൽ വിനോദ സഞ്ചാരികളും വാഹനങ്ങളും എത്തുകയും ഇത് പരിസരങ്ങളിലെ വീട്ടിലുള്ളവർക്ക് കൂടുതൽ സാമ്പത്തിക വരുമാനത്തിന് കാരണമാവുകയും ചെയ്യും. എന്നാൽ റോഡിലെ ട്രാഫിക് വർധിക്കുന്നതോടെ റോഡിൽ വാഹനാപകടങ്ങൾക്കുള്ള സാധ്യതയും വർധിക്കുന്നു. നിർദ്ദിഷ്ട ഹൈവേ പൂർത്തീകരിക്കുന്നതോടെ 4.5 കിലോമീറ്റർ നീളത്തിൽ വളവുകളില്ലാത്ത നേരെയുള്ള വഴിയാണ് ഉണ്ടാവുക.

### 3.3 പദ്ധതിക്കാവശ്യമായ മൊത്തം ഭൂമി

കേരള സർക്കാർ റവന്യൂ വകുപ്പ് (ബി) 22.08.2025-ൽ പുറത്തിറക്കിയ ഗസറ്റ് വിജ്ഞാപനം (അസാധാരണം) സ.ഉ.(അച്ചടി)നം. 318/2025/റവ. പ്രകാരം, കണ്ണൂർ താലൂക്കിൽ പള്ളിക്കുന്ന്, അഴീക്കോട് സൗത്ത് എന്നീ വില്ലേജുകളിലായി 4.2256 ഹെക്ടർ ഭൂമിയാണ് പയ്യാമ്പലം മുതൽനീർക്കടവ് വരെയുള്ളതീരദേശ ഹൈവേ വികസനത്തിനായി ഏറ്റെടുക്കേണ്ടി വരിക. രണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലുമായി 101 പ്ലോട്ടുകളെയാണ് പദ്ധതി ബാധിക്കുന്നത്. പദ്ധതി ബാധിക്കുന്ന പ്ലോട്ടുകളുടെ എണ്ണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ച് പട്ടിക 3.1-ൽ നൽകിയിരിക്കുന്നു.

**പട്ടിക 3.1: എൽ.എസ്.ജി.ഐ. തിരിച്ച് പദ്ധതി ബാധിക്കുന്ന പ്ലോട്ടുകൾ**

| ഗ്രാമ പഞ്ചായത്ത് | പ്ലോട്ടുകൾ |
|---|---|
| കണ്ണൂർ കോർപറേഷൻ | 40 |
| അഴീക്കോട് ഗ്രാമ പഞ്ചായത് | 61 |
| **ആകെ** | **101** |

അവലംബം: ഫീൽഡ് സർവേ

### 3.4 പദ്ധതി പ്രദേശത്തിന്റെ സമീപത്ത് പൊതുജനങ്ങൾ ഉപയോഗിക്കുന്ന സ്ഥലം ഉണ്ടെങ്കിൽ അതിന്റെ നിലവിലെ ഉപയോഗം

പദ്ധതിക്കായി ഏറ്റെടുക്കുന്ന സ്ഥലം നിലവിലുള്ള റോഡിനിരുവശത്തുനിന്നുമാണ്. സ്ഥലത്ത് പ്രധാനമായും പാർപ്പിടാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളാണുള്ളത്. കൂടാതെ ടൂറിസവുമായി ബന്ധപ്പെട്ട ഹോംസ്റ്റേകളും ഉണ്ട്. ഇതുകൂടാതെ ബീച്ചിനോട് ചേർന്ന് മൽസ്യ ബന്ധനത്തിനുപയോഗിക്കുന്ന വലയും തുഴയും മറ്റ് ഉപകരണങ്ങളും സൂക്ഷിക്കുന്ന കെട്ടിടങ്ങളും മത-സമുദായ സ്ഥാപനങ്ങളുടെയും, രാഷ്ട്രീയ-സാമൂഹ്യ സംഘടനകളുടെയും, കീഴിലുള്ള ഭൂമികളെയും കെട്ടിടങ്ങളെയും പദ്ധതി ബാധിക്കുന്നുണ്ട്. നിലവിൽ വികസിപ്പിക്കുന്ന റോഡിൻ്റെ പടിഞ്ഞാറ് ഭാഗത്തായി തദ്ദേശ്ശീയരും വിനോദ സഞ്ചാരികളുമായ നിരവധി പേർ സയാഹ്നങ്ങളിൽ സമയം ചിലവഴിക്കാൻ എത്തുന്ന പയ്യാമ്പലം ബീച്ചും ഉണ്ട്.

### 3.5 പദ്ധതിക്കായി നിലവിൽ ഏതെങ്കിലും ഭൂമി വാങ്ങുകയോ ഏറ്റെടുക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ഓരോ പ്ലോട്ടിന്റെയും നിർദ്ദിഷ്ട ഉപയോഗം

പദ്ധതിക്കായി നിലവിൽ ഭൂമിയൊന്നും വാങ്ങുകയോ ഏറ്റെടുക്കുകയോ ചെയ്തിട്ടില്ല എന്ന് അർത്ഥനാധികാരികൾ അറിയിച്ചു.

### 3.6 പദ്ധതിക്ക് ഏറ്റെടുക്കുന്നതിനായി നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന ഭൂമിയുടെ അളവും സ്ഥാനവും

രണ്ട് റവന്യൂ വില്ലേജുകളിലായി 4.2256 ഹെക്ടർ സ്ഥലമാണ് നിർദ്ദിഷ്ട തീരദേശ ഹൈവേ വികസനത്തിനായി ഏറ്റെടുക്കുന്നത്. ഏറ്റെടുക്കാൻ നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന ഭൂമിയുടെ സ്ഥാനം പട്ടിക 3.2-ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 3.2: ഏറ്റെടുക്കാനുദ്ദേശിക്കുന്ന ഭൂമിയുടെ സ്ഥാനം**


| | |
|---|---|
| **ജില്ല** | കണ്ണൂർ |
| **താലൂക്ക്** | കണ്ണൂർ |
| **വില്ലേജുകൾ** | പള്ളിക്കുന്ന്, അഴീക്കോട് സൗത്ത് |
| **എൽ.എസ്.ജി.ഐ.** | **വാർഡുകൾ** |
| **കണ്ണൂർ കോർപറേഷൻ** | 1, 55 |
| **അഴീക്കോട്** | 9,10 |

അവലംബം: ഫീൽഡ് സർവേ

### 3.7 ഭൂമിയുടെ സ്വഭാവം, തരംതിരിവ്, നിലവിലെ ഉപയോഗം

പദ്ധതിക്കായി ഏറ്റെടുക്കുന്ന 52 ശതമാനം ഭൂമിയും ഉറസ്സയതാണ് 4 ശതമാനം കെട്ടിടങ്ങളുള്ളവയാണ്, 44 ശതമാനം ഭൂമി കൃഷിയുള്ളതും (ചിത്രം 3.2).

**ചിത്രം 3.2: പദ്ധതി പ്രദേശത്തെ ഭൂമിയുടെ സ്വഭാവം**




പദ്ധതി ബാധിക്കുന്ന മുഴുവൻ ഭൂമിയും പുരയിടം എന്ന വിഭാഗത്തിലാണ് വരുന്നത്. പദ്ധതി ബാധിക്കുന്ന ഭൂമിയുടെ തരം, ഗ്രാമ പഞ്ചായത്ത് തിരിച്ച് പട്ടിക 3.3-ൽ നൽകുന്നു.

**പട്ടിക 3.3 : പദ്ധതി ബാധിക്കുന്ന ഭൂമിയുടെ തരം**

| എൽ.എസ്.ജി.ഐ. | പുരയിടം |
|---|---|
| **കണ്ണൂർ കോർപറേഷൻ** | 36 |
| **അഴീക്കോട്** | 45 |
| **ആകെ** | 81 |
| ശതമാനം | 100.0 |

അവലംബം: ഫീൽഡ് സർവേ

പയ്യാമ്പലം മുതൽ നീർക്കടവ് വരെയുള്ള നിർദ്ദിഷ്ട തീരദേശ ഹൈവേ വികസനത്തിനായി ഏറ്റെടുക്കേണ്ട ഭൂമി പ്രധാനമായും നിലവിലുള്ള റോഡിന്റെ കിഴക്ക് ഭാഗത്താണ്. ഈ പ്രദേശങ്ങളിൽ വീടുകളും വ്യാപാര-വാണിജ്യ സ്ഥാപനങ്ങളും സ്ഥിതി ചെയ്യുന്നുണ്ട്. എങ്കിലും കിഴക്കു വശത്തെ അപേക്ഷിച്ച് റോഡിന്റെ പടിഞ്ഞാറുഭാഗത്ത് നിർമ്മാണങ്ങൾ കുറവാണ്. പുറമ്പോക്കിൽ നിർമ്മിച്ചിരിക്കുന്ന കെട്ടിടങ്ങളും വീടുകളുമാണ് ഈ ഭാഗത്ത് ഉള്ളത്. ഇത് അഴീക്കോട് പഞ്ചായത്തിലെ നീർക്കടവ് ഭാഗത്താണ്. ഇവിടെ പുറമ്പോക്കിൽ താമസിക്കുന്ന കുടുംബങ്ങൾക്ക് സംസ്ഥാന ഗവണ്മെൻ്റിൻ്റെ പുനർഗേഹം പദ്ധതിയിൽ വീടുകൾ അനുവദിച്ചിട്ടുള്ളതായി അറിയിച്ചു.

### കൈവശ ഭൂമിയുടെ വലിപ്പവും ഉടമസ്ഥതയുടെ രീതിയും

പദ്ധതി ബാധിതരുടെ കൈവശമുള്ള ഭൂമിയുടെ അളവ് പട്ടിക 3.4-ൽ നൽകിയിരിക്കുന്നു. പട്ടികയിൽ നിന്ന് മനസ്സിലാക്കാവുന്നതു പോലെ, 21% പദ്ധതി ബാധിതർക്കും അഞ്ചോ അതിൽ കുറവോ സെന്റ് ഭൂമി മാത്രമേ കൈവശമുള്ളൂ.

**പട്ടിക 3.4 : പദ്ധതി ബാധിതരുടെ കൈവശ ഭൂമിയുടെ അളവ്**

| എൽ.എസ്.ജി.ഐ. | 3 സെന്റ് വരെ | 3.01-5 സെന്റ് വരെ | 5.01 - 10 സെന്റ് വരെ | 10.01 - 15 സെന്റ് വരെ | 15.01 - 20 സെന്റ് വരെ | 20 സെന്റിന് മുകളിൽ | ആകെ |
|---|---|---|---|---|---|---|---|
| **കണ്ണൂർ കോർപറേഷൻ** | 0 | 2 | 9 | 2 | 3 | 20 | 36 |
| **അഴീക്കോട്** | 11 | 4 | 21 | 7 | 0 | 2 | 45 |
| **ആകെ** | 11 | 6 | 30 | 9 | 3 | 22 | 81 |
| ശതമാനം | 13.6 | 7.4 | 37.0 | 11.1 | 3.7 | 27.2 | 100.0 |

അവലംബം: ഫീൽഡ് സർവേ

**പട്ടിക 3.5 : പദ്ധതി ബാധിക്കുന്ന ഭൂമിയുടെ ഉടമസ്ഥത**

| എൽ.എസ്.ജി.ഐ. | സ്വകാര്യം |
|---|---|
| കണ്ണൂർ കോർപറേഷൻ | 36 |
| അഴീക്കോട് | 45 |
| **ആകെ** | 81 |

അവലംബം: ഫീൽഡ് സർവേ

നിർദ്ദിഷ്ട സ്ഥലമേറ്റെടുക്കൽ പദ്ധതി പ്രദേശത്തെ 31 കുടുംബങ്ങളുടെ ഉടമസ്ഥാവകാശത്തിലുള്ള കെട്ടിടങ്ങളെ പൂർണമായോ ഭാഗികമായോ ബാധിക്കുന്നു. പദ്ധതി ബാധിക്കുന്ന കെട്ടിടങ്ങളുടെ ഉടമസ്ഥത പട്ടിക 3.6 നൽകിയിരിക്കുന്നു.

**പട്ടിക 3.6 : പദ്ധതി ബാധിക്കുന്ന കെട്ടിടങ്ങളുടെ ഉടമസ്ഥത**

| എൽ.എസ്.ജി.ഐ. | സ്വകാര്യം |
|---|---|
| കണ്ണൂർ കോർപറേഷൻ | 19 |
| അഴീക്കോട് | 12 |
| **ആകെ** | 31 |

അവലംബം: ഫീൽഡ് സർവേ

### 3.9 പദ്ധതി പ്രദേശത്തെ ഭൂമിയുടെ വില, ഉടമസ്ഥതയിലും ഭൂവിനിയോഗത്തിലുമുണ്ടായ മാറ്റങ്ങൾ

പദ്ധതി പ്രദേശം ഉൾപ്പെടുന്ന വില്ലേജുകളിൽ കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി നടന്നിട്ടുള്ള സ്ഥല വില്പനകളിൽ, കോർപറേഷൻ ഭാഗത്തുള്ള സ്ഥലങ്ങൾ കൂടിയ വിലയിലും പഞ്ചായത്ത് ഭാഗത്തുള്ളവ കുറഞ്ഞ വിലയിലുമാണ് നടക്കാറുള്ളത്. അഴീക്കോട് വില്ലേജിൽ ഒരു ആറിന് 34,320 മുതൽ 61,776 രൂപയാണ് ന്യായവിലയായി തീരുമാനിച്ചിട്ടുള്ളത്, എന്നാൽ സമീപത്തുള്ള കോർപറേഷൻ അതിരിത്തിയിൽ ഇത് 396000 മുതൽ 990000 വരെയാണ്. രജിസ്ട്രേഷൻ ഫീസിൽ കുറവ് ലഭിക്കുന്നതിനായി യഥാർത്ഥ വിലയിലും കുറഞ്ഞ വിലയിലാണ് പൊതുവെ രജിസ്ട്രേഷൻ നടത്താറുള്ളത് എന്ന് വിവിധ ചർച്ചകളിൽ പദ്ധതിബാധിതർ വെളിപ്പെടുത്തുകയുണ്ടായി. നിലവിൽ സെൻ്റിന് 4 മുതൽ ലക്ഷത്തിന് മുകളിൽ സ്ഥലത്തിന് വിലയുള്ളതായി ജനപ്രതിനിധികൾ അറീയിച്ചു. കോർപറേഷൻ അതിരിത്തിയിൽ ടൂറിസം പ്രവർത്തനങ്ങൾ സജീവമായതിനാൽ സ്ഥലത്തിന് മോഹവിലയാണ് ഉള്ളതെന്നും ഇത് സെൻ്റിന് 10 ലക്ഷത്തിനു മുകളിൽ വരെ ഉണ്ടെന്നും ജനങ്ങൾ അറിയിച്ചു.

#### 3.9.1 കഴിഞ്ഞ മൂന്നുവർഷക്കാലത്തെ ഭൂവിനിയോഗം

കഴിഞ്ഞ മൂന്ന് വർഷമായി പദ്ധതി പ്രദേശത്തെ ഭൂവിനിയോഗത്തിൽ മാറ്റമൊന്നും വന്നിട്ടില്ല എന്ന് പദ്ധതി ബാധിതർ വ്യക്തമാക്കി. പാർപ്പിടവും, ചെറുകിട വാണിജ്യ സ്ഥാപനങ്ങളുള്ള കെട്ടിടങ്ങളും തന്നെയാണ് പദ്ധതി പ്രദേശത്ത് പ്രധാനമായുമുള്ളത്.

# പദ്ധതിബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ള കണക്ക്

## അദ്ധ്യായം 4

### 4.1 പദ്ധതി ബാധിതർ

RFCTLARR നിയമം 2013-ന്റെ അനുച്ഛേദം 3 പ്രകാരം, പദ്ധതി ബാധിത കുടുംബം എന്ന് നിർവ്വചിച്ചിരിക്കുന്നത് താഴെ പറയുന്നവരെയാണ്.

1. ആരുടെ ഭൂമിയോ മറ്റ് സ്ഥാവര വസ്തുക്കളോ ആണ് ഏറ്റെടുക്കപ്പെടുന്നത് ആ വ്യക്തിയുടെ കുടുംബം.
2. ഏറ്റെടുക്കുന്നതിന് തൊട്ടുമുമ്പ് മൂന്നുവർഷക്കാലമായി ജോലി ചെയ്തുകൊണ്ടിരിക്കുന്നവരും, ഭൂമി ഏറ്റെടുക്കലിനെത്തുടർന്ന് ഉപജീവനമാർഗ്ഗത്തിന്റെ പ്രാഥമിക ഉറവിടം ദോഷകരമായി ബാധിക്കപ്പെടുന്നവരുമായ, ആ പ്രദേശത്ത് സ്വന്തമായി ഭൂമിയില്ലാത്ത കർഷക തൊഴിലാളികൾ, മേലാദായ അവകാശമോ ഏതെങ്കിലും തരത്തിലുള്ള കുടിയായ്മ അവകാശമുള്ള കുടിയാന്മാർ, ആദായത്തിൽ അവകാശമുള്ളവർ അല്ലെങ്കിൽ കരകൗശല തൊഴിലിലേർപ്പെട്ടിട്ടുള്ളതോ ആയ ഒരു അംഗമോ അംഗങ്ങളോ അടങ്ങിയ കുടുംബം.
3. 2006-ലെ പട്ടികവർഗ്ഗങ്ങളും മറ്റ് പരമ്പരാഗത വനവാസികളും (വനാവകാശങ്ങൾ അംഗീകരിക്കൽ) നിയമം (2007-ലെ 2) പ്രകാരം അംഗീകരിച്ചിട്ടുള്ള ഏതെങ്കിലും വനാവകാശങ്ങൾ നഷ്ടപ്പെടുന്ന പട്ടികവർഗ്ഗങ്ങളും മറ്റ് പരമ്പരാഗത വനവാസികളും.
4. ഭൂമി ഏറ്റെടുക്കുന്നതിന് തൊട്ടുമുമ്പുള്ള മൂന്നുവർഷക്കാലമായി വനത്തെയോ ജലാശയങ്ങളെയോ (വനവിഭവങ്ങൾ ശേഖരിക്കുന്നവർ, വേട്ടക്കാർ, മീൻപിടുത്തക്കാർ, തുഴച്ചിലുകാർ എന്നിവരുൾപ്പെടെ), പ്രാഥമിക ഉപജീവനത്തിനായി ആശ്രയിക്കുന്നതും ഭൂമി ഏറ്റെടുക്കലിനെത്തുടർന്ന് അങ്ങനെയുള്ള ഉപജീവനം നഷ്ടപ്പെടുന്നവരുമായ വ്യക്തിയുടെ കുടുംബം.
5. ഏതെങ്കിലും കുടുംബത്തിന് സംസ്ഥാന സർക്കാരോ, കേന്ദ്ര സർക്കാരോ പതിച്ചു നൽകപ്പെട്ട ഭൂമി ഏറ്റെടുക്കപ്പെട്ടാൽ അങ്ങനെയുള്ള കുടുംബം.
6. പട്ടണ പ്രദേശങ്ങളിൽ ഭൂമി ഏറ്റെടുക്കുന്നതിനു മുൻപ് മൂന്നുവർഷക്കാലത്തോളമോ അതിലേറെയോ കാലമായി ഏറ്റെടുത്ത ഭൂമിയിൽ താമസിക്കുന്ന കുടുംബം, അല്ലെങ്കിൽ ഭൂമി ഏറ്റെടുക്കുന്നതിനു മുമ്പ് മൂന്നുവർഷക്കാലത്തോളമായുള്ള ആരുടെ ഉപജീവനത്തിന്റെ പ്രാഥമിക ഉറവിടത്തെയാണോ ഏറ്റെടുക്കൽ ദോഷകരമായി ബാധിക്കപ്പെടുന്നത് ആ വ്യക്തിയുടെ കുടുംബം.

### 4.2 പദ്ധതി നേരിട്ട് ബാധിക്കുന്നവർ (ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ ഉടമസ്ഥതയുള്ളവർ)[1]

ആകെയുള്ള പദ്ധതി ബാധിതരെ ഈ റിപ്പോർട്ടിൽ പദ്ധതി നേരിട്ട് ബാധിക്കുന്നവർ, പദ്ധതി പരോക്ഷമായി ബാധിക്കുന്നവർ എന്നിങ്ങനെ രണ്ടായി തരംതിരിച്ചിരിക്കുന്നു. പദ്ധതി പ്രദേശത്ത്

[1] പഠനവുമായി സഹകരിച്ചവരുടെ വിവരങ്ങൾ മാത്രമാണ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പഠനവുമായി സഹകരിക്കാത്തവരുടെ വിവരങ്ങൾ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഭൂവുടമസ്ഥതയുള്ളവരെയാണ് പദ്ധതി നേരിട്ട് ബാധിക്കുന്നവർ എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

**പട്ടിക 4.1: പദ്ധതി നേരിട്ട് ബാധിക്കുന്ന കുടുംബങ്ങളുടെ വിവരങ്ങൾ**

| എൽ.എസ്.ജി.ഐ. | പദ്ധതി നേരിട്ട് ബാധിക്കുന്ന കുടുംബങ്ങളുടെ എണ്ണം | പദ്ധതി നേരിട്ട് ബാധിക്കുന്ന വ്യക്തികളുടെ എണ്ണം |
|---|---|---|
| കണ്ണൂർ കോർപറേഷൻ | 36 | 137 |
| അഴീക്കോട് | 45 | 136 |
| ആകെ | 81 | 273 |

അവലംബം: ഫീൽഡ് സർവേ

കുറിപ്പ്: ചില കുടുംബങ്ങൾ അംഗങ്ങളുടെ വിവരങ്ങൾ നൽകിയിട്ടില്ല.

പദ്ധതി പ്രദേശത്ത് 273 വ്യക്തികൾ അടങ്ങുന്ന 81 കുടുംബങ്ങളെയാണ് പദ്ധതി നേരിട്ട് ബാധിക്കുന്നത്. ഇവരിൽ 53 കുടുംബങ്ങൾക്ക് സ്ഥലം മാത്രം നഷ്ടമാകുമ്പോൾ, 28 കുടുംബങ്ങളുടെ കെട്ടിടങ്ങളെ പദ്ധതി ബാധിക്കുന്നു (പട്ടിക 4.2).

**പട്ടിക 4.2 : പദ്ധതി നേരിട്ട് ബാധിക്കുന്ന കുടുംബങ്ങൾക്കുണ്ടാവുന്ന നഷ്ടം**

| എൽ.എസ്.ജി.ഐ. | ഭൂമിയെ മാത്രം ബാധിക്കുന്ന കുടുംബങ്ങൾ | കെട്ടിടങ്ങളെ ബാധിക്കുന്ന കുടുംബങ്ങൾ |
|---|---|---|
| കണ്ണൂർ കോർപറേഷൻ | 20 | 16 |
| അഴീക്കോട് | 33 | 12 |
| ആകെ | 53 | 28 |

അവലംബം: ഫീൽഡ് സർവേ

പദ്ധതിക്കായി ഏറ്റെടുക്കുന്ന ഭൂമിയിൽ വാണിജ്യ-വ്യവസായ സ്ഥാപനം നടത്തുന്ന 12 ഭൂവുടമ കുടുംബങ്ങളുണ്ട്. ഇതിൽ 4 കുടുംബങ്ങളുടെ വാണിജ്യ-വ്യാപാര സ്ഥാപനത്തെ പദ്ധതി പൂർണ്ണമായും ബാധിക്കുമ്പോൾ, 6 കുടുംബങ്ങളുടെ വാണിജ്യ സ്ഥാപനത്തെ പദ്ധതി ഭാഗികമായി ബാധിക്കുന്നു.

**പട്ടിക 4.3 : പദ്ധതി ബാധിത ഭൂമിയിൽ വാണിജ്യ-വ്യവസായ സ്ഥാപനങ്ങൾ നടത്തുന്ന ഭൂവുടമകൾക്കുണ്ടാവുന്ന നഷ്ടം**

| എൽ.എസ്.ജി.ഐ. | പദ്ധതി ഭൂമിയിൽ വാണിജ്യം/ വ്യവസായം നടത്തുന്നവർ | വാണിജ്യം/ വ്യവസായത്തെ പദ്ധതി പൂർണ്ണമായി ബാധിക്കുന്നവർ | വാണിജ്യം/ വ്യവസായത്തെ പദ്ധതി ഭാഗികമായി ബാധിക്കുന്നവർ |
|---|---|---|---|
| കണ്ണൂർ കോർപറേഷൻ | 11 | 3 | 6 |
| അഴീക്കോട് | 1 | 1 | 0 |
| **ആകെ** | **12** | **4** | **6** |
| ശതമാനം | | 33.3 | 50.0 |

അവലംബം: ഫീൽഡ് സർവേ

ഇതുകൂടാതെ 13 കുടുംബങ്ങളുടെ വീടിനെയും 17 കുടുംബങ്ങളുടെ ജീവനോപാധിയായ കെട്ടിടത്തെയും നിർദ്ദിഷ്ട പദ്ധതി ബാധിക്കും. പദ്ധതി നേരിട്ട് ബാധിക്കുന്ന ഒരു കുടുംബത്തിൻ്റെ വീടിനൊപ്പം വരുമാനദായകമായിട്ടുള്ള സംരംഭത്തെയും സ്ഥലമെടുപ്പ് ബാധിക്കുന്നു.

പട്ടിക 4.4 : പദ്ധതി നേരിട്ട് ബാധിക്കുന്ന കെട്ടിടങ്ങളുടെ വിവരം

| എൽ.എസ്.ജി.ഐ. | വീടുകൾ | വരുമാനദായക കെട്ടിടങ്ങൾ | രണ്ടും ചേർന്നുള്ള കെട്ടിടങ്ങൾ |
|---|---|---|---|
| കണ്ണൂർ കോർപറേഷൻ | 2 | 16 | 1 |
| അഴീക്കോട് | 11 | 1 | 0 |
| **ആകെ** | **13** | **17** | **1** |

അവലംബം: ഫീൽഡ് സർവേ

കുറിപ്പ്: ചില കുടുംബങ്ങളുടെ ഒന്നിലധികം കെട്ടിടങ്ങളെ പദ്ധതി ബാധിക്കുന്നുണ്ട്.

## 4.3 വനാവകാശം നഷ്ടപ്പെടുന്ന പട്ടികവർഗ്ഗ/ആദിവാസി കുടുംബങ്ങൾ

നിർദ്ദിഷ്ട പദ്ധതി പ്രദേശത്ത് വനഭൂമി ഒന്നുംതന്നെയില്ല. അതുകൊണ്ടുതന്നെ ഒരു കുടുംബത്തിന്റെയും വനാവകാശത്തെ ഈ പദ്ധതി ബാധിക്കുന്നില്ല.

## 4.4 പൊതുവിഭവങ്ങളെ ആശ്രയിച്ചു ജീവിക്കുന്ന കുടുംബങ്ങൾ

നിർദ്ദിഷ്ട പദ്ധതി പ്രദേശം തീരദേശത്തോട് ചേർന്നതായതുകൊണ്ട് തന്നെ, പദ്ധതി ബാധിക്കുന്ന 49 കുടുംബങ്ങൾ പ്രത്യക്ഷമായോ പരോക്ഷമായോ കടലിനെ/ കായലിനെ ആശ്രയിച്ച് ജീവിക്കുന്നവരാണ്. മൽസ്യബന്ധനത്തിനായി ഉപയോഗിക്കുന്ന വലകൾ, മോട്ടോറുകൾ, ഡീസൽ എന്നിവ സൂക്ഷിക്കുന്നതിനുള്ള കെട്ടിടങ്ങളേയും പ്രസ്തുത പദ്ധതിക്കുള്ള സ്ഥലമെടുപ്പ് ദോഷകരമായി ബാധിക്കുന്നു. ഈ കെട്ടിടങ്ങൾ എല്ലാം പൊളിച്ച് മാറ്റേണ്ടതായി വരുന്നു.

പട്ടിക 4.5 : കടൽ/കായലിനെ ആശ്രയിക്കുന്ന പദ്ധതി ബാധിത കുടുംബങ്ങളുടെ എണ്ണം

| എൽ.എസ്.ജി.ഐ. | കടൽ/ കായലിനെ ആശ്രയിക്കുന്ന കുടുംബങ്ങൾ |
|---|---|
| കണ്ണൂർ കോർപറേഷൻ | 12 |
| അഴീക്കോട് | 37 |
| **ആകെ** | **49** |

അവലംബം: ഫീൽഡ് സർവേ

## 4.5 കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ നിന്ന് ഭൂമി ലഭിച്ച കുടുംബങ്ങൾ

കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ നിന്ന് ഭൂമി ലഭിച്ചതായി സർവേയിൽ പങ്കെടുത്ത കുടുംബങ്ങളൊന്നും തന്നെ പഠന സംഘത്തെ അറിയിച്ചിട്ടില്ല.

## 4.6 മൂന്ന് വർഷമോ അതിലധികമോ കാലമായി ഏറ്റെടുക്കപ്പെടുന്ന നഗര പ്രദേശങ്ങളിൽ താമസിക്കുന്ന കുടുംബങ്ങൾ

ബാധകമല്ല

## 4.7 മൂന്ന് വർഷമോ അതിലധികമോ കാലമായി മുഖ്യ ജീവനോപാധിയായി ഏറ്റെടുക്കപ്പെടുന്ന ഭൂമിയെ ആശ്രയിക്കുന്ന കുടുംബങ്ങൾ

മൂന്നുവർഷമോ അതിലധികമോ കാലം മുഖ്യ ജീവനനോപാധിക്കായി ഏറ്റെടുക്കപ്പെടുന്ന ഭൂമിയെ ആശ്രയിക്കുന്ന കുടുംബങ്ങളെ മൂന്നായി തിരിക്കാം,

i. പദ്ധതി പ്രദേശത്ത് ഭൂമി സ്വന്തമായുള്ള, ആ ഭൂമിയെ മുഖ്യ ജീവനോപാധിക്കായി ആശ്രയിക്കുന്നവർ.[2]
ii. മുഖ്യ ജീവനോപാധിക്കായി ഏറ്റെടുക്കപ്പെടുന്ന ഭൂമിയെ ആശ്രയിക്കുന്ന വാടകക്കാർ.
iii. പദ്ധതി പ്രദേശത്തെ വാണിജ്യ-വ്യവസായ സ്ഥാപനങ്ങളിൽ തൊഴിലെടുക്കുന്നവർ.

മൂന്നു വർഷമോ അതിലധികമോ കാലമായി, 172 കുടുംബങ്ങളെങ്കിലും മുഖ്യ ജീവനോപാധിക്കായി പദ്ധതി പ്രദേശത്തെ ആശ്രയിക്കുന്നതായി പഠനം കണക്കാക്കുന്നു. പദ്ധതി പ്രദേശത്തുനിന്നും മുഖ്യ വരുമാനം കണ്ടെത്തുന്ന ഭൂവുടമകൾ 7 ശതമാനമാണെങ്കിൽ, അതിലധികം പേർ (87.8 ശതമാനം) തൊഴിലാളികളായി പദ്ധതി പ്രദേശത്തു നിന്നും മുഖ്യ ജീവനോപാധി കണ്ടെത്തുന്നുണ്ട്.

**പട്ടിക 4.6 : മൂന്നുവർഷമോ അതിലധികമോ കാലമായി മുഖ്യ ജീവനോപാധിക്കായി പദ്ധതി പ്രദേശത്തെ ആശ്രയിക്കുന്ന കുടുംബങ്ങൾ**

| എൽ.എസ്.ജി.ഐ. | ഭൂവുടമസ്ഥർ | വാടകക്കാർ | തൊഴിലാളികൾ | ആകെ |
|---|---|---|---|---|
| കണ്ണൂർ കോർപറേഷൻ | 11 | 9 | 151 | 171 |
| അഴീക്കോട് | 1 | 0 | 0 | 1 |
| **ആകെ** | **12** | **9** | **151** | **172** |
| ശതമാനം | 7.0 | 5.2 | 87.8 | 100.0 |

അവലംബം: ഫീൽഡ് സർവേ
കുറിപ്പ്: ഭൂവുടമകൾക്ക് മൂന്ന് വർഷത്തെ പരിധിയില്ല.
പദ്ധതി മുഖ്യ ജീവനോപാധിയെ ബാധിക്കുന്ന തൊഴിലാളികളുടെ എണ്ണം മാത്രമാണിത്.
*പദ്ധതി പ്രദേശത്തെ വാടകക്കാരായുള്ള കുടുംബങ്ങളിൽ കച്ചവടം / വ്യവസായം നടത്തുന്നവരോ കുടുംബത്തിന്റെ മുഖ്യ വരുമാനം ഏറ്റെടുക്കുന്ന സ്ഥലത്തുനിന്നും ആയതുമായ കുടുംബങ്ങളുടെ എണ്ണം

## 4.8 പദ്ധതി പരോക്ഷമായി ബാധിക്കപ്പെടുന്ന കുടുംബങ്ങൾ

പദ്ധതി പ്രദേശത്ത് ഭൂവുടമസ്ഥതയില്ലെങ്കിലും, മൂന്ന് വർഷമോ അതിലധികമോ കാലമായി, വാടകക്കാരായും തൊഴിലാളികളായും ഏറ്റെടുക്കുന്ന ഭൂമിയുമായി ബന്ധപ്പെട്ടിരിക്കുന്ന കുടുംബങ്ങളെയാണ് പദ്ധതി പരോക്ഷമായി ബാധിക്കുന്നവർ എന്ന് കണക്കാക്കിയിരിക്കുന്നത്.

**പട്ടിക 4.7 : പദ്ധതി പരോക്ഷമായി ബാധിക്കുന്ന കുടുംബങ്ങളുടെ എണ്ണം**

| എൽ.എസ്.ജി.ഐ. | വാടകക്കാരായ കുടുംബങ്ങളുടെ എണ്ണം | തൊഴിലാളി കുടുംബങ്ങളുടെ എണ്ണം | പദ്ധതി പരോക്ഷമായി ബാധിക്കുന്ന ആകെ കുടുംബങ്ങൾ |
|---|---|---|---|
| കണ്ണൂർ കോർപറേഷൻ | 9 | 151 | 160 |
| അഴീക്കോട് | 1 | 0 | 1 |
| **ആകെ** | **10** | **151** | **161** |
| ശതമാനം | 6.2 | 93.8 | 100.0 |

കുറിപ്പ്: മൂന്ന് വർഷമോ അതിലധികമോ കാലമായി പദ്ധതി പ്രദേശത്തെ ആശ്രയിക്കുന്ന കുടുംബങ്ങൾ മാത്രം
അവലംബം: ഫീൽഡ് സർവേ

പദ്ധതി പ്രദേശത്തെ വിവിധ സ്ഥാപനങ്ങളിലായി മൂന്നു വർഷമോ അതിലധികമോ കാലം ജോലി ചെയ്യുന്ന 161 തൊഴിലാളി കുടുംബങ്ങളെ പദ്ധതി ബാധിക്കുന്നുണ്ട്.

പദ്ധതി പരോക്ഷമായി ബാധിക്കുന്ന വ്യക്തികളിൽ മൂന്ന് വർഷമോ അതിലധികമോ കാലമായി പദ്ധതി പ്രദേശത്ത് വാടകക്ക് താമസിക്കുകയോ വാടകക്കെട്ടിടത്തിൽ വ്യാപാരം നടത്തുകയോ ചെയ്യുന്നവരുടെ

---

[2] സ്വന്തം ഭൂമിയിൽ മുഖ്യവരുമാന മാർഗം കണ്ടെത്തുന്ന ഭൂവുടമയ്ക്ക് മൂന്ന് വർഷം എന്ന പരിധിയില്ല

കുടുംബ വിവരങ്ങൾ മാത്രമാണ് സർവേയുടെ ഭാഗമായി ശേഖരിച്ചിരിക്കുന്നത്. തൊഴിലാളികളുടെയും, വഴിയോര കച്ചവടക്കാരുടെയും കുടുംബ വിവരങ്ങൾ പഠനത്തിന്റെ ഭാഗമായി ശേഖരിച്ചിട്ടില്ല.

**പട്ടിക 4.8 : പദ്ധതി ബാധിക്കുന്ന വാടകക്കാരായ കുടുംബങ്ങളുടെ വിവരങ്ങൾ**

| എൽ.എസ്.ജി.ഐ. | ബാധിക്കുന്ന വാടകക്കാരായ കുടുംബങ്ങളുടെ എണ്ണം | ബാധിക്കുന്ന വാടകക്കാരായ വ്യക്തികളുടെ എണ്ണം |
|---|---|---|
| കണ്ണൂർ കോർപറേഷൻ | 9 | 36 |
| അഴീക്കോട് | 1 | 4 |
| **ആകെ** | **10** | **40** |

അവലംബം: ഫീൽഡ് സർവേ

വാടകക്കാരിൽ 94.3 ശതമാനവും പദ്ധതി പ്രദേശത്ത് വരുമാനദായക പ്രവർത്തനങ്ങൾ നടത്തുന്നവരാണെന്ന് പട്ടിക 4.9-ൽ നിന്ന് വ്യക്തമാണ്.

**പട്ടിക 4.9 : പദ്ധതി ബാധിക്കുന്ന വാടകക്കാരുടെ തരം**

| എൽ.എസ്.ജി.ഐ. | വരുമാനദായക പ്രവർത്തനം നടത്തുന്നവർ | വാടകക്ക് താമസിക്കുന്നവർ |
|---|---|---|
| കണ്ണൂർ കോർപറേഷൻ | 9 | 0 |
| അഴീക്കോട് | 0 | 1 |
| **ആകെ** | **9** | **1** |

അവലംബം: ഫീൽഡ് സർവേ

വാടകക്കാരായുള്ള 10 കുടുംബങ്ങളിൽ 9 കുടുംബങ്ങൾ പദ്ധതി പ്രദേശത്ത് കച്ചവടം നടത്തുന്നവരാണ്. ഇതിൽ 4 കുടുംബങ്ങളുടെയും ജീവനോപാധി പദ്ധതിക്കായി സ്ഥലമേറ്റെടുക്കുന്നതിലൂടെ പൂർണമായും നഷ്ടപ്പെടും, 5 കുടുംബങ്ങളുടെ ജീവനോപാധിയെ പദ്ധതി ഭാഗികമായും ബാധിക്കും (പട്ടിക 4.10).

**പട്ടിക 4.10 : പദ്ധതി ബാധിത ഭൂമിയിൽ ജീവനോപാധി കണ്ടെത്തുന്ന വാടകക്കാർക്കുണ്ടാവുന്ന നഷ്ടം**

| എൽ.എസ്.ജി.ഐ. | പദ്ധതി ഭൂമിയിൽ ജീവനോപാധി കണ്ടെത്തുന്നവർ | ജീവനോപാധിയെ പദ്ധതി പൂർണ്ണമായി ബാധിക്കുന്നവർ | ജീവനോപാധിയെ പദ്ധതി ഭാഗികമായി ബാധിക്കുന്നവർ |
|---|---|---|---|
| കണ്ണൂർ കോർപറേഷൻ | 9 | 4 | 5 |
| അഴീക്കോട് | 0 | 0 | 0 |
| **ആകെ** | **9** | **4** | **5** |

അവലംബം: ഫീൽഡ് സർവേ

## 4.9 പദ്ധതി പ്രദേശത്തുള്ള സ്ഥാവരജംഗമ വസ്തുക്കളുടെ വിവരങ്ങൾ

മൂന്ന് വർഷത്തിൽ കൂടുതൽ കാലമായി നടത്തുന്ന തട്ടുകടകൾ, ട്രാൻസ്ഫോമറുകൾ, ബസ്സ്റ്റോപ്പ്, എന്നിവയും റോഡിനായി സ്ഥലം ഏറ്റെടുക്കുന്നതിലൂടെ മാറ്റേണ്ടിവരുന്നുണ്ട്. കൂടാതെ വൈദ്യുതി പോസ്റ്റുകൾ, കുടിവെള്ള പൈപ്പുകൾ, കേബിളുകൾ തുടങ്ങിയവയും ഇതിനോടനുബന്ധിച്ച് മാറ്റി സ്ഥാപിക്കേണ്ടതായി വരുന്നു.

പദ്ധതി പ്രദേശത്ത്, സ്ഥലമേറ്റെടുപ്പ് പൂർണ്ണമായോ ഭാഗികമായോ ബാധിക്കുന്ന 31 കെട്ടിടങ്ങളുണ്ട്. പദ്ധതി ബാധിക്കുന്ന 7 കെട്ടിടങ്ങൾ പൂർണ്ണമായും പൊളിച്ച് മാറ്റേണ്ടിവരും. ഭാഗികമായി ബാധിക്കുന്ന കെട്ടിടങ്ങളിൽ (24) 13 കെട്ടിടങ്ങൾ സ്ഥലമേറ്റെടുപ്പിനു ശേഷം പുനരുപയോഗിക്കാൻ സാധിക്കില്ല. പദ്ധതി കെട്ടിടങ്ങളെ ബാധിക്കുന്നതിന്റെ വ്യാപ്തി പട്ടിക 4.11-ൽ നൽകിയിരിക്കുന്നു.

**പട്ടിക 4.11 : പദ്ധതി കെട്ടിടങ്ങളെ ബാധിക്കുന്നതിന്റെ വ്യാപ്തി**

| എൽ.എസ്.ജി.ഐ. | കെട്ടിടങ്ങളുടെ എണ്ണം | | | ബാധിക്കുന്ന ആകെ കെട്ടിടങ്ങളുടെ എണ്ണം |
|---|---|---|---|---|
| | പൂർണ്ണമായി ബാധിക്കുന്നത് | ഭാഗികമായി ബാധിക്കുന്നത് | ഭാഗികമായി ബാധിക്കുന്നവയിൽ പുനരുപയോഗിക്കാനാവാത്തത് | |
| കണ്ണൂർ കോർപറേഷൻ | 2 | 17 | 10 | 19 |
| അഴീക്കോട് | 5 | 7 | 3 | 12 |
| **ആകെ** | **7** | **24** | **13** | **31** |

അവലംബം: ഫീൽഡ് സർവേ

കുറിപ്പ്: പദ്ധതി കെട്ടിടങ്ങളെ ബാധിക്കുന്നതിന്റെ വ്യാപ്തി, സർവേയിൽ പങ്കെടുത്ത വിവരദാതാവിന്റെ അഭിപ്രായമനുസരിച്ചാണ് തയ്യാറാക്കിയിരിക്കുന്നത്.

പദ്ധതി പ്രദേശത്തുള്ള 7 കെട്ടിടങ്ങൾ പൂർണ്ണമായും പൊളിക്കേണ്ടിവരും,

**പട്ടിക 4.12 : പൂർണ്ണമായും പൊളിക്കേണ്ടി വരുന്ന കെട്ടിടങ്ങളുടെ വിവരങ്ങൾ**

| എൽ.എസ്.ജി.ഐ. | കെട്ടിടങ്ങളുടെ എണ്ണം | | | | ആകെ |
|---|---|---|---|---|---|
| | വീടുകൾ | വീടിനൊപ്പമുള്ള വാണിജ്യ സ്ഥാപനങ്ങൾ | വാണിജ്യ സ്ഥാപനങ്ങൾ | സ്ഥാപനങ്ങൾ | |
| കണ്ണൂർ കോർപറേഷൻ | 0 | 0 | 2 | | 2 |
| അഴീക്കോട് | 5 | 0 | 0 | | 5 |
| **ആകെ** | **5** | **0** | **2** | | **7** |
| ശതമാനം | 71.4 | 0.0 | 28.6 | | 100.0 |

അവലംബം: ഫീൽഡ് സർവേ

# ജനങ്ങളുടെ സാമൂഹിക-സാമ്പത്തിക-സാംസ്കാരിക വിവരങ്ങൾ

## അധ്യായം 5

### 5.1 പദ്ധതി പ്രദേശത്തെ ജനങ്ങളുടെ ജനസംഖ്യാപരമായ വിവരങ്ങൾ[3]

പദ്ധതി നേരിട്ട് ബാധിക്കുന്ന 81 കുടുംബങ്ങളുടെയും പരോക്ഷമായി ബാധിക്കുന്ന 10[4] കുടുംബങ്ങളുടെയും സാമൂഹിക-സാമ്പത്തിക വിവരങ്ങൾ ഫീൽഡ് സർവേയിലൂടെ ശേഖരിക്കുകയുണ്ടായി. ഓരോ കുടുംബത്തെയും പദ്ധതി ഏതൊക്കെ തരത്തിൽ ബാധിക്കുന്നുവെന്ന് ശരിയായി വിലയിരുത്തുന്നതിന് അവരുടെ സാമൂഹിക-സാമ്പത്തിക-സാംസ്കാരിക വിവരങ്ങൾ മനസ്സിലാക്കേണ്ടത് അനിവാര്യമാണ്. മുമ്പ് സൂചിപ്പിച്ചതു പോലെ, 81 കുടുംബങ്ങളിൽ നിന്നായി 315 പേരെ ഈ പദ്ധതി നേരിട്ട് ബാധിക്കുന്നു, ഇതിൽ 166 സ്ത്രീകളും 149 പുരുഷന്മാരുമുണ്ട്. അതുപോലെ 10 കുടുംബങ്ങളിലെ 40 പേരെ പദ്ധതി പരോക്ഷമായും ബാധിക്കുന്നുണ്ട്. ഇതിൽ 18 പുരുഷന്മാരും 22 സ്ത്രീകളുമുണ്ട്. നേരിട്ടും പരോക്ഷമായും പദ്ധതി ബാധിക്കുന്ന കുടുംബങ്ങളുടെയും വ്യക്തികളുടെയും ഗ്രാമ പഞ്ചായത്ത് തിരിച്ചുള്ള കണക്ക്, യഥാക്രമം പട്ടിക 5.1, 5.2 എന്നിവയിൽ നൽകിയിരിക്കുന്നു. പട്ടിക 5.2-ൽ കാണുന്നത് പോലെ, പദ്ധതി നേരിട്ട് ബാധിക്കുന്നവരിൽ 52.7 ശതമാനവും, പരോക്ഷമായി ബാധിക്കുന്നവരിൽ 55 ശതമാനവും സ്ത്രീകളാണ്.

**പട്ടിക 5.1 : പദ്ധതി ബാധിത കുടുംബങ്ങളുടെ ഗ്രാമ പഞ്ചായത്ത് തിരിച്ചുള്ള കണക്ക്**

| എൽ.എസ്.ജി.ഐ. | നേരിട്ട് ബാധിക്കുന്നവർ | | പരോക്ഷമായി ബാധിക്കുന്നവർ | |
|---|---|---|---|---|
| | കുടുംബങ്ങളുടെ എണ്ണം | ശതമാനം | കുടുംബങ്ങളുടെ എണ്ണം | ശതമാനം |
| കണ്ണൂർ കോർപറേഷൻ | 36 | 44.4 | 9 | 90.0 |
| അഴീക്കോട് | 45 | 55.6 | 1 | 10.0 |
| **ആകെ** | 81 | 100 | 10 | 100.0 |

അവലംബം: ഫീൽഡ് സർവേ

[3] പഠനവുമായി സഹകരിച്ചവരുടെ വിവരങ്ങൾ മാത്രമാണ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സഹകരിക്കാത്തവരുടേയും ഉടമകളെ കണ്ടെത്താൻ സാധിക്കാത്തവരുടേയും വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. ചില കുടുംബങ്ങൾ പഠനത്തോട് സഹകരിച്ചെങ്കിലും കുടുംബാംഗങ്ങളുടെ വിവരങ്ങളുൾപ്പെടെയുള്ള വിവരങ്ങൾ നൽകിയിട്ടില്ല.

[4] പദ്ധതി പരോക്ഷമായി ബാധിക്കുന്നവരെന്നതുകൊണ്ട് ഈ അദ്ധ്യായത്തിൽ ഉദ്ദേശിക്കുന്നത്, മൂന്ന് വർഷമോ അതിലധികമോ കാലമായി പദ്ധതി പ്രദേശത്ത് വാടകക്ക് താമസിക്കുന്നവരോ വാടകക്കെട്ടിടത്തിൽ/ വാടക ഭൂമിയിൽ ഉപജീവന മാർഗങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരോ ആണ്. വാടകക്കാരായ 141 കുടുംബങ്ങളുടെ മാത്രം സാമൂഹിക-സാമ്പത്തിക വിവരങ്ങളാണ് പഠനത്തിന്റെ ഭാഗമായി ശേഖരിച്ചിരിക്കുന്നത്. മൂന്ന് വർഷമോ അതിലധികമോ കാലമായി പദ്ധതി പ്രദേശത്ത് ജോലി ചെയ്യുന്ന തൊഴിലാളികളുടെ സാമൂഹിക-സാമ്പത്തിക വിവരങ്ങൾ ഈ അദ്ധ്യായത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.


### പട്ടിക 5.2 : പദ്ധതി ബാധിത വ്യക്തികളുടെ ജെൻഡർ (ശതമാനം)

| എൽ.എസ്.ജി.ഐ. | | നേരിട്ട് ബാധിക്കുന്നവർ | | | പരോക്ഷമായി ബാധിക്കുന്നവർ | | |
|---|---|---|---|---|---|---|---|
| | | പുരുഷൻ | സ്ത്രീ | ആകെ | പുരുഷൻ | സ്ത്രീ | ആകെ |
| കണ്ണൂർ കോർപറേഷൻ | എണ്ണം | 59 | 74 | 133 | 16 | 20 | 36 |
| | ശതമാനം | 44.4 | 55.6 | 100.0 | 44.4 | 55.6 | 100.0 |
| അഴീക്കോട് | എണ്ണം | 90 | 92 | 182 | 2 | 2 | 4 |
| | ശതമാനം | 49.5 | 50.5 | 100.0 | 50.0 | 50.0 | 100.0 |
| **ആകെ** | എണ്ണം | **149** | **166** | **315** | **18** | **22** | **40** |
| | ശതമാനം | 47.3 | 52.7 | 100.0 | 45.0 | 55.0 | 100.0 |

കുറിപ്പ്: വ്യക്തികളുടെ എണ്ണം ബ്രാക്കറ്റിൽ നൽകിയിരിക്കുന്നു
അവലംബം: ഫീൽഡ് സർവേ


പദ്ധതി ബാധിതരുടെ പ്രായഘടനയാണ് ചിത്രം 5.1-ലും, 5.2-ലും നൽകിയിരിക്കുന്നത്. പദ്ധതി നേരിട്ട് ബാധിക്കുന്നവരിൽ 23.5 ശതമാനവും, പരോക്ഷമായി ബാധിക്കുന്നവരിൽ 15 ശതമാനവും വയോജനങ്ങളാണ് (60 വയസ്സോ അതിനുമുകളിലോ പ്രായമുള്ളവർ).

### ചിത്രം 5.1 : പദ്ധതി നേരിട്ടുബാധിക്കുന്ന വ്യക്തികളുടെ പ്രായഘടന (ശതമാനം)




ബേസ്: പദ്ധതി നേരിട്ട് ബാധിക്കുന്ന വ്യക്തികളുടെ ആകെ എണ്ണം= 315
അവലംബം: ഫീൽഡ് സർവേ

### ചിത്രം 5.2 : പദ്ധതി പരോക്ഷമായി ബാധിക്കുന്നവരുടെ പ്രായഘടന (ശതമാനം)




ബേസ്: പദ്ധതി പരോക്ഷമായി ബാധിക്കുന്ന വ്യക്തികളുടെ ആകെ എണ്ണം = 40
അവലംബം: ഫീൽഡ് സർവേ

ഏത് മതവിഭാഗത്തിലും സാമൂഹ്യ വിഭാഗത്തിലുമാണ് പദ്ധതി ബാധിതർ ഉൾപ്പെടുന്നത് എന്ന് പട്ടിക 5.3-ഉം 5.4-ഉം സൂചിപ്പിക്കുന്നു. ആകെ പദ്ധതി ബാധിത കുടുംബങ്ങളിൽ (നേരിട്ട് ബാധിക്കുന്നവരും പരോക്ഷമായി ബാധിക്കുന്നവരും ഉൾപ്പെടെ) 60 ശതമാനം കുടുംബങ്ങൾ ഹിന്ദു വിഭാഗത്തിലും 40 ശതമാനം കുടുംബങ്ങൾ മുസ്ലിം വിഭാഗത്തിലും ഉൾപ്പെടുന്നവരാണ്. അതുപോലെ പദ്ധതി ബാധിക്കുന്ന ഭൂരിഭാഗം കുടുംബങ്ങളും (80 ശതമാനം) ഒ.ബി.സി. വിഭാഗത്തിൽ പെടുന്നവരാണ്. 3.7 ശതമാനം എസ്.സി. വിഭാഗത്തിൽ ഉൾപ്പെടുന്നു. എസ്.റ്റി കുടുംബങ്ങൾ ഒന്നുംതന്നെ പദ്ധതി പ്രദേശത്ത് ഇല്ല.

**പട്ടിക 5.3 : പദ്ധതി ബാധിത കുടുംബങ്ങളുടെ മതവിഭാഗം (ശതമാനം)**

| പദ്ധതി ബാധിതർ | എൽ.എസ്.ജി.ഐ. | | മതവിഭാഗം | | | | ആകെ |
|---|---|---|---|---|---|---|---|
| | | | ഹിന്ദു | ക്രിസ്ത്യൻ | മുസ്ലിം | മറ്റുള്ളവ | |
| നേരിട്ട് ബാധിക്കുന്നവർ | കണ്ണൂർ കോർപറേഷൻ | എണ്ണം | 29 | 2 | 5 | 0 | 36 |
| | | ശതമാനം | 80.6 | 5.6 | 13.9 | 0.0 | 100.0 |
| | അഴീക്കോട് | എണ്ണം | 45 | 0 | 0 | 0 | 45 |
| | | ശതമാനം | 100.0 | 0.0 | 0.0 | 0.0 | 100.0 |
| | **ആകെ** | **എണ്ണം** | 74 | 2 | 5 | 0 | 81 |
| | | ശതമാനം | 91.4 | 2.5 | 6.2 | 0.0 | 100.0 |
| പരോക്ഷമായി ബാധിക്കുന്നവർ | കണ്ണൂർ കോർപറേഷൻ | എണ്ണം | 5 | 0 | 4 | 0 | 9 |
| | | ശതമാനം | 55.6 | 0.0 | 44.4 | 0.0 | 100.0 |
| | അഴീക്കോട് | എണ്ണം | 1 | 0 | 0 | 0 | 1 |
| | | ശതമാനം | 100.0 | 0.0 | 0.0 | 0.0 | 100.0 |
| | **ആകെ** | **എണ്ണം** | 6 | 0 | 4 | 0 | 10 |
| | | ശതമാനം | 60.0 | 0.0 | 40.0 | 0.0 | 100.0 |

കുറിപ്പ്: കുടുംബങ്ങളുടെ എണ്ണം ബ്രാക്കറ്റിൽ നൽകിയിരിക്കുന്നു
അവലംബം: ഫീൽഡ് സർവേ

**പട്ടിക 5.4 : പദ്ധതി ബാധിത കുടുംബങ്ങളുടെ സാമൂഹ്യ വിഭാഗം (ശതമാനം)**

| പദ്ധതി ബാധിതർ | എൽ.എസ്.ജി.ഐ. | | എസ്.സി. | എസ്.റ്റി. | ഒ.ബി.സി. | മറ്റുള്ളവ | വെളിപ്പെടുത്തിയില്ല | ആകെ |
|---|---|---|---|---|---|---|---|---|
| നേരിട്ട് ബാധിക്കുന്നവർ | കണ്ണൂർ കോർപറേഷൻ | എണ്ണം | 3 | 0 | 27 | 4 | 2 | 36 |
| | | ശതമാനം | 8.3 | 0.0 | 75.0 | 11.1 | 5.6 | 100.0 |
| | അഴീക്കോട് | എണ്ണം | 0 | 0 | 44 | 1 | 0 | 45 |
| | | ശതമാനം | 0.0 | 0.0 | 97.8 | 2.2 | 0.0 | 100.0 |
| | **ആകെ** | **എണ്ണം** | 3 | 0 | 71 | 5 | 2 | 81 |
| | | ശതമാനം | 3.7 | 0.0 | 87.7 | 6.2 | 2.5 | 100.0 |
| പരോക്ഷമായി ബാധിക്കുന്നവർ | കണ്ണൂർ കോർപറേഷൻ | എണ്ണം | 0 | 0 | 7 | 0 | 2 | 9 |
| | | ശതമാനം | 0.0 | 0.0 | 77.8 | 0.0 | 22.2 | 100.0 |
| | അഴീക്കോട് | എണ്ണം | 0 | 0 | 1 | 0 | 0 | 1 |
| | | ശതമാനം | 0.0 | 0.0 | 100.0 | 0.0 | 0.0 | 100.0 |
| | **ആകെ** | **എണ്ണം** | 0 | 0 | 8 | 0 | 2 | 10 |
| | | ശതമാനം | 0.0 | 0.0 | 80.0 | 0.0 | 20.0 | 100.0 |

കുറിപ്പ്: കുടുംബങ്ങളുടെ എണ്ണം ബ്രാക്കറ്റിൽ നൽകിയിരിക്കുന്നു
അവലംബം: ഫീൽഡ് സർവേ

## 5.2 വിദ്യാഭ്യാസവും തൊഴിലും

പട്ടിക 5.5-ൽ പദ്ധതി ബാധിത കുടുംബങ്ങളെ വിദ്യാഭ്യാസത്തെ അടിസ്ഥാനമാക്കി തരംതിരിച്ചിരിക്കുന്നു. കുടുംബത്തിൽ ഏറ്റവുമധികം വിദ്യാഭ്യാസം നേടിയ അംഗത്തിന്റെ വിദ്യാഭ്യാസ യോഗ്യതയാണ് ഇവിടെ പരിഗണിച്ചിരിക്കുന്നത്. നേരിട്ട് ബാധിക്കുന്നവരിൽ 40.7 ശതമാനം പദ്ധതി ബാധിത കുടുംബങ്ങളിലും ഡിഗ്രിയോ അതിനു മുകളിലോ വിദ്യാഭ്യാസമുള്ള ഒരംഗമെങ്കിലും ഉണ്ട്. 11 ശതമാനം കുടുംബത്തിൽ എസ്.എസ്.എൽ.സി. യോഗ്യതയുള്ള ഒരംഗം പോലും ഇല്ല.

**പട്ടിക 5.5 : പദ്ധതി ബാധിത കുടുംബങ്ങളിലെ അംഗങ്ങളുടെ കൂടിയ വിദ്യാഭ്യാസ യോഗ്യത (ശതമാനം)**

| പദ്ധതി ബാധിതർ | എൽ.എസ്.ജി. ഐ. | | എസ്.എസ്.എൽ.സി.ക്കു താഴെ | എസ്.എസ്.എൽ.സി. | ഹയർ സെക്കണ്ടറി/ പ്രീ ഡിഗ്രി | ഡിഗ്രി/അതിനു മുകളിൽ | പ്രൊഫഷണൽ ഡിഗ്രി/ അതിനു മുകളിൽ | ഐ.ടി.ഐ. / ഡിപ്ലോമ | വെളിപ്പെടുത്തിയിട്ടില്ല | ആകെ |
|---|---|---|---|---|---|---|---|---|---|---|
| നേരിട്ട് ബാധിക്കുന്നവർ | കണ്ണൂർ കോർപറേഷൻ | എണ്ണം | 3 | 1 | 4 | 15 | 10 | 0 | 3 | 36 |
| | | ശതമാനം | 8.3 | 2.8 | 11.1 | 41.7 | 27.8 | 0.0 | 8.3 | 100.0 |
| | അഴീക്കോട് | എണ്ണം | 5 | 4 | 11 | 18 | 4 | 1 | 2 | 45 |
| | | ശതമാനം | 11.1 | 8.9 | 24.4 | 40.0 | 8.9 | 2.2 | 4.4 | 100.0 |
| | **ആകെ** | **എണ്ണം** | 8 | 5 | 15 | 33 | 14 | 1 | 5 | 81 |
| | | ശതമാനം | 9.9 | 6.2 | 18.5 | 40.7 | 17.3 | 1.2 | 6.2 | 100.0 |
| പരോക്ഷമായി ബാധിക്കുന്നവർ | കണ്ണൂർ കോർപറേഷൻ | എണ്ണം | 0 | 1 | 3 | 2 | 1 | 0 | 2 | 9 |
| | | ശതമാനം | 0.0 | 11.1 | 33.3 | 22.2 | 11.1 | 0.0 | 22.2 | 100.0 |
| | അഴീക്കോട് | എണ്ണം | 0 | 0 | 1 | 0 | 0 | 0 | 0 | 1 |
| | | ശതമാനം | 0.0 | 0.0 | 100.0 | 0.0 | 0.0 | 0.0 | 0.0 | 100.0 |
| | **ആകെ** | **എണ്ണം** | 0 | 1 | 4 | 2 | 1 | 0 | 2 | 10 |
| | | ശതമാനം | 0.0 | 10.0 | 40.0 | 20.0 | 10.0 | 0.0 | 20.0 | 100.0 |

കുറിപ്പ്: കുടുംബങ്ങളുടെ എണ്ണം ബ്രാക്കറ്റിൽ നൽകിയിരിക്കുന്നു
അവലംബം: ഫീൽഡ് സർവേ

പട്ടിക 5.6-ൽ, മുഖ്യ വരുമാനമാർഗ്ഗത്തെ അടിസ്ഥാനമാക്കി പദ്ധതി ബാധിത കുടുംബങ്ങളെ തരംതിരിച്ചിരിക്കുന്നു. കുടുംബത്തിലെ മുഖ്യ വരുമാനദാതാവിന്റെ പ്രധാന വരുമാന സ്രോതസ്സാണ് ഇവിടെ പരിഗണിച്ചിരിക്കുന്നത്. പദ്ധതി പ്രദേശം തീരദേശമാണെങ്കിലും, പദ്ധതി നേരിട്ട് ബാധിക്കുന്ന കുടുംബങ്ങളിൽ 4.9 ശതമാനത്തിന്റെ മുഖ്യവരുമാനമാർഗ്ഗം മത്സ്യ ബന്ധനമാണ്. 6.2 ശതമാനം കുടുംബങ്ങൾ **കൂലിപ്പണി/ ദിവസവേതനം** മുഖ്യ വരുമാനമാർഗത്തിനായി ആശ്രയിക്കുമ്പോൾ 19.8 ശതമാനം കുടുംബങ്ങൾ കച്ചവടം/വ്യവസായം/സ്വയംതൊഴിൽ എന്നിവയെ ആശ്രയിക്കുന്നു. പ്രദേശത്തെ 6.2 ശതമാനം കുടുംബങ്ങളുടെ മുഖ്യ വരുമാന മാർഗ്ഗം സാമൂഹ്യ ക്ഷേമ പെൻഷനാണ്. 11.1 ശതമാനം കുടുംബങ്ങളുടേത് തൊഴിലുറപ്പ് പദ്ധതിയുമാണ്.

### പട്ടിക 5.6 : പദ്ധതി ബാധിത കുടുംബങ്ങളുടെ മുഖ്യ വരുമാനമാർഗ്ഗം (ശതമാനം)

| പദ്ധതി ബാധിതർ | എൽ.എസ്.ജി.ഐ. | | കൃഷി | കച്ചവടം/ വ്യവസായം | കൂലിപ്പണി / / ദിവസവേതനം | വാടക | സ്വകാര്യ ജോലി | സർക്കാർ ജോലി | തൊഴിലുറപ്പ് | ക്ഷേമ പെൻഷൻ | സർവ്വീസ് പെൻഷൻ | വിദേശം | മൽസ്യബന്ധനം | വെളിപ്പെടുത്തിയിട്ടില്ല | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| നേരിട്ട് ബാധിക്കുന്നവർ | കണ്ണൂർ കോർപറേഷൻ | എണ്ണം | 2 | 15 | 3 | 3 | 5 | 2 | 0 | 1 | 2 | 1 | 0 | 2 | 36 |
| | | ശതമാനം | 5.6 | 41.7 | 8.3 | 8.3 | 13.9 | 5.6 | 0.0 | 2.8 | 5.6 | 2.8 | 0.0 | 5.6 | 100.0 |
| | അഴീക്കോട് | എണ്ണം | 1 | 1 | 2 | 1 | 4 | 3 | 1 | 3 | 2 | 1 | 24 | 2 | 45 |
| | | ശതമാനം | 2.2 | 2.2 | 4.4 | 2.2 | 8.9 | 6.7 | 2.2 | 6.7 | 4.4 | 2.2 | 53.3 | 4.4 | 100.0 |
| | ആകെ | എണ്ണം | 3 | 16 | 5 | 4 | 9 | 5 | 1 | 4 | 4 | 2 | 24 | 4 | 81 |
| | | ശതമാനം | 3.7 | 19.8 | 6.2 | 4.9 | 11.1 | 6.2 | 1.2 | 4.9 | 4.9 | 2.5 | 29.6 | 4.9 | 100.0 |
| പരോക്ഷമായി ബാധിക്കുന്നവർ | കണ്ണൂർ കോർപറേഷൻ | എണ്ണം | 0 | 9 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 9 |
| | | ശതമാനം | 0.0 | 100.0 | 0.0 | 0.0 | 0.0 | 0.0 | 0.0 | 0.0 | 0.0 | 0.0 | 0.0 | 0.0 | 100.0 |
| | അഴീക്കോട് | എണ്ണം | 0 | 1 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1 |
| | | ശതമാനം | 0.0 | 100.0 | 0.0 | 0.0 | 0.0 | 0.0 | 0.0 | 0.0 | 0.0 | 0.0 | 0.0 | 0.0 | 100.0 |
| | ആകെ | എണ്ണം | 0 | 10 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 10 |
| | | ശതമാനം | 0.0 | 100.0 | 0.0 | 0.0 | 0.0 | 0.0 | 0.0 | 0.0 | 0.0 | 0.0 | 0.0 | 0.0 | 100.0 |

കുറിപ്പ്: കുടുംബങ്ങളുടെ എണ്ണം ബ്രാക്കറ്റിൽ നൽകിയിരിക്കുന്നു
അവലംബം: ഫീൽഡ് സർവേ

## 5.3 വരുമാനവും ദാരിദ്ര്യാവസ്ഥയും

പട്ടിക 5.7-ൽ റേഷൻ കാർഡുകളുടെ നിറത്തെ അടിസ്ഥാനമാക്കി പദ്ധതി ബാധിത കുടുംബങ്ങളെ തരംതിരിച്ചിരിക്കുന്നു. പദ്ധതി നേരിട്ട് ബാധിക്കുന്നവരിൽ 31 ശതമാനം കുടുംബങ്ങൾ പിങ്ക് കാർഡുള്ളവരും (കേന്ദ്ര സർക്കാരിന്റെ സബ്സിഡിക്ക് അർഹരായവർ). 17.3 ശതമാനം നീല കാർഡുള്ളവരും (സംസ്ഥാന സർക്കാരിന്റെ സബ്സിഡിക്ക് അർഹരായവർ), 38.3 ശതമാനം വെള്ള കാർഡുമുള്ളവരുമാണ് (സബ്സിഡിക്ക് അർഹതയില്ലാത്തവർ). പദ്ധതി ബാധിതരിൽ ഒരു വലിയ വിഭാഗം കേന്ദ്ര മാനദണ്ഡപ്രകാരമുള്ള ദാരിദ്ര്യ രേഖക്ക് മുകളിലുള്ളവരാണെന്നത് പട്ടികയിൽ നിന്നും വ്യക്തമാണ്.

### പട്ടിക 5.7 : പദ്ധതി ബാധിത കുടുംബങ്ങളുടെ റേഷൻ കാർഡ് തരം (ശതമാനം)

| പദ്ധതി ബാധിതർ | എൽ.എസ്.ജി.ഐ. | | മഞ്ഞ | പിങ്ക് | നീല | വെള്ള | റേഷൻ കാർഡ് ഇല്ല | വെളിപ്പെടുത്തിയിട്ടില്ല | ആകെ |
|---|---|---|---|---|---|---|---|---|---|
| നേരിട്ട് ബാധിക്കുന്നവർ | കണ്ണൂർ കോർപറേഷൻ | എണ്ണം | 1 | 5 | 6 | 18 | 3 | 3 | 36 |
| | | ശതമാനം | 2.8 | 13.9 | 16.7 | 50.0 | 8.3 | 8.3 | 100.0 |
| | അഴീക്കോട് | എണ്ണം | 1 | 20 | 8 | 13 | 1 | 2 | 45 |
| | | ശതമാനം | 2.2 | 44.4 | 17.8 | 28.9 | 2.2 | 4.4 | 100.0 |
| | **ആകെ** | എണ്ണം | 2 | 25 | 14 | 31 | 4 | 5 | 81 |
| | | ശതമാനം | 2.5 | 30.9 | 17.3 | 38.3 | 4.9 | 6.2 | 100.0 |

(തുടരുന്നു)

**പട്ടിക 5.7 : പദ്ധതി ബാധിത കുടുംബങ്ങളുടെ റേഷൻ കാർഡ് തരം (ശതമാനം)**

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| പരോക്ഷമായി ബാധിക്കുന്നവർ | കണ്ണൂർ കോർപറേഷൻ | എണ്ണം | 0 | 2 | 1 | 4 | 2 | 0 | 9 |
| | | ശതമാനം | 0.0 | 22.2 | 11.1 | 44.4 | 22.2 | 0.0 | 100.0 |
| | അഴീക്കോട് | എണ്ണം | 0 | 1 | 0 | 0 | 0 | 0 | 1 |
| | | ശതമാനം | 0.0 | 100.0 | 0.0 | 0.0 | 0.0 | 0.0 | 100.0 |
| | **ആകെ** | എണ്ണം | 0 | 3 | 1 | 4 | 2 | 0 | 10 |
| | | ശതമാനം | 0.0 | 30.0 | 10.0 | 40.0 | 20.0 | 0.0 | 100.0 |

കുറിപ്പ്: കുടുംബങ്ങളുടെ എണ്ണം ബ്രാക്കറ്റിൽ നൽകിയിരിക്കുന്നു
അവലംബം: ഫീൽഡ് സർവേ

## 5.4 ദുർബല വിഭാഗങ്ങൾ

പദ്ധതി നടപ്പിലാക്കുമ്പോൾ പ്രത്യേക ശ്രദ്ധയും പരിഗണനയും നൽകേണ്ടവരാണ് ദുർബല വിഭാഗത്തിൽപ്പെടുന്നവർ. പദ്ധതി ബാധിതരിൽ പദ്ധതി ബാധിത കുടുംബത്തിലെ ദുർബല വിഭാഗത്തിൽപ്പെട്ട അംഗങ്ങളുടെ പൊതുവായ ഒരു വിവരണം പട്ടിക 5.8-ലും 5.9-ലും നൽകുന്നു.

**പട്ടിക 5.8 : പദ്ധതി നേരിട്ട് ബാധിക്കുന്ന കുടുംബത്തിലെ ദുർബല വിഭാഗത്തിൽപ്പെട്ട അംഗങ്ങളുടെ എണ്ണം**

| എൽ.എസ്.ജി. ഐ. | 60-നു മുകളിൽ വയസ്സായവർ | ഭിന്ന ശേഷിക്കാർ | ഗുരുതര രോഗികൾ |
|---|---|---|---|
| കണ്ണൂർ കോർപറേഷൻ | 37 | 1 | 1 |
| അഴീക്കോട് | 37 | 1 | 2 |
| **ആകെ** | 74 | 2 | 3 |

അവലംബം: ഫീൽഡ് സർവേ

**പട്ടിക 5.9 : പദ്ധതി പരോക്ഷമായി ബാധിക്കുന്ന കുടുംബത്തിലെ ദുർബല വിഭാഗത്തിൽപ്പെട്ട അംഗങ്ങളുടെ എണ്ണം**


| എൽ.എസ്.ജി. ഐ. | 60-നു മുകളിൽ വയസ്സായവർ | ഭിന്ന ശേഷിക്കാർ | ഗുരുതര രോഗികൾ |
|---|---|---|---|
| കണ്ണൂർ കോർപറേഷൻ | 4 | 0 | 0 |
| അഴീക്കോട് | 2 | 0 | 0 |
| **ആകെ** | 6 | 0 | 0 |

അവലംബം: ഫീൽഡ് സർവേ

## 5.5 ഭൂവിനിയോഗവും ഉപജീവനമാർഗ്ഗവും

പദ്ധതി ബാധിക്കുന്ന ഭൂമിയിൽ നിന്നുള്ള വരുമാന വിവരം ചിത്രം 5.3-ൽ നൽകിയിരിക്കുന്നു. പദ്ധതി ബാധിക്കുന്ന 60.5 ശതമാനം ഭൂമിയിൽ നിന്നും തെങ്ങിൽ നിന്നുള്ള കാർഷിക വരുമാനം ഭൂവുടമകൾക്ക് ലഭിക്കുന്നു. 16.0 ശതമാനം ഭൂവുടമകൾക്ക് കച്ചവടത്തിൽ നിന്നും, 11.1 ശതമാനം ഭൂവുടമകൾക്ക് വാടകയിൽ നിന്നുമായി പദ്ധതി ഭൂമിയിൽ നിന്നും വരുമാനം ലഭിക്കുന്നുണ്ട്. 17.3 ശതമാനം ഭൂ ഉടമകൾക്ക് ഒരു വരുമാനവും പദ്ധതി ബാധിത പ്രദേശത്ത് നിന്നും ലഭിക്കുന്നില്ല.

ചിത്രം 5.3: പദ്ധതി നേരിട്ട് ബാധിക്കുന്ന ഭൂമിയിൽ നിന്നുള്ള വരുമാനം




ഒരു ഭൂമിയിൽ നിന്ന് ഒന്നിലധികം വരുമാനങ്ങൾ ലഭിക്കുന്ന കുടുംബങ്ങൾ ഉണ്ട്

### 5.6 പ്രാദേശിക ഉപജീവന ഘടകങ്ങൾ

പദ്ധതി പ്രദേശം അറബികടലിൻ്റെ തീരദേശമായതിനാൽ ഉപജീവനത്തിനായി കടലിനെ ആശ്രയിക്കുന്ന നിരവധി കുടുംബങ്ങൾ ഇവിടെയുണ്ട്. കൂടാതെ ബീച്ചിലെത്തുന്ന വിനോദ സഞ്ചാരികളെ ലക്ഷ്യമാക്കിയുള്ള പെട്ടിക്കടകൾ നടത്തുന്നവരും ഹോം സ്റ്റേ സംരഭങ്ങളും പ്രദേശവാസികളുടെ ഉപജീവന മാർഗ്ഗങ്ങൾ ആണ്.

### 5.7 പ്രദേശത്തെ സാമ്പത്തിക പ്രവർത്തനങ്ങൾ

തീരദേശമായത് കൊണ്ട് തന്നെ, മൽസ്യ ബന്ധനവും അതോടനുബന്ധിച്ചുള്ള മറ്റു പ്രവർത്തനങ്ങളുമാണ് പ്രദേശത്തെ സാമ്പത്തിക ക്രയ വിക്രയങ്ങളെ സ്വാധീനിക്കുന്ന ഒരു മേഖല. ടൂറിസമാണ് പ്രദേശത്തെ മറ്റൊരു പ്രധാന മേഖല. ബീച്ചുകളും ടൂറിസ്റ്റ് കേന്ദ്രങ്ങളും പദ്ധതി പ്രദേശത്തോട് ചേർന്നാണ് സ്ഥിതി ചെയ്യുന്നത്. ഇവയോട് ചേർന്ന് പ്രവർത്തിക്കുന്ന കച്ചവട സ്ഥാപനങ്ങളുമെല്ലാം പ്രദേശത്തെ നിരവധിയാളുകളുടെ ജീവനോപാധിയാണ്.

### 5.8 കുടുംബ വ്യവസ്ഥയും സാമൂഹ്യ സാംസ്കാരിക സംഘടനകളും

പദ്ധതി ബാധിക്കുന്നവരിൽ ഭൂരിഭാഗം കുടുംബങ്ങളും അഞ്ചിൽ താഴെ അംഗങ്ങളുള്ള അണുകുടുംബ സമ്പ്രദായമാണ് പിന്തുടരുന്നത്. സാമൂഹികവും സാംസ്കാരികവുമായ സംഘടനകളും, ക്ലബ്ബുകളും, വായനശാലകളും, വിവിധ മത-സാമുദായിക സംഘടനകളും പ്രദേശത്ത് സജീവമാണ്.

### 5.9 ഭരണസംവിധാനം

കണ്ണൂർ ജില്ലയിലെ കണ്ണൂർ താലൂക്കിൽ കണ്ണൂർ കോർപറേഷൻ (പള്ളിക്കുന്ന് വില്ലേജ്), അഴീക്കോട് (അഴീക്കോട് സൗത്ത് വില്ലേജ്) എന്നീ ഗ്രാമ പഞ്ചായത്തുകളിലും പദ്ധതി പ്രദേശം സ്ഥിതി ചെയ്യുന്നത്.

### 5.10 രാഷ്ട്രീയ സംഘടനകൾ

കേരളത്തിൽ പ്രവർത്തിക്കുന്ന പ്രമുഖ രാഷ്ട്രീയ സംഘടനകളായ സി.പി.ഐ.(എം.), ഇന്ത്യൻ നാഷണൽ കോൺഗ്രസ്, ബി.ജെ.പി., ഇന്ത്യൻ യൂണിയൻ മുസ്ലിം ലീഗ്, സി.പി.ഐ. തുടങ്ങിയവ ഈ മേഖലയിൽ സജീവമാണ്.

### 5.11 സാമൂഹ്യാധിഷ്ഠിതമായ പൗര സംഘടനകൾ

കുടുംബശ്രീ അയൽക്കൂട്ടങ്ങൾ പ്രദേശത്ത് സജീവമായി പ്രവർത്തിക്കുന്നുണ്ട്. കൂടാതെ വിവിധ മത-സമുദായ സംഘടനകളുടെ നേതൃത്വത്തിലുള്ള സ്വയം സഹായ സംഘങ്ങളും പ്രദേശത്ത് പ്രവർത്തിക്കുന്നുണ്ട്.

### 5.12 ജീവിത സാഹചര്യങ്ങളുടെ ഗുണനിലവാരം

താരതമ്യേന മികച്ച വരുമാനം, വിദ്യാഭ്യാസം, ആരോഗ്യനില എന്നിവയുള്ള ഈ പ്രദേശത്തെ ജനങ്ങളുടെ ജീവിത നിലവാരം പൊതുവെ ഭേദമാണ് ഇവിടെ താമസിക്കുന്നവർക്ക് മെച്ചപ്പെട്ട . പൊതുജനാരോഗ്യ സൗകര്യങ്ങൾ, വിദ്യാഭ്യാസ സൗകര്യങ്ങൾ, ഗതാഗത സൗകര്യങ്ങൾ എന്നിവ ലഭ്യമാണ്.

# സാമൂഹ്യ പ്രത്യാഘാത മാനേജ്മെന്റ് പ്ലാൻ

## അധ്യായം 6

### 6.1 സാമൂഹ്യ പ്രത്യാഘാത ലഘൂകരണത്തിനുള്ള സമീപനം

ഭൂമി ഏറ്റെടുക്കുന്നതിലൂടെ സംഭവിക്കാവുന്ന അനുകൂലവും പ്രതികൂലവുമായ പ്രത്യാഘാതങ്ങൾ വിലയിരുത്തുക, അതോടൊപ്പം പദ്ധതി വഴി ഉണ്ടായേക്കാവുന്ന പ്രതികൂല സാഹചര്യങ്ങളെ പരമാവധി ലഘൂകരിക്കുന്നതിനും, പദ്ധതി വഴി ഉണ്ടാകാൻ സാധ്യതയുള്ള സാമൂഹ്യ നേട്ടങ്ങളെ പരമാവധി പ്രയോജനപ്പെടുത്തുന്നതിനുമുള്ള പദ്ധതി തയ്യാറാക്കുക എന്നിവയാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ പ്രധാന ഉദ്ദേശ ലക്ഷ്യങ്ങൾ. ഇതിനായി എസ്.ഐ.എ. പഠന സംഘം പദ്ധതി പ്രദേശം സന്ദർശിച്ചും, ലഭ്യമായ രേഖകൾ പരിശോധിച്ചും, റവന്യൂ വകുപ്പ്, കേരള റോഡ് ഫണ്ട് ബോർഡ് എന്നിവയുടെ ഉദ്യോഗസ്ഥരുമായി ചർച്ചകൾ നടത്തിയും, ഫീൽഡ് സർവേയിലൂടെ വിവരങ്ങൾ ശേഖരിച്ചും, പദ്ധതി പ്രദേശത്തെക്കുറിച്ച് വിശദമായ പഠനം നടത്തുകയുണ്ടായി. പദ്ധതിയുമായി ബന്ധപ്പെട്ട ജനങ്ങളുടെ താല്പര്യങ്ങളും ആശങ്കകളും മനസ്സിലാക്കുന്നതിനായി, പ്രദേശത്തെ പ്രധാന വ്യക്തികളും ജനപ്രതിനിധികളും മറ്റ് സ്റ്റേക്ക്ഹോൾഡേഴ്സുമടക്കം ഈ പദ്ധതിയുമായി ബന്ധപ്പെടുന്ന പരമാവധി ആളുകളിൽ നിന്നും പഠന സംഘം വിവരങ്ങൾ ശേഖരിക്കുകയുണ്ടായി. ഇത്തരത്തിൽ വിവിധ സ്രോതസ്സുകളിൽ നിന്നും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്താണ് സാമൂഹ്യ പ്രത്യാഘാതങ്ങൾ വിലയിരുത്തി അവക്കായുള്ള മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കിയത്.

### 6.2 പദ്ധതിയുടെ ഭാഗമായുണ്ടാകാവുന്ന സാമൂഹ്യ പ്രത്യാഘാതങ്ങൾ

ഭൂമി ഏറ്റെടുക്കുക വഴി പദ്ധതി പ്രദേശത്ത് ഉണ്ടായേക്കാമെന്ന് പഠന സംഘം കണ്ടെത്തിയിട്ടുള്ള പ്രധാന പ്രത്യാഘാതങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

#### 6.2.1 പദ്ധതിമൂലം മാറിത്താമസിക്കേണ്ടതായി വരുന്നവർ

പദ്ധതി നേരിട്ട് ബാധിക്കുന്ന 7 കുടുംബങ്ങൾ ഭൂമിയേറ്റെടുക്കൽ മൂലം തങ്ങളുടെ പരിചിതമായ ചുറ്റുപാടിൽ നിന്നും മാറിത്താമസിക്കേണ്ടതായി വരും (പട്ടിക 6.1).

**പട്ടിക 6.1: സ്വന്തം വീട്ടിൽ നിന്നും മാറിത്താമസിക്കേണ്ടി വരുന്ന കുടുംബങ്ങളുടെ എണ്ണം**

| എൽ.എസ്.ജി.ഐ. | പൂർണ്ണമായ നഷ്ടം | | ഭാഗീകമായ നഷ്ടം - പുനരുപയോഗം സാധ്യമല്ല | | ആകെ |
|---|---|---|---|---|---|
| | വീട് | വരുമാനം ചേർന്നുള്ള വീട് | വീട് | വരുമാനം ചേർന്നുള്ള വീട് | |
| കണ്ണൂർ കോർപറേഷൻ | 0 | 0 | 0 | 1 | 1 |
| അഴീക്കോട് | 5 | 0 | 1 | 0 | 6 |
| **ആകെ** | **5** | **0** | **1** | **1** | **7** |

അവലംബം: ഫീൽഡ് സർവേ

### 6.2.2 ജീവനോപാധിയിലുണ്ടാകാവുന്ന പ്രത്യാഘാതം

പദ്ധതി നേരിട്ട് ബാധിക്കുന്ന 81 കുടുംബങ്ങളിലെ 10 കുടുംബങ്ങൾക്ക് പദ്ധതി മൂലം വരുമാനം പൂർണമായി നഷ്ടപ്പെടുന്നു. പദ്ധതി പരോക്ഷമായി ബാധിക്കുന്ന വാടകക്കാരായ 9 കുടുംബങ്ങൾക്കും 170 തൊഴിലാളി കുടുംബങ്ങൾക്കും പദ്ധതി മൂലം വരുമാനം പൂർണമായി നഷ്ടപ്പെടുന്നുണ്ട്.

**പട്ടിക 6.2 : പദ്ധതി മൂലം ജീവനോപാധി നഷ്ടപ്പെടുന്ന കുടുംബങ്ങളുടെ എണ്ണം**

| എൽ.എസ്.ജി.ഐ. | ഭൂവുടമകൾ | വാടകക്കാർ | തൊഴിലാളികൾ | ആകെ |
|---|---|---|---|---|
| കണ്ണൂർ കോർപറേഷൻ | 9 | 9 | 151 | 169 |
| അഴീക്കോട് | 1 | 0 | 0 | 1 |
| **ആകെ** | **10** | **9** | **151** | **170** |

കുറിപ്പ്: മൂന്നോ അതിലധികമോ വർഷമായി പദ്ധതി പ്രദേശത്തുനിന്നും ജീവനോപാധി കണ്ടെത്തുന്ന വാടകക്കാരുടെയും തൊഴിലാളികളുടെയും വിവരങ്ങളാണ് ഇതിലുൾപ്പെടുത്തിയിട്ടുള്ളത്.
അവലംബം: ഫീൽഡ് സർവേ

### 6.2.3 പരിസ്ഥിതിയിലുണ്ടാകാവുന്ന പ്രത്യാഘാതം

ഒരു പദ്ധതിക്കായി ഭൂമിയേറ്റെടുക്കുന്നത് സ്വാഭാവികമായും പ്രദേശത്തെ സസ്യജാലങ്ങളെയും പരിസ്ഥിതിയെയും ബാധിക്കും. ഫീൽഡ് സർവേയിൽ പങ്കാളികളായ പദ്ധതി ബാധിത കുടുംബങ്ങൾ റിപ്പോർട്ട് ചെയ്യുന്ന പ്രകാരം, പദ്ധതി മൂലം കുറഞ്ഞത് 131 തെങ്ങുകൾ പദ്ധതി ബാധിക്കുന്ന ഭൂമികളിൽ നിന്നും മുറിച്ചുമാറ്റേണ്ടി വരും.

### 6.2.4 സ്ഥാവരജംഗമ വസ്തുക്കൾക്കുണ്ടാകാവുന്ന പ്രത്യാഘാതം[5]

കെട്ടിടങ്ങളല്ലാത്ത 114 നിർമ്മിതികൾ പദ്ധതിയുടെ ഭാഗമായി നഷ്ടമാകും. കിണറുകൾ, സെപ്റ്റിക് ടാങ്കുകൾ, ഗേറ്റുകൾ, ചുറ്റുമതിലുകൾ എന്നിവ ഇതിലുൾപ്പെടുന്നു (പട്ടിക 6.3).

**പട്ടിക 6.3 : പദ്ധതി മൂലം നഷ്ടപ്പെടാവുന്ന സ്ഥാവരജംഗമ വസ്തുക്കൾ**

| എൽ.എസ്.ജി.ഐ. | കുഴൽ കിണർ | ചുറ്റുമതിൽ | ഗേറ്റ് | സെപ്റ്റിക് ടാങ്ക് | ട്രസ്സ് വർക്ക് | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|---|---|
| കണ്ണൂർ കോർപറേഷൻ | 0 | 26 | 34 | 2 | 8 | 14 | 84 |
| അഴീക്കോട് | 3 | 3 | 2 | 10 | 3 | 9 | 30 |
| **ആകെ** | 3 | 29 | 36 | 12 | 11 | 23 | 114 |

അവലംബം: ഫീൽഡ് സർവേ

ഇവക്കുപുറമെ, റോഡിനിരുവശങ്ങളിലുമായി സ്ഥാപിച്ചിട്ടുള്ള ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ, കുടിവെള്ള പൈപ്പ് ലൈനുകൾ, വൈദ്യുതി പോസ്റ്റുകൾ, ട്രാൻസ്ഫോർമറുകൾ എന്നിവയും പദ്ധതിക്കായി മാറ്റി സ്ഥാപിക്കേണ്ടി വരും.

[5] ഫീൽഡ് സർവേയിൽ പങ്കാളികളായ പദ്ധതി ബാധിത കുടുംബങ്ങൾ റിപ്പോർട്ട് ചെയ്ത വിവരങ്ങളാണിത്.

### 6.3 പദ്ധതിയുടെ ഭാഗമായുണ്ടാകാവുന്ന സാമൂഹ്യ പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ

പദ്ധതി സൃഷ്ടിക്കുന്ന ദോഷകരമായ സാമൂഹ്യ പ്രത്യാഘാതങ്ങളെ ലഘൂകരിക്കുന്നതിനും, പദ്ധതി മൂലം ഉണ്ടാകാവുന്ന നഷ്ടങ്ങൾക്ക് പരിഹാരം കാണുന്നതിനും താഴെ കൊടുത്തിട്ടുള്ള നടപടികൾ കൈക്കൊള്ളാവുന്നതാണ്.

#### 6.3.1 വീട്/ഭൂമി/വസ്തുക്കൾ എന്നിവക്കുണ്ടാകാവുന്ന നഷ്ടങ്ങൾക്കുള്ള പരിഹാര നിർദ്ദേശങ്ങൾ

- സ്ഥലം ഏറ്റെടുക്കുക വഴി വീട്/ഭൂമി/വസ്തുക്കൾ എന്നിവക്ക് നഷ്ടമുണ്ടാവുന്ന കുടുംബങ്ങളെ 2013-ലെ RFCTLARR നിയമത്തിനു വിധേയമായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിരിക്കുന്ന പുനരധിവാസ-പുനസ്ഥാപന നയവും, വിവിധ കാലങ്ങളിൽ സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകളും (GO(Ms)No.485/2015/RD തീയതി 23.09.2015; GO(Ms)No.448/2017/RD തീയതി 29.12.2017; GO(Ms)No.50/2023/RD തീയതി 10.03.2023) പ്രകാരം പുനരധിവസിപ്പിക്കേണ്ടതാണ്.
- പുനരധിവാസ-പുനസ്ഥാപന പദ്ധതിയിൽ ദുർബല വിഭാഗങ്ങളിൽപ്പെട്ട കുടുംബങ്ങൾക്ക് മുൻഗണന നൽകേണ്ടതാണ്.
- ചുറ്റുമതിൽ, ഗേറ്റ്, ടാങ്ക് തുടങ്ങിയ സ്ഥാവരജംഗമ വസ്തുക്കളും മരങ്ങളും നഷ്ടമാകുന്നവർക്ക് ഇതേ നയം അനുശാസിക്കുന്ന തരത്തിലുള്ള നഷ്ടപരിഹാരം ഉറപ്പാക്കേണ്ടതാണ്. പുനരുപയോഗം സാധ്യമാകുന്ന വസ്തുക്കൾ വീണ്ടും ഉപയോഗിക്കുന്നതിനായി ഉടമകളെ പ്രോത്സാഹിപ്പിക്കാവുന്നതാണ്.
- പദ്ധതി പ്രദേശത്തുനിന്നും താമസം മാറേണ്ടിവരുന്നതിനെ ഏറ്റവും പ്രതികൂലമായ പ്രത്യാഘാതമായി കണക്കാക്കി അവരുടെ പുനരധിവാസ-പുനസ്ഥാപന നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തേണ്ടതാണ്.
- നിർദ്ദിഷ്ട സ്ഥലമേറ്റെടുക്കൽ രൂപരേഖ പ്രകാരം ഭാഗികമായി നഷ്ടപ്പെടുന്ന ഭൂമിയുടെ അവശേഷിക്കുന്ന ഭാഗം ഉപയോഗയോഗ്യമല്ലെങ്കിൽ ബാക്കിയാവുന്ന ഭൂമികൂടി ഏറ്റെടുക്കുന്നത് പരിഗണിക്കാവുന്നതാണ്.
- ഇത്തരത്തിൽ അധികമായി ഏറ്റെടുക്കുന്ന സ്ഥലം ബസ് ബേ, ഓപ്പൺ ജിം തുടങ്ങിയ പൊതു ആവശ്യങ്ങൾക്ക് ഉപയോഗിക്കാനുള്ള സാധ്യതകൾ പരിഗണിക്കാവുന്നതാണ്.
- പദ്ധതി മൂലം ബിൽഡിംഗ് റൂൾ അനുശാസിക്കുന്ന തരത്തിൽ കെട്ടിടവും റോഡും തമ്മിലുള്ള അകലം പാലിക്കാനാവാതെ വരുന്ന നിലവിലുള്ള കെട്ടിടങ്ങളെ പ്രത്യേക സാഹചര്യമായി കണക്കാക്കിക്കൊണ്ട് ബിൽഡിങ്ങ് റൂളുകളിൽ ഇളവ് അനുവദിക്കുന്നത് പരിഗണിക്കാവുന്നതാണ്.
- തീരദേശ ഹൈവേ കടന്നുപോകുന്ന പ്രദേശങ്ങൾ പലതും കോസ്റ്റൽ റെഗുലേഷൻ സോണിൽ ഉൾപ്പെടുന്നതായതിനാൽ, ഇവിടങ്ങളിൽ പുതുതായി വീടും കെട്ടിടങ്ങളും പണിതവർക്ക് കെട്ടിട നമ്പർ ലഭിക്കാത്ത സാഹചര്യമുണ്ട്. ഇവർക്കുണ്ടാകുന്ന നഷ്ടത്തിന് ന്യായമായ നഷ്ടപരിഹാരം അനുവദിക്കുന്നത് പരിഗണിക്കാവുന്നതാണ്.
- കാലങ്ങളായി ഉടമസ്ഥാവകാശമില്ലാത്ത ഭൂമികളിലും പുറമ്പോക്കിലും താമസിക്കുന്ന പദ്ധതി ബാധിത കുടുംബങ്ങളെ നിയമാനുസൃതമായ നഷ്ടപരിഹാരം നൽകി പുനരധിവസിപ്പിക്കാവുന്നതാണ്.

### 6.3.2 ജീവനോപാധികൾക്കുണ്ടാകാവുന്ന നഷ്ടങ്ങൾക്കുള്ള പരിഹാര നിർദ്ദേശങ്ങൾ

- പദ്ധതി മൂലം ജീവനോപാധി നഷ്ടപ്പെടുന്ന അവശ ജനവിഭാഗങ്ങൾക്ക് ജീവനോപാധി കണ്ടെത്തുന്നതിനായി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് ഉചിതമായ ഇടങ്ങളിൽ വഴിയോര കച്ചവട സംരംഭങ്ങൾ പോലുള്ളവ സ്ഥാപിക്കുന്നതിന്റെ സാധ്യത പരിഗണിക്കാവുന്നതാണ്.
- വ്യാപാര സ്ഥാപനങ്ങൾ മാറ്റി സ്ഥാപിക്കുന്നതിന്റെ ഭാഗമായി വരുമാനം നഷ്ടപ്പെടുന്ന തൊഴിലാളികൾക്ക് ഇടക്കാലാശ്വാസം നൽകുന്നത് പരിഗണിക്കാവുന്നതാണ്.
- മൽസ്യബന്ധനവുമായി ബന്ധപ്പെട്ടുള്ള സാധന സാമഗ്രികൾ കെട്ടിടങ്ങൾ സ്ഥലമേറ്റെടുക്കൽ മൂലം പൂർണ്ണമായും പൊളിച്ച് മാറ്റേണ്ടതായി വരുന്നു. ഇത് മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിട്ടുള്ളവരുടെ തൊഴിലിനെ ബാധിക്കുന്നുമെന്നതിനാൽ തൊഴിലുമായി ബന്ധപ്പെട്ട സാധന സാമഗ്രികളും ഇന്ധനവും സൂക്ഷിക്കുന്നതിനുള്ള സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ എടുക്കാവുന്നതാണ്.

### 6.3.3 പാരിസ്ഥിതിക കോട്ടം ലഘൂകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ

- മരങ്ങൾ മുറിച്ച് മാറ്റപ്പെടുക വഴി പരിസ്ഥിതിക്കുണ്ടാകാവുന്ന നഷ്ടം നികത്തുന്നതിന് പാരിസ്ഥിതിക നിയമങ്ങൾ അനുശാസിക്കുന്നവിധത്തിൽ മരങ്ങൾ നടേണ്ടതാണ്. ഇതിനായി കേരള വന ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട് പോലെയുള്ള സ്ഥാപനങ്ങളുടെ മാർഗ്ഗനിർദ്ദേശങ്ങൾ തേടുന്നത് അഭികാമ്യമായിരിക്കും.
- പദ്ധതി നിർവ്വഹണ ഘട്ടത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന വിവിധതരം മാലിന്യങ്ങൾ ശാസ്ത്രീയമായി നിർമ്മാർജനം ചെയ്യാനുള്ള സംവിധാനം ഉറപ്പാക്കേണ്ടതാണ്.
- പദ്ധതി നിർവ്വഹണ ഘട്ടത്തിൽ അന്തരീക്ഷ മലിനീകരണവും ശബ്ദമലിനീകരണവും ഒഴിവാക്കുന്നതിന് നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആധുനിക യന്ത്രസാമഗ്രികളും സാങ്കേതിക വിദ്യയും ഉപയോഗിക്കാവുന്നതാണ്.
- കടൽകയറ്റവും മഴയും മൂലം വെള്ളക്കെട്ടുണ്ടാവാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ ശാസ്ത്രീയമായ രീതിയിൽ കലുങ്കുകൾ നിർമ്മിച്ച് ജലമൊഴുക്ക് ഉറപ്പാക്കണം. പദ്ധതി നടപ്പാക്കുന്ന സമയത്തും പ്രദേശത്തെ ജലമൊഴുക്ക് തടസ്സപ്പെടുന്നില്ലെന്ന് ഉറപ്പാക്കേണ്ടതാണ്.

### 6.3.4 മറ്റ് നിർദ്ദേശങ്ങൾ

- കാൽനട-സൈക്കിൾ യാത്രക്കാരുടെ സുരക്ഷക്ക് പ്രാധാന്യം നൽകുന്നതോടൊപ്പം, നിർദ്ദിഷ്ട ഹൈവേ ഭിന്നശേഷി-വയോജന സൌഹൃദം കൂടിയാക്കാൻ ശ്രമിക്കേണ്ടതാണ്.
- പദ്ധതി നിർവ്വഹണ ഘട്ടത്തിൽ പൊടിയും മറ്റും മൂലം ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകാനുള്ള സാധ്യത മുൻകൂട്ടിക്കണ്ട് ശാസ്ത്രീയമായി പ്രതിരോധിക്കുന്നതിനും, അവയുടെ ആഘാതം ലഘൂകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
- പ്രദേശത്തെ പ്രധാന റോഡിൽ തന്നെയാണ് വികസന പ്രവർത്തനം എന്നതിനാൽ, പൊതുഗതാഗതത്തെ തടസ്സപ്പെടുത്താതെയും, കാൽനട യാത്രക്കാരുടെയും സൈക്കിൾ യാത്രക്കാരുടെയും സുരക്ഷ ഉറപ്പാക്കിയുമായിരിക്കണം നിർമ്മാണ പ്രവർത്തനങ്ങൾ നടത്തേണ്ടത്. നിർമ്മാണം തുടങ്ങുന്നതിന് മുമ്പ് തന്നെ ബദൽ റൂട്ടുകൾ കണ്ടെത്തി പ്രധാന ജങ്ഷനുകളിൽ ഇവ സൂചിപ്പിക്കുന്ന ബോർഡുകൾ സ്ഥാപിക്കേണ്ടതാണ്.

- പദ്ധതി നടപ്പാക്കുന്ന സമയത്ത്, തൊഴിലാളികളുടെയും പ്രദേശവാസികളുടെയും സുരക്ഷ ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
- നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായുണ്ടാകുന്ന തൊഴിലവസരങ്ങളിൽ പദ്ധതിബാധിതരെയും പ്രദേശവാസികളെയും ഉൾപ്പെടുത്താൻ പരമാവധി ശ്രമിക്കാവുന്നതാണ്.
- തൊഴിലാളികളുടെ ആരോഗ്യ പ്രശ്നങ്ങൾ ആവശ്യമായ ശ്രദ്ധയോടെ കൈകാര്യം ചെയ്യുന്നു എന്ന് ഉറപ്പാക്കേണ്ടതുണ്ട്. ഇതര സംസ്ഥാനങ്ങളിൽ നിന്നടക്കം മറ്റുപ്രദേശങ്ങളിൽ നിന്നുവന്ന് ജോലിചെയ്യുന്ന തൊഴിലാളികളെ അടുത്തുള്ള സർക്കാർ ആരോഗ്യ സംവിധാനങ്ങളുമായി ബന്ധപ്പെടുത്തണം. പ്രതിരോധ മരുന്നുകൾ യഥാസമയം അവർക്ക് ലഭിക്കുന്നു എന്ന് ഉറപ്പാക്കണം.
- നിർമ്മാണ പ്രവർത്തനങ്ങളിൽ പുറത്തുനിന്നുള്ള തൊഴിലാളികളെ ഉൾപ്പെടുത്തുന്നുണ്ടെങ്കിൽ ശരിയായ രീതിയിലുള്ള ശൗചാലയ സൗകര്യങ്ങളോട്ടുകൂടിയ മാന്യമായ താമസ സൗകര്യം ഉറപ്പാക്കേണ്ടതാണ്. സംസ്ഥാന സർക്കാരിന്റെ അതിഥി തൊഴിലാളികൾക്കായുള്ള ക്ഷേമ പദ്ധതികളുമായി അവരെ ബന്ധിപ്പിക്കാവുന്നതാണ്.
- ഇലക്ട്രിക് പോസ്റ്റുകൾ, ട്രാൻസ്ഫോർമറുകൾ, ഒപ്റ്റിക്കൽ കേബിളുകൾ, കുടിവെള്ള പൈപ്പ് ലൈനുകൾ എന്നിവ മാറ്റി സ്ഥാപിക്കുന്നതിനുള്ള വ്യവസ്ഥകൾ പദ്ധതിയുടെ ഭാഗമായി ഉൾക്കൊള്ളിക്കണം. ഇവ മാറ്റി സ്ഥാപിക്കുമ്പോൾ നിലവിലുള്ള നടപ്പാതക്ക് തടസ്സമുണ്ടാകാതെ ശ്രദ്ധിക്കേണ്ടതുണ്ട്.
- റോഡിന്റെ അടിയിലൂടെ സ്ഥാപിച്ചിരിക്കുന്ന കേബിളുകൾ, കുടിവെള്ള പൈപ്പുകൾ എന്നിവ റോഡിനോടനുബന്ധമായി മൾട്ടി യൂട്ടിലിറ്റി ഡക്റ്റ് നിർമ്മിച്ച് മാറ്റി സ്ഥാപിക്കാവുന്നതാണ്. ഇത് പിന്നീടുണ്ടാകാവുന്ന അറ്റകുറ്റപ്പണികളുടെ സമയത്ത് ജനങ്ങൾക്കുണ്ടാകാവുന്ന അസൗകര്യങ്ങളെ കുറക്കുന്നതിനു സഹായിക്കും.
- പദ്ധതിയുടെ വിവിധ ഘട്ടങ്ങളിൽ ഉയർന്ന് വന്നേക്കാവുന്ന അപ്രതീക്ഷിതങ്ങളായ പ്രശ്നങ്ങളെ വേഗത്തിൽ പരിഹരിച്ച് മുന്നോട്ട് പോകുന്നതിന് ആവശ്യമായ ഒരു പരാതി പരിഹാര സംവിധാനം പദ്ധതിയുമായി ബന്ധപ്പെട്ട വിവിധ സ്റ്റേക്ഹോൾഡേഴ്സിന്റെ പങ്കാളിത്തത്തോടെ നടപ്പിലാക്കാവുന്നതാണ്.
- സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ട് പദ്ധതി ബാധിതർക്കുള്ള ആശങ്കളും ഉത്ക്കണ്ഠകളും സംശയങ്ങളും പരിഹരിക്കുന്നതിനുള്ള ശ്രമങ്ങൾ തദ്ദേശ സ്ഥാപനങ്ങളുടെയും ജനപ്രതിനിധികളുടെയും സഹകരണത്തോടെ നടപ്പിലാക്കുന്നത് പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സഹായകരമാവും.

### 6.4 നിയമത്തിൽ പുനരധിവാസത്തിനും പുനസ്ഥാപനത്തിനും നഷ്ടപരിഹാരത്തിനുമായി ഉൾപ്പെടുത്തിയിട്ടുള്ള വ്യവസ്ഥകൾ

പദ്ധതിമൂലം കുടുംബങ്ങൾക്കുണ്ടാകാവുന്ന നഷ്ടങ്ങൾക്ക്, 2013-ലെ RFCTLARR നിയമത്തിനു വിധേയമായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിരിക്കുന്ന പുനരധിവാസ-പുനസ്ഥാപന നയവും, വിവിധ കാലങ്ങളിൽ സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകളും (GO(Ms)No.485/2015/RD തീയതി 23.09.2015; GO(Ms)No.448/2017/RD തീയതി 29.12.2017; GO(Ms)No.50/2023/RD തീയതി 10.03.2023) അടിസ്ഥാനമാക്കിയുള്ള പാക്കേജ് ബാധകമാണ്.

### 6.5 നഷ്ടപരിഹാരവുമായി ബന്ധപ്പെട്ട് പദ്ധതി രേഖയിൽ ഉൾപ്പെടുത്തുമെന്ന് അർത്ഥനാധികാരി പ്രസ്താവിച്ചിട്ടുള്ള നടപടികൾ

പദ്ധതിമൂലം കുടുംബങ്ങൾക്കുണ്ടാകാവുന്ന നഷ്ടങ്ങൾക്ക്, 2013-ലെ RFCTLARR നിയമത്തിനു വിധേയമായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിരിക്കുന്ന പുനരധിവാസ-പുനസ്ഥാപന നയവും, വിവിധ കാലങ്ങളിൽ സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകളും (GO(Ms)No.485/2015/RD തീയതി 23.09.2015; GO(Ms)No.448/2017/RD തീയതി 29.12.2017; GO(Ms)No.50/2023/RD തീയതി 10.03.2023) അടിസ്ഥാനമാക്കിയുള്ള പാക്കേജ് ഉറപ്പാക്കുമെന്ന് അർത്ഥനാധികാരി അറിയിച്ചിട്ടുണ്ട്.

### 6.6 സാമൂഹ്യ പ്രത്യാഘാത പഠനത്തിൽ കണ്ടെത്തിയ വിവിധങ്ങളായ പ്രത്യാഘാതങ്ങളുടെ തീവ്രത കുറക്കുവാനായി പദ്ധതി രൂപകൽപ്പനയിൽ വരുത്തേണ്ട മാറ്റങ്ങൾ

പദ്ധതിയുടെ രൂപകല്പനയിൽ മാറ്റങ്ങൾ ഒന്നും നിർദ്ദേശിക്കപ്പെട്ടിട്ടില്ല.

### 6.7 സാമൂഹ്യ പ്രത്യാഘാത മാനേജ്മെന്റ് പ്ലാൻ

**പട്ടിക 6.4 : സാമൂഹ്യ പ്രത്യാഘാത മാനേജ്മെന്റ് പ്ലാൻ**

| ക്ര. നം. | സാമൂഹ്യ പ്രത്യാഘാതം | ലഘൂകരണ തന്ത്രം | സമയക്രമം | ശ്രദ്ധിക്കേണ്ട സൂചിക |
|---|---|---|---|---|
| 1 | വീട്/ഭൂമി/വസ്തുക്കൾ എന്നിവക്കുണ്ടാകാവുന്ന പ്രത്യാഘാതം | 2013-ലെ RFCTLARR നിയമത്തിനു വിധേയമായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിരിക്കുന്ന പുനരധിവാസ-പുനസ്ഥാപന നയവും, വിവിധ കാലങ്ങളിൽ സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകളും (GO(Ms)No.485/2015/RD തീയതി 23.09.2015; GO(Ms)No.448/2017/RD തീയതി 29.12.2017; GO(Ms)No.50/2023/RD തീയതി 10.03.2023) പ്രകാരമുള്ള നഷ്ടപരിഹാരം നൽകേണ്ടതാണ് | 2013-ലെ RFCTLARR നിയമത്തിനു വിധേയമായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിരിക്കുന്ന കേരള RFCTLARR ചട്ടം 2015 പ്രകാരമുള്ള സമയക്രമം പാലിക്കുക | 2013-ലെ RFCTLARR നിയമത്തിനു വിധേയമായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിരിക്കുന്ന പുനരധിവാസ-പുനസ്ഥാപന നയവും, വിവിധ കാലങ്ങളിൽ സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകളും അനുസരിച്ചുള്ള നഷ്ടപരിഹാരം വിതരണം ചെയ്യുവെന്ന് പദ്ധതി ബാധിതരെ ബോധ്യപ്പെടുത്തൽ |
| 2 | ജീവനോപാധികൾക്കുണ്ടാകാവുന്ന പ്രത്യാഘാതം | | | |
| 3 | സ്ഥാവരജംഗമ വസ്തുക്കൾക്കുണ്ടാകാവുന്ന പ്രത്യാഘാതം | | | |
| 4 | മരങ്ങൾ മുറിച്ച് മാറ്റപ്പെടുന്നത് മൂലമുണ്ടാകാവുന്ന പ്രത്യാഘാതം | മുറിച്ചുമാറ്റപ്പെടുന്നതിനു പകരം, പാരിസ്ഥിതിക നിയമങ്ങൾക്കനുസൃതമായ അളവിൽ മരങ്ങൾ നടേണ്ടതാണ് | നിർമ്മാണം പൂർത്തിയാക്കുന്നതിനുമുൻപ് തൈകൾ നട്ട് അവയുടെ സംരക്ഷണം ഉറപ്പാക്കുക | പാരിസ്ഥിതിക നിയമങ്ങൾക്കനുസൃതമായ അളവിൽ മരങ്ങൾ നട്ടു എന്ന് ഉറപ്പ് വരുത്തൽ |
| 5 | പദ്ധതി നിർവ്വഹണ ഘട്ടത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന വിവിധതരം മാലിന്യങ്ങൾ മൂലമുണ്ടാകാവുന്ന പ്രത്യാഘാതം | പദ്ധതി നിർവ്വഹണ ഘട്ടത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന വിവിധതരം മാലിന്യങ്ങൾ ശാസ്ത്രീയമായി നിർമ്മാർജ്ജനം | പദ്ധതി നിർവ്വഹണ ഘട്ടത്തിൽ ഉല്പാദിപ്പിക്കപ്പെടാൻ സാധ്യതയുള്ള മാലിന്യങ്ങൾ മുൻകൂട്ടി മനസ്സിലാക്കി, | മാലിന്യം സമയബന്ധിതമായി മാറ്റുന്നു എന്ന് ബോധ്യപ്പെടുത്തൽ |

| | | | | |
|---|---|---|---|---|
| | | ചെയ്യാനുള്ള സംവിധാനം ഉറപ്പാക്കേണ്ടതാണ് | നിർമ്മാണഘട്ടത്തിന് മുമ്പ് ഇവ നിർമാർജ്ജനം/ പുനരുപയോഗം ചെയ്യാനുള്ള പദ്ധതി ആസൂത്രണം ചെയ്യുക | |
| 6 | പദ്ധതി നിർവ്വഹണ ഘട്ടത്തിൽ ഉണ്ടാവാൻ സാധ്യതയുള്ള പൊടിയും മറ്റും മൂലമുണ്ടാകാവുന്ന പ്രത്യാഘാതം | പദ്ധതി നിർവ്വഹണ ഘട്ടത്തിൽ പൊടിയും മറ്റും മൂലം ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകാനുള്ള സാധ്യത മുൻകൂട്ടിക്കണ്ട് ശാസ്ത്രീയമായി പ്രതിരോധിക്കുന്നതിനും, അവയുടെ ആഘാതം ലഘൂകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുക | പദ്ധതി നിർവ്വഹണ ഘട്ടത്തിനു മുമ്പ് ആസൂത്രണം ചെയ്ത് നടപ്പാക്കുക | പൊടിയും മറ്റും ശാസ്ത്രീയമായി പ്രതിരോധിക്കുകയും, അവയുടെ ആഘാതം ലഘൂകരിക്കുകയും ചെയ്യുന്നു എന്ന് ഉറപ്പാക്കൽ |
| 7 | പദ്ധതി നിർവ്വഹണ ഘട്ടത്തിൽ പൊതു ജനങ്ങളുടെ ഗതാഗത സൌകര്യത്തിലുണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ | പ്രദേശത്തെ ജനങ്ങളുടെ സഹകരണം ഉറപ്പാക്കി ആവശ്യമായ സ്ഥലങ്ങളിൽ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തുക. നിർമ്മാണം തുടങ്ങുന്നതിന് മുമ്പ് തന്നെ ബദൽ റൂട്ടുകൾ കണ്ടെത്തി പ്രധാന ജങ്ഷനുകളിൽ ഇവ സൂചിപ്പിക്കുന്ന ബോർഡുകൾ സ്ഥാപിക്കേണ്ടതാണ് | തീരദേശ ഹൈവേയുടെ നിർമ്മാണം ആരംഭിച്ച് പൂർത്തീകരിക്കുന്നത് വരെ | പ്രദേശവാസികളുടെ സഞ്ചാര സ്വാതന്ത്ര്യം ഉറപ്പാക്കൽ |
| 8 | കുടിവെള്ള പൈപ്പ് ലൈനുകൾ, വൈദ്യുതി ലൈനുകൾ, ഒപ്റ്റിക്കൽ കേബിളുകൾ തുടങ്ങിയവ മാറ്റി സ്ഥാപിക്കുന്നതിലൂടെ പ്രദേശവാസികൾക്കുണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ | പൊതുജനങ്ങൾക്ക് ഉണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ പരമാവധി കുറക്കുന്ന വിധത്തിൽ സമയബന്ധിതമായും വേഗതയിലും പ്രവർത്തികൾ പൂർത്തീകരിക്കേണ്ടതാണ് | അർത്ഥനാധികാരിയും നിർമ്മാണം ഏറ്റെടുക്കുന്ന കോൺട്രാക്ടറും ചേർന്ന്, നിർമ്മാണം ആരംഭിക്കുന്നതിനു മുൻപ് ആലോചിച്ച് തീരുമാനിക്കുക | പ്രദേശവാസികളുടെ ദൈനം ദിന ജീവിതത്തെ ബാധിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തൽ |

# സാമൂഹ്യ പ്രത്യാഘാത മാനേജ്മെന്റ് പ്ലാൻ - സ്ഥാപന സംവിധാനം

## അധ്യായം 7

### 7.1 സ്ഥാപന സംവിധാനങ്ങളും നിയുക്ത വ്യക്തികളും

RFCTLARR നിയമം 2013-ലെ സെക്ഷൻ 4 (6) പ്രകാരം, സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം വഴി കണ്ടെത്തിയ പ്രത്യാഘാതങ്ങൾ പരിഹരിക്കുന്നതിനായി സാമൂഹ്യ പ്രത്യാഘാത മാനേജ്മെന്റ് പ്ലാൻ (SIMP) തയ്യാറാക്കേണ്ടതുണ്ട്. ഇങ്ങനെ തയ്യാറാക്കുന്ന സാമൂഹ്യ പ്രത്യാഘാത മാനേജ്മെന്റ് പ്ലാൻ നടപ്പിലാക്കുന്നതിൽ, വ്യക്തമായി നിർവ്വചിക്കപ്പെട്ട സ്ഥാപന സംവിധാനങ്ങളും, നിർദ്ദിഷ്ട ഉത്തരവാദിത്തങ്ങളുള്ള വ്യക്തികളും നിർണ്ണായകമാണ്. RFCTLARR നിയമം 2013-ഉം കേരള RFCTLARR ചട്ടം 2015-ഉം ഇതിനായി വിപുലമായൊരു സ്ഥാപന ചട്ടക്കൂട് രൂപപ്പെടുത്തിയിട്ടുണ്ട്.

RFCTLARR നിയമത്തിലെ പതിനാറാം വകുപ്പ് പ്രകാരം സംസ്ഥാന സർക്കാർ നിയോഗിക്കുന്ന അഡ്മിനിസ്ട്രേറ്ററിലാണ് പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള പദ്ധതി തയ്യാറാക്കുന്നതിനുള്ള ചുമതല നിക്ഷിപ്തമായിട്ടുള്ളത്. സർവേയിലൂടെയും ബാധിത കുടുംബങ്ങളുടെ സെൻസസിലൂടെയും അഡ്മിനിസ്ട്രേറ്റർ ഈ പദ്ധതിക്ക് രൂപം നൽകും. അതിൽ ഓരോ കുടുംബത്തിൽ നിന്നും ഏറ്റെടുക്കുന്ന ഭൂമിയുടെയും സ്ഥാവര ജംഗമ വസ്തുക്കളുടെയും വിശദാംശങ്ങൾ, ഉപജീവനമാർഗങ്ങളിൽ ഉണ്ടാകുന്ന നഷ്ടം, പൊളിച്ചുകളയേണ്ടിവരുന്ന പൊതു ഉപയോഗ സ്ഥാപനങ്ങളുടെയും സർക്കാർ കെട്ടിടങ്ങളുടെയും പട്ടിക, നഷ്ടമാകുന്ന സൗകര്യങ്ങളുടെയും അടിസ്ഥാന സൗകര്യങ്ങളുടെയും വിശദാംശങ്ങൾ, ഏറ്റെടുക്കപ്പെട്ട പൊതു സ്വത്തുക്കളുടെ വിവരങ്ങൾ എന്നിവ ഉൾപ്പെട്ടിരിക്കണം. ഓരോ ജില്ലയിലും പുനരധിവാസ-പുനസ്ഥാപനത്തിന്റെ അഡ്മിനിസ്ട്രേറ്റർമാരായി, അതാത് ജില്ലകളിലെ ഡെപ്യൂട്ടി കളക്ടർമാരെ (എൽ.എ.), GO(P)No.590/2015/RD എന്ന സർക്കാർ ഉത്തരവ് വഴി കേരള സർക്കാർ നിയമിച്ചിട്ടുണ്ട്.

പുനരധിവാസ പുനസ്ഥാപന പദ്ധതികളുടെ രൂപീകരണത്തിനും ശരിയായ നടത്തിപ്പിനും മേൽനോട്ടം നിർവ്വഹിക്കുന്നതിനുമായി, പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമായുള്ള ഒരു കമ്മീഷണറെ നിയമിക്കാൻ നിയമത്തിലെ വകുപ്പ് 44 സംസ്ഥാന സർക്കാരിനെ അധികാരപ്പെടുത്തുന്നുണ്ട്. ഈ വ്യവസ്ഥക്കനുസൃതമായി 11.11.2015-ലെ GO(P)M.No.589/2015/RD എന്ന സർക്കാർ ഉത്തരവ് പ്രകാരം, കേരള സർക്കാർ പുനരധിവാസ-പുനസ്ഥാപന കമ്മീഷണറായി ലാൻഡ് റവന്യൂ കമ്മീഷണറെ നിയമിക്കുകയുണ്ടായി.

RFCTLARR നിയമം 2013-ലെ സെക്ഷൻ 45, കേരള RFCTLARR ചട്ടം 2015-ലെ റൂൾ 23 എന്നിവ പ്രകാരം, പുരധിവാസ പുനസ്ഥാപന പദ്ധതി നിരീക്ഷിക്കാനും അവ നടപ്പിൽ വരുത്തുന്നതിലെ പുരോഗതി വിലയിരുത്താനും ഓരോ പദ്ധതി തലത്തിലും ഒരു പുനരധിവാസ പുനസ്ഥാപന കമ്മിറ്റി രൂപീകരിക്കാവുന്നതാണ്. പദ്ധതിയുടെ കരട് രേഖ അഡ്മിനിസ്ട്രേറ്റർ തയ്യാറാക്കിയാൽ അതേപറ്റി ചർച്ച ചെയ്യാനും നിർദ്ദേശങ്ങൾ നൽകാനുമായി ഈ കമ്മറ്റിയുടെ ആദ്യ യോഗം ചേരാവുന്നതാണ്.

നിയമത്തിലെ സെക്ഷൻ 17 അനുസരിച്ച്, പുനരധിവാസ പുനസ്ഥാപന കമ്മിറ്റിയുമായി ചേർന്ന് അഡ്മിനിസ്ട്രേറ്റർ സമർപ്പിക്കുന്ന പുനരധിവാസ പുനസ്ഥാപന പദ്ധതിയുടെ കരട് രേഖ കളക്ടർ

അവലോകനം ചെയ്യണം. തന്റെ നിർദ്ദേശങ്ങൾകൂടി ഉൾക്കൊള്ളിച്ചുകൊണ്ട്, കളക്ടർ പദ്ധതിയുടെ അംഗീകാരത്തിനായി പുനരധിവാസ പുനഃസ്ഥാപന കമ്മീഷണർക്ക് സമർപ്പിക്കുകയും, ഈ അംഗീകൃത പദ്ധതി കമ്മീഷണർ പ്രാദേശിക ഭാഷയിൽ പരസ്യമാക്കുകയും ചെയ്യേണ്ടതുണ്ട്.

2013-ലെ RFCTLARR നിയമത്തിലെ സെക്ഷൻ 3 (ജി)-യും, കേരള RFCTLARR ചട്ടം 2015-ലെ റൂൾ 3 (1)-ഉം നൽകിയിട്ടുള്ള അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട്, കളക്ടറുടെ ചുമതലകൾ നിർവ്വഹിക്കാനായി, കേരള സർക്കാർ 04.12.2015-ലെ GO(P)No.649/2015/RD എന്ന സർക്കാർ ഉത്തരവുവഴി ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്.

2013-ലെ RFCTLARR നിയമത്തിലെ സെക്ഷൻ 50 പുനരധിവാസ-പുനഃസ്ഥാപന പദ്ധതികളുടെ നടത്തിപ്പ് അവലോകനം ചെയ്യുന്നതിനും നിരീക്ഷിക്കുന്നതിനുമായി സംസ്ഥാന തലത്തിൽ ഒരു നിരീക്ഷണ സമിതി രൂപീകരിക്കാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു. കൂടാതെ അനുച്ഛേദം 51, ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട തർക്കങ്ങൾ വേഗത്തിൽ പരിഹരിക്കാനായി, ഭൂമിയേറ്റെടുക്കലിനും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അതോറിറ്റിക്ക് രൂപം നൽകാനും സംസ്ഥാന സർക്കാരിനെ ചുമതലപ്പെടുത്തുന്നു. സെക്ഷൻ 51 പ്രകാരമുള്ള അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട്, കേരള സർക്കാർ കേരള ഹൈക്കോടതിയുമായി കൂടിയാലോചിച്ച്, ഭൂമിയേറ്റെടുക്കലിനും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അതോറിറ്റികൾ 29.12.2016-ലെ GO(MS)No.321/2016 എന്ന സർക്കാർ ഉത്തരവുവഴി എല്ലാ ജില്ലകളിലും സ്ഥാപിച്ചിട്ടുണ്ട്.

ഇതുകൂടാതെ, 23.09.2015-ലെ GO(Ms)No.485/2015/RD സർക്കാർ ഉത്തരവുവഴി കേരള സർക്കാർ ഭൂമി ഏറ്റെടുക്കലിൽ നഷ്ടപരിഹാരത്തിനും സുതാര്യതക്കുമുള്ള സംസ്ഥാന നയം പ്രസിദ്ധീകരിച്ചു. ഓരോ ജില്ലയിലും ജില്ലാതല നഷ്ടപരിഹാര-പുനരധിവാസ-പുനഃസ്ഥാപന സമിതി രൂപീകരിക്കാൻ ഈ നയം വ്യവസ്ഥ ചെയ്യുന്നു. ന്യായമായതും യുക്തമായതുമായ ഭൂമിവിലയും നഷ്ടപരിഹാരത്തുകയും തീരുമാനിക്കുന്നതിനോടൊപ്പം, പദ്ധതി ബാധിതരായ വ്യക്തി/കുടുംബത്തിന് നൽകേണ്ട പുനരധിവാസ-പുനഃസ്ഥാപന പാക്കേജ് നിർണയിക്കാനുള്ള ഉത്തരവാദിത്തവും സമിതിക്കാണ്. ജില്ലാതല സമിതി സമർപ്പിച്ച എസ്റ്റിമേറ്റിന് അംഗീകാരം നൽകാൻ ചീഫ് സെക്രട്ടറി, റവന്യൂ സെക്രട്ടറി, അഡ്മിനിസ്ട്രേറ്റീവ് വകുപ്പ് സെക്രട്ടറി, നിയമ സെക്രട്ടറി, ധനകാര്യ സെക്രട്ടറി എന്നിവരടങ്ങുന്ന സംസ്ഥാനതല ശാക്തീകരണ സമിതി രൂപീകരിക്കാനും ഇതേ നയം സംസ്ഥാന സർക്കാരിനെ ചുമതലപ്പെടുത്തുന്നു. കൂടാതെ തീരദേശ ഹൈവേക്ക് ഭൂമിയേറ്റെടുക്കുന്നതിലേക്ക് ഒരു സ്പെഷ്യൽ റീഹാബിലിറ്റേഷൻ ആൻഡ് റീസെറ്റിൽമെൻറ് പാക്കേജ് G.O.(Ms)No. 50/2023/RD dated 10.03.2023 ആയി അംഗീകരിച്ച് ഓർഡർ ഇറക്കിയിട്ടുണ്ട്.

## 7.2 സർക്കാരിതര സംഘടനകളുടെ പങ്ക്

സാമൂഹ്യ പ്രത്യാഘാത മാനേജ്മെന്റ് പ്ലാൻ നടപ്പിലാക്കുന്നതിനുള്ള സ്ഥാപന സംവിധാനത്തിൽ സർക്കാരിതര സംഘടനകളുടെ പങ്കാളിത്തം വിഭാവനം ചെയ്തിട്ടില്ല.

## 7.3 ഓരോ പ്രവർത്തനത്തിന്റെയും സമയപരിധികൾ

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള 2013-ലെ നിയമം അനുശാസിക്കുന്ന സമയപരിധികൾ സാമൂഹ്യ പ്രത്യാഘാത മാനേജ്മെന്റ് പ്ലാൻ നടപ്പിലാക്കുന്നതിന് ബാധകമാകും.

# സാമൂഹ്യ പ്രത്യാഘാത മാനേജ്മെന്റ് പ്ലാൻ - ബജറ്റും സാമ്പത്തിക നടപടികളും

## അധ്യായം 8

### 8.1 ബജറ്റും സാമ്പത്തിക നടപടികളും

പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാരവും പുനരധിവാസവും പുനസ്ഥാപനവും, കേരള സർക്കാരിന്റെ ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനരധിവാസ പുനസ്ഥാപന പാക്കേജ് തീരുമാനിക്കുന്നതിനുള്ള നയവും, വിവിധ കാലങ്ങളിൽ സംസ്ഥാന സർക്കാർ പുറത്തിറക്കിയ ഉത്തരവുകളും അനുസരിച്ച് ചെയ്യേണ്ടതാണ്.

പദ്ധതി ബാധിത വ്യക്തികൾക്കും കുടുംബങ്ങൾക്കും, നഷ്ടപരിഹാരത്തിനും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമായുള്ള മുഴുവൻ ചെലവും അർത്ഥനാധികാരിയായ കേരള റോഡ് ഫണ്ട് ബോർഡാണ് വഹിക്കുന്നത്.

# സാമൂഹ്യ പ്രത്യാഘാത മാനേജ്മെന്റ് പ്ലാൻ – മേൽനോട്ടവും മൂല്യനിർണയവും

## അധ്യായം 9

### 9.1 മേൽനോട്ടവും മൂല്യനിർണയവും – പ്രധാന സൂചികകൾ

സാമൂഹ്യ പ്രത്യാഘാത മാനേജ്മെന്റ് പ്ലാൻ നടപ്പിലാക്കുന്നത് വിലയിരുത്തുന്നതിനുള്ള ചില സൂചികകൾ താഴെ കൊടുക്കുന്നു. ഈ സൂചികകളെ അടിസ്ഥാനമാക്കി പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നത് സ്ഥലമേറ്റെടുക്കലിന്റെ ഭാഗമായി ജനങ്ങൾക്കും സമൂഹത്തിനുമുണ്ടാകുന്ന ബുദ്ധിമുട്ടുകളെ ഒരു പരിധിവരെ കുറക്കാൻ സഹായിക്കും.

- പുനരധിവാസ-പുനസ്ഥാപന പദ്ധതി രൂപീകരിക്കാനും അംഗീകരിക്കാനും എടുത്ത സമയം.
- ഭൂമി ഏറ്റെടുക്കുമ്പോൾ നൽകിയ നഷ്ടപരിഹാരത്തുക.
- നഷ്ടപരിഹാരത്തുക പദ്ധതി ബാധിതരിലേക്കെത്തിച്ചേരാനെടുത്ത സമയം.

### 9.2 റിപ്പോർട്ടിംഗ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും

റിപ്പോർട്ടിംഗും മേൽനോട്ടവും RFCTLARR നിയമം 2013-ന്റെ വിധേയമായി സംസ്ഥാന സർക്കാർ രൂപീകരിച്ച നയത്തിന്റെ അടിസ്ഥാനത്തിൽ നിർവ്വഹിക്കാവുന്നതാണ്.

### 9.3 സ്വതന്ത്ര മൂല്യനിർണയം- രൂപരേഖ

പദ്ധതി വിലയിരുത്തുന്നതിനായി സ്വതന്ത്ര മൂല്യനിർണയം വിഭാവനം ചെയ്തിട്ടില്ല. RFCTLARR നിയമം 2013-ൽ പ്രതിപാദിച്ചിരിക്കുന്ന ഉദ്യോഗസ്ഥരായിരിക്കും പദ്ധതിയുടെ നടത്തിപ്പ് വിലയിരുത്തുക.

# നഷ്ടങ്ങളുടെയും നേട്ടങ്ങളുടെയും അപഗ്രഥനം-ഭൂമിയേറ്റെടുക്കലിനെ സംബന്ധിച്ച ശുപാർശകൾ

## അധ്യായം 10

### 10.1. നിഗമനങ്ങൾ

കേരളത്തിന്റെ ദ്രുതഗതിയിലുള്ള നഗരവൽക്കരണവും ഉയർന്ന ജനസാന്ദ്രതയും വാഹനപ്പെരുപ്പവും കണക്കിലെടുക്കുമ്പോൾ, റോഡ് സൗകര്യങ്ങൾ വികസിപ്പിക്കുക എന്നത് സംസ്ഥാനത്തിന്റെ വികസന പരിപ്രേക്ഷ്യത്തിൽ വളരെ പ്രധാനമാണ്. ഈ കാഴ്ചപ്പാട് ഉൾക്കൊണ്ടുകൊണ്ടാണ് സംസ്ഥാന സർക്കാർ തീരദേശ ഹൈവേ വികസന പദ്ധതി നടപ്പിലാക്കാൻ കേരള റോഡ് ഫണ്ട് ബോർഡിനെ ചുമതലപ്പെടുത്തിയത്. കണ്ണൂർ ജില്ലയിലെ നിർദ്ദിഷ്ട തീരദേശ ഹൈവേ, കണ്ണൂർ കോർപറേഷനിൽ പയ്യാമ്പലം മുതൽ അഴീക്കോട് ഗ്രാമ പഞ്ചായത്തിലെ നീർക്കടവിൽ അവസാനിക്കുന്നു.

ഇന്ത്യാ സർക്കാരിന്റെ സാമ്പത്തികകാര്യ വകുപ്പ് (അടിസ്ഥാന സൗകര്യവിഭാഗം) പുറത്തിറക്കിയിട്ടുള്ള വിജ്ഞാപനപ്രകാരം (13.6.2009-INF, തീയതി 27.03.2012), കേരള റോഡ് ഫണ്ട് ബോർഡ് മുന്നോട്ട് വെച്ചിരിക്കുന്ന തീരദേശ ഹൈവേ വികസന പദ്ധതി RFCTLARR നിയമം 2013-ന്റെ സെക്ഷൻ 2(b)(i) നിർവ്വചിച്ചിരിക്കുന്ന പൊതു ആവശ്യത്തിന്റെ പരിധിയിൽ ഉൾപ്പെടുന്നു. നിർദ്ദിഷ്ട തീരദേശ ഹൈവേ വികസനത്തിലൂടെ ഉണ്ടാകാവുന്ന നേട്ടങ്ങളുടെയും കോട്ടങ്ങളുടെയും അപഗ്രഥനമാണ് ഈ അധ്യായത്തിൽ ഉദ്ദേശിക്കുന്നത്.

പ്രദേശത്ത് നിലവിലുള്ള റോഡ് വീതികൂട്ടി കൂടുതൽ സൗകര്യങ്ങളോടെ മെച്ചപ്പെടുത്തുക വഴി തീരദേശത്തെ ജനങ്ങളുടെയാകെ യാത്രാസൗകര്യം വലിയരീതിയിൽ വർദ്ധിക്കുകയാണ് ചെയ്യുന്നത്. ദേശീയ പാത 66-നു സമാന്തരമായി നിർമ്മിക്കുന്ന ഈ പാത, അടിയന്തരഘട്ടങ്ങളിൽ ദേശീയ പാതയിൽ നിന്നുള്ള എക്സിറ്റ് റൂട്ടായി ഉപയോഗിക്കാവുന്നതോടൊപ്പം, ദേശീയപാതയിലെ തിരക്ക് കുറക്കാനും ഈ പാത സഹായകമാണ്. തീരദേശത്തുനിന്നും ആളുകളെ ഒഴിപ്പിക്കേണ്ട ഏതെങ്കിലും അടിയന്തര സാഹചര്യം വന്നാൽ തീരദേശ ഹൈവേയുടെ സാന്നിധ്യം അതിനെ ത്വരിതപ്പെടുത്തും.

കണ്ണൂർ നഗരത്തിനോട് ചേർന്നുള്ള പയ്യാമ്പലം ബീച്ചിനോട് സമാന്തരമായുള്ള നിർദ്ദിഷ്ട ഹൈവേ കൂടുതൽ വീതിയിലും ടൂറിസം സൗകര്യങ്ങളും ഉൾപ്പെടുത്തി വികസിപ്പിക്കുന്നതോടെ പ്രദേശത്തിന്റെ ടൂറിസത്തോടൊപ്പം, വാണിജ്യവുമായ സാധ്യത വർദ്ധിപ്പിക്കുന്നതിനും, അതിലൂടെ കൂടുതൽ സംരംഭങ്ങൾ പ്രദേശത്ത് സ്ഥാപിക്കുന്നതിനും കാരണമാവും. അത് പ്രദേശവാസികളുടെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും കാരണമാവും. മാത്രമല്ല, പദ്ധതി നിർവ്വഹണ ഘട്ടത്തിൽ പോലും പ്രത്യക്ഷമായും പരോക്ഷമായും നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് നിർദ്ദിഷ്ട പദ്ധതി കാരണമാവും.

വിനോദസഞ്ചാരികൾക്ക് വേണ്ട സൗകര്യങ്ങൾ ഒരുക്കുന്നതിലൂടെ നിരവധി തൊഴിലവസരങ്ങളും പ്രദേശത്ത് സൃഷ്ടിക്കപ്പെടും. ഹോട്ടൽ മേഖല, ഗതാഗത മേഖല, വ്യാപാര മേഖല എന്നിവയിലുണ്ടാകാവുന്ന തൊഴിലവസരങ്ങൾ പ്രദേശവാസികളുടെ സാമൂഹിക സാമ്പത്തിക അവസ്ഥ മെച്ചപ്പെടുത്തുന്നതിന് സഹായകരമാവും.

പദ്ധതി മൂലം പ്രദേശത്തുണ്ടാകാവുന്ന പ്രധാന സാമൂഹ്യ പ്രത്യാഘാതങ്ങൾ ഇനി പറയുന്നവയാണ്. പദ്ധതി നേരിട്ട് ബാധിക്കുന്ന 81 കുടുംബങ്ങളിലെ 4 കുടുംബങ്ങൾക്ക് പദ്ധതി മൂലം വരുമാനം പൂർണമായി നഷ്ടപ്പെടുന്നു. പദ്ധതി പരോക്ഷമായി ബാധിക്കുന്ന വാടകക്കാരായ 9 കുടുംബങ്ങളിലെ 4 കുടുംബങ്ങൾക്കും പദ്ധതി മൂലം വരുമാനം പൂർണമായി നഷ്ടപ്പെടുന്നുണ്ട്.

പദ്ധതി നേരിട്ട് ബാധിക്കുന്ന 7 കുടുംബങ്ങൾ ഭൂമിയേറ്റെടുക്കൽ മൂലം തങ്ങളുടെ പരിചിതമായ ചുറ്റുപാടിൽ നിന്നും മാറിത്താമസിക്കേണ്ടതായി വരും. കെട്ടിടങ്ങളല്ലാത്ത 114 നിർമ്മിതികൾ പദ്ധതിയുടെ ഭാഗമായി നഷ്ടമാകും. കിണറുകൾ, ടാങ്കുകൾ, ഗേറ്റുകൾ, ചുറ്റുമതിലുകൾ എന്നിവ ഇതിലുൾപ്പെടുന്നു..

ഭൂമിയേറ്റെടുക്കൽ മേൽപ്പറഞ്ഞ പ്രത്യാഘാതങ്ങൾക്ക് കാരണമാകുമെങ്കിലും, സംസ്ഥാനത്തിന്റെ ഒരറ്റം മുതൽ മറ്റേ അറ്റംവരെ ബന്ധിപ്പിക്കുന്ന നിർദ്ദിഷ്ട പദ്ധതി നടപ്പാക്കുന്നതിലൂടെ, കണ്ണൂർ ജില്ലക്ക് മാത്രമല്ല കേരളത്തിനാകെയുണ്ടാകുന്ന വികസന സാധ്യത പഠനസംഘം വിലയിരുത്തുകയുണ്ടായി. ഈ വികസന ഗുണഫലങ്ങൾ, പദ്ധതി മൂലം ഉണ്ടാകാൻ സാധ്യതയുള്ള പ്രത്യാഘാതങ്ങളേക്കാൾ കൂടുതലാണ് എന്നും പഠന സംഘം വിലയിരുത്തുന്നു.

കേരള സർക്കാർ റവന്യൂ വകുപ്പ് (ബി) 28.01.2025-ൽ പുറത്തിറക്കിയ ഗസറ്റ് വിജ്ഞാപനം (അസാധാരണം) നമ്പർ 281 പ്രകാരം, കണ്ണൂർ ജില്ലയിലെ പയ്യാമ്പലം മുതൽപയ്യാമ്പലം വരെ, രണ്ട് വില്ലേജുകളിലായുള്ള 13.90 ഹെക്ടർ ഭൂമിയാണ് നിർദ്ദിഷ്ട തീരദേശ ഹൈവേ വികസനത്തിനായി ഏറ്റെടുക്കേണ്ടത്. ഇത് ഈ പദ്ധതി നിർമ്മാണത്തിനാവശ്യമായ ഏറ്റവും കുറഞ്ഞ ഭൂമിയാണെന്ന് പഠന സംഘം വിലയിരുത്തുന്നു.

നിലവിലുള്ള റോഡിന്റെ വികസനത്തിന് പ്രാധാന്യം നൽകുന്ന തരത്തിലുള്ള പദ്ധതിയായതിനാലും, നിർദ്ദിഷ്ട പദ്ധതിക്കായി പുതിയ അലൈൻമെന്റ് പരിഗണിച്ചാൽ കൂടുതൽ കുടുംബങ്ങളെ കുടിയൊഴിപ്പിക്കേണ്ടതായി വരുമെന്നതിനാലും നിലവിലുള്ള അലൈൻമെന്റിൽ തന്നെ റോഡ് വികസനം നടപ്പാക്കാവുന്നതാണെന്ന് പഠന സംഘം വിലയിരുത്തുന്നു.

ഭൂമി നഷ്ടപ്പെടുന്നവരിൽ ഭൂരിഭാഗം കുടുംബങ്ങളും പദ്ധതിക്കായി ഭൂമി വിട്ടു നൽകാൻ സന്നദ്ധമാണെന്ന് ഫീൽഡ് സർവേയിൽ വ്യക്തമാക്കുകയുണ്ടായി. ഭൂമി വിട്ടു നൽകാൻ സന്നദ്ധരായവർ അവർക്കുണ്ടാവുന്ന നഷ്ടത്തിന് മതിയായ നഷ്ടപരിഹാരം ലഭിക്കണമെന്നും ആവശ്യപ്പെടുകയുണ്ടായി.

RFCTLARR നിയമം 2013-ൽ നിർദ്ദേശിക്കുന്ന പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള നിയമങ്ങൾക്ക് വിധേയമായി, കേരളത്തിൽ സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള നയത്തിനെയും, വിവിധ കാലഘട്ടങ്ങളിൽ സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളെയും അടിസ്ഥാനമാക്കിയുള്ള പ്രത്യേക പാക്കേജ് നടപ്പാക്കുന്നതിലൂടെ പദ്ധതിബാധിതർ അനുഭവിക്കേണ്ടി വരുന്ന പ്രയാസങ്ങൾ ലഘൂകരിക്കാവുന്നതാണ്. പദ്ധതിയുടെ ഓരോ ഘട്ടത്തിലും ഉയർന്നു വരാവുന്ന ഉത്ക്കണ്ഠകളും ആശങ്കകളും സംശയങ്ങളും പരിഹരിക്കുന്നതിനായി പ്രാദേശിക പ്രതിനിധികളെക്കൂടി ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു പരാതി പരിഹാര സംവിധാനം സ്ഥാപിക്കാവുന്നതുമാണ്.

## 10.2. അന്തിമ ശുപാർശകൾ

മേൽപ്പറഞ്ഞ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിലും, പദ്ധതിയുടെ ഗുണദോഷങ്ങൾ തുലനം ചെയ്തതിലൂടെയും, ഈ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന രീതിയിൽ ശരിയായ പ്രത്യഘാത ലഘൂകരണ നടപടികൾ സ്വീകരിക്കുകയാണെങ്കിൽ പദ്ധതിയുടെ സാമൂഹികവും സാമ്പത്തികവുമായ നേട്ടങ്ങൾ അതിന്റെ പ്രത്യാഘാതങ്ങളെ മറികടക്കുമെന്ന നിഗമനത്തിലാണ് പഠന സംഘം ഏകകണ്ഠമായി എത്തിച്ചേർന്നിരിക്കുന്നത്. നിലവിലെ രൂപരേഖ പ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങളുമായി

മുന്നോട്ട് പോകാൻ പഠന സംഘം ശുപാർശ ചെയ്യുന്നു. പദ്ധതിയുടെ പ്രതികൂല ഫലങ്ങൾ ലഘൂകരിക്കുന്നതിന് ഇനിപറയുന്ന നടപടികളും പഠന സംഘം നിർദ്ദേശിക്കുന്നു.

- സ്ഥലം ഏറ്റെടുക്കുക വഴി വീട്/ഭൂമി/വസ്തുക്കൾ എന്നിവക്ക് നഷ്ടമുണ്ടാവുന്ന കുടുംബങ്ങളെ 2013-ലെ RFCTLARR നിയമത്തിനു വിധേയമായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിരിക്കുന്ന പുനരധിവാസ-പുനസ്ഥാപന നയവും, വിവിധ കാലങ്ങളിൽ സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകളും (GO(Ms)No.485/2015/RD തീയതി 23.09.2015; GO(Ms)No.448/2017/RD തീയതി 29.12.2017; GO(Ms)No.50/2023/RD തീയതി 10.03.2023) പ്രകാരം പുനരധിവസിപ്പിക്കേണ്ടതാണ്.
- പുനരധിവാസ-പുനസ്ഥാപന പദ്ധതിയിൽ ദുർബല വിഭാഗങ്ങളിൽപ്പെട്ട കുടുംബങ്ങൾക്ക് മുൻഗണന നൽകേണ്ടതാണ്.
- ചുറ്റുമതിൽ, ഗേറ്റ്, ടാങ്ക് തുടങ്ങിയ സ്ഥാവരജംഗമ വസ്തുക്കളും മരങ്ങളും നഷ്ടമാകുന്നവർക്ക് ഇതേ നയം അനുശാസിക്കുന്ന തരത്തിലുള്ള നഷ്ടപരിഹാരം ഉറപ്പാക്കേണ്ടതാണ്. പുനരുപയോഗം സാധ്യമാകുന്ന വസ്തുക്കൾ വീണ്ടും ഉപയോഗിക്കുന്നതിനായി ഉടമകളെ പ്രോത്സാഹിപ്പിക്കാവുന്നതാണ്.
- പദ്ധതി പ്രദേശത്തുനിന്നും താമസം മാറേണ്ടിവരുന്നതിനെ ഏറ്റവും പ്രതികൂലമായ പ്രത്യാഘാതമായി കണക്കാക്കി അവരുടെ പുനരധിവാസ-പുനസ്ഥാപന നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തേണ്ടതാണ്.
- നിർദ്ദിഷ്ട സ്ഥലമേറ്റെടുക്കൽ രൂപരേഖ പ്രകാരം ഭാഗികമായി നഷ്ടപ്പെടുന്ന ഭൂമിയുടെ അവശേഷിക്കുന്ന ഭാഗം ഉപയോഗയോഗ്യമല്ലെങ്കിൽ ബാക്കിയാവുന്ന ഭൂമികൂടി ഏറ്റെടുക്കുന്നത് പരിഗണിക്കാവുന്നതാണ്.
- ഇത്തരത്തിൽ അധികമായി ഏറ്റെടുക്കുന്ന സ്ഥലം ബസ് ബേ, ഓപ്പൺ ജിം തുടങ്ങിയ പൊതു ആവശ്യങ്ങൾക്ക് ഉപയോഗിക്കാനുള്ള സാധ്യതകൾ പരിഗണിക്കാവുന്നതാണ്.
- പദ്ധതി മൂലം ബിൽഡിംഗ് റൂൾ അനുശാസിക്കുന്ന തരത്തിൽ കെട്ടിടവും റോഡും തമ്മിലുള്ള അകലം പാലിക്കാനാവാതെ വരുന്ന നിലവിലുള്ള കെട്ടിടങ്ങളെ പ്രത്യേക സാഹചര്യമായി കണക്കാക്കിക്കൊണ്ട് ബിൽഡിങ്ങ് റൂളുകളിൽ ഇളവ് അനുവദിക്കുന്നത് പരിഗണിക്കാവുന്നതാണ്.
- കാലങ്ങളായി ഉടമസ്ഥാവകാശമില്ലാത്ത ഭൂമികളിലും പുറമ്പോക്കിലും താമസിക്കുന്ന പദ്ധതി ബാധിത കുടുംബങ്ങളെ നിയമാനുസൃതമായ നഷ്ടപരിഹാരം നൽകി പുനരധിവസിപ്പിക്കേണ്ടതാണ്.
- പദ്ധതി മൂലം ജീവനോപാധി നഷ്ടപ്പെടുന്ന അവശ ജനവിഭാഗങ്ങൾക്ക് ജീവനോപാധി കണ്ടെത്തുന്നതിനായി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് ഉചിതമായ ഇടങ്ങളിൽ വഴിയോര കച്ചവട സംരംഭങ്ങൾ പോലുള്ളവ സ്ഥാപിക്കുന്നതിന്റെ സാധ്യത പരിഗണിക്കാവുന്നതാണ്.
- വ്യാപാര-വ്യവസായ സ്ഥാപനങ്ങൾ മാറ്റി സ്ഥാപിക്കുന്നതിന്റെ ഭാഗമായി വരുമാനം നഷ്ടപ്പെടുന്ന തൊഴിലാളികൾക്ക് ഇടക്കാലാശ്വാസം നൽകുന്നത് പരിഗണിക്കാവുന്നതാണ്.
- മരങ്ങൾ മുറിച്ച് മാറ്റപ്പെടുക വഴി പരിസ്ഥിതിക്കുണ്ടാകാവുന്ന നഷ്ടം നികത്തുന്നതിന് പാരിസ്ഥിതിക നിയമങ്ങൾ അനുശാസിക്കുന്നവിധത്തിൽ മരങ്ങൾ നടേണ്ടതാണ്. ഇതിനായി

കേരള വന ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട് പോലെയുള്ള സ്ഥാപനങ്ങളുടെ മാർഗ്ഗനിർദ്ദേശങ്ങൾ തേടുന്നത് അഭികാമ്യമായിരിക്കും.

- പദ്ധതി നിർവ്വഹണ ഘട്ടത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന വിവിധതരം മാലിന്യങ്ങൾ ശാസ്ത്രീയമായി നിർമ്മാർജനം ചെയ്യാനുള്ള സംവിധാനം ഉറപ്പാക്കേണ്ടതാണ്.
- പദ്ധതി നിർവ്വഹണ ഘട്ടത്തിൽ അന്തരീക്ഷ മലിനീകരണവും ശബ്ദമലിനീകരണവും ഒഴിവാക്കുന്നതിന് നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആധുനിക യന്ത്രസാമഗ്രികളും സാങ്കേതിക വിദ്യയും ഉപയോഗിക്കാവുന്നതാണ്.
- കാൽനട-സൈക്കിൾ യാത്രക്കാരുടെ സുരക്ഷക്ക് പ്രാധാന്യം നൽകുന്നതോടൊപ്പം, നിർദ്ദിഷ്ട ഹൈവേ ഭിന്നശേഷി-വയോജന സൌഹൃദം കൂടിയാക്കാൻ ശ്രമിക്കേണ്ടതാണ്.
- പദ്ധതി നിർവ്വഹണ ഘട്ടത്തിൽ പൊടിയും മറ്റും മൂലം ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകാനുള്ള സാധ്യത മുൻകൂട്ടിക്കണ്ട് ശാസ്ത്രീയമായി പ്രതിരോധിക്കുന്നതിനും, അവയുടെ ആഘാതം ലഘൂകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
- പ്രദേശത്തെ പ്രധാന റോഡിൽ തന്നെയാണ് വികസന പ്രവർത്തനം എന്നതിനാൽ, പൊതുഗതാഗതത്തെ തടസ്സപ്പെടുത്താതെയും, കാൽനട യാത്രക്കാരുടെയും സൈക്കിൾ യാത്രക്കാരുടെയും സുരക്ഷ ഉറപ്പാക്കിയുമായിരിക്കണം നിർമ്മാണ പ്രവർത്തനങ്ങൾ നടത്തേണ്ടത്. നിർമ്മാണം തുടങ്ങുന്നതിന് മുമ്പ് തന്നെ ബദൽ റൂട്ടുകൾ കണ്ടെത്തി പ്രധാന ജങ്ഷനുകളിൽ ഇവ സൂചിപ്പിക്കുന്ന ബോർഡുകൾ സ്ഥാപിക്കേണ്ടതാണ്.
- പദ്ധതി നടപ്പാക്കുന്ന സമയത്ത്, തൊഴിലാളികളുടെയും പ്രദേശവാസികളുടെയും സുരക്ഷ ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
- നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായുണ്ടാകുന്ന തൊഴിലവസരങ്ങളിൽ പദ്ധതിബാധിതരെയും പ്രദേശവാസികളെയും ഉൾപ്പെടുത്താൻ പരമാവധി ശ്രമിക്കാവുന്നതാണ്.
- തൊഴിലാളികളുടെ ആരോഗ്യ പ്രശ്നങ്ങൾ ആവശ്യമായ ശ്രദ്ധയോടെ കൈകാര്യം ചെയ്യുന്നു എന്ന് ഉറപ്പാക്കേണ്ടതുണ്ട്. ഇതര സംസ്ഥാനങ്ങളിൽ നിന്നടക്കം മറ്റുപ്രദേശങ്ങളിൽ നിന്നുവന്ന് ജോലിചെയ്യുന്ന തൊഴിലാളികളെ അടുത്തുള്ള സർക്കാർ ആരോഗ്യ സംവിധാനങ്ങളുമായി ബന്ധപ്പെടുത്തണം. പ്രതിരോധ മരുന്നുകൾ യഥാസമയം അവർക്ക് ലഭിക്കുന്നു എന്ന് ഉറപ്പാക്കണം.
- നിർമ്മാണ പ്രവർത്തനങ്ങളിൽ പുറത്തുനിന്നുള്ള തൊഴിലാളികളെ ഉൾപ്പെടുത്തുന്നുണ്ടെങ്കിൽ ശരിയായ രീതിയിലുള്ള ശൗചാലയ സൗകര്യങ്ങളോടുകൂടിയ മാന്യമായ താമസ സൗകര്യം ഉറപ്പാക്കേണ്ടതാണ്. സംസ്ഥാന സർക്കാരിന്റെ അതിഥി തൊഴിലാളികൾക്കായുള്ള ക്ഷേമ പദ്ധതികളുമായി അവരെ ബന്ധിപ്പിക്കാവുന്നതാണ്.
- ഇലക്ട്രിക് പോസ്റ്റുകൾ, ട്രാൻസ്ഫോർമറുകൾ, ഒപ്റ്റിക്കൽ കേബിളുകൾ, കുടിവെള്ള പൈപ്പ് ലൈനുകൾ എന്നിവ മാറ്റി സ്ഥാപിക്കുന്നതിനുള്ള വ്യവസ്ഥകൾ പദ്ധതിയുടെ ഭാഗമായി ഉൾക്കൊള്ളിക്കണം. ഇവ മാറ്റി സ്ഥാപിക്കുമ്പോൾ നിലവിലുള്ള നടപ്പാതക്ക് തടസ്സമുണ്ടാകാതെ ശ്രദ്ധിക്കേണ്ടതുണ്ട്.
- റോഡിന്റെ അടിയിലൂടെ സ്ഥാപിച്ചിരിക്കുന്ന കേബിളുകൾ, കുടിവെള്ള പൈപ്പുകൾ എന്നിവ റോഡിനോടനുബന്ധമായി മൾട്ടി യൂട്ടിലിറ്റി ഡക്റ്റിലേക്ക് മാറ്റി സ്ഥാപിക്കാവുന്നതാണ്. ഇത്

പിന്നീടുണ്ടാകാവുന്ന അറ്റകുറ്റപ്പണികളുടെ സമയത്ത് ജനങ്ങൾക്കുണ്ടാകാവുന്ന അസൗകര്യങ്ങളെ കുറക്കുന്നതിനു സഹായിക്കും.

- പദ്ധതിയുടെ വിവിധ ഘട്ടങ്ങളിൽ ഉയർന്ന് വന്നേക്കാവുന്ന അപ്രതീക്ഷിതങ്ങളായ പ്രശ്നങ്ങളെ വേഗത്തിൽ പരിഹരിച്ച് മുന്നോട്ട് പോകുന്നതിന് ആവശ്യമായ ഒരു പരാതി പരിഹാര സംവിധാനം പദ്ധതിയുമായി ബന്ധപ്പെട്ട വിവിധ സ്റ്റേക്ക്ഹോൾഡേഴ്സിന്റെ പങ്കാളിത്തത്തോടെ നടപ്പിലാക്കാവുന്നതാണ്.
- സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ട് പദ്ധതി ബാധിതർക്കുള്ള ആശങ്കളും ഉത്കണ്ഠകളും സംശയങ്ങളും പരിഹരിക്കുന്നതിനുള്ള ശ്രമങ്ങൾ തദ്ദേശ സ്ഥാപനങ്ങളുടെയും ജനപ്രതിനിധികളുടെയും സഹകരണത്തോടെ നടപ്പിലാക്കുന്നത് പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സഹായകരമാവും.

©
കേരള സർക്കാർ
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 14<br>Vol. XIV | തിരുവനന്തപുരം,<br>ശനി<br>Thiruvananthapuram,<br>Saturday | 2025 ആഗസ്റ്റ് 23<br>23rd August 2025<br>1201 ചിങ്ങം 7<br>7th Chingam 1201<br>1947 ഭാദ്രം 1<br>1st Bhadra 1947 | നമ്പർ<br>No. 3053 |

**കേരള സർക്കാർ**

**റവന്യൂ (ബി) വകുപ്പ്**

**വിജ്ഞാപനം**

സ.ഉ.(അച്ചടി)നം.318/2025/റവ

തീയതി , തിരുവനന്തപുരം, 2025 ആഗസ്റ്റ് 22.

**എസ്. ആർ. ഒ. നമ്പർ 949/2025**

ചുവടെ പട്ടികയിൽ വിവരിച്ചിട്ടുള്ള ഭൂമി ഒരു പൊതു ആവശ്യത്തിനായി, അതായത് കണ്ണൂർ ജില്ലയിലെ പള്ളിക്കുന്ന്, അഴീക്കോട് സൗത്ത് വില്ലേജുകളിൽപ്പെട്ട 4.2256 ഹെക്ടർ ഭൂമി തീരദേശ ഹൈവേ നിർമ്മാണത്തിനുവേണ്ടി ആവശ്യമുണ്ടെന്നോ ആവശ്യമുണ്ടായേക്കാമെന്നോ സർക്കാരിന് ബോധ്യപ്പെട്ടിരിക്കുന്നതിനാലും;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

2013–ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം (2013 ലെ കേന്ദ്ര നിയമം 30) 4–ാം വകുപ്പ് 1–ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് അനുസൃതമായി, ചുവടെ പട്ടികയിൽ വിവരിച്ചിട്ടുള്ള പ്രദേശത്ത് ഒരു സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുള്ളതിനാലും;

ഇപ്പോൾ തന്മൂലം സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനും, നിയമത്തിൽ അനുശാസിക്കുംവിധം സാമൂഹ്യപ്രത്യാഘാത നിർവ്വഹണ പദ്ധതി തയ്യാറാക്കുന്നതിനും സെന്റർ ഫോർ സോഷ്യോ ഇക്കണോമിക് ആന്റ് എൻവയോൺമെന്റ് സ്റ്റഡീസ് (CSES), ഖാദി ഫെഡറേഷൻ ബിൽഡിംഗ്, എൻ.എച്ച്.ബൈപ്പാസ്, പാടിവട്ടം, കൊച്ചി എന്ന സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റിനെ ഇതിനാൽ ചുമതലപ്പെടുത്തുകയും ചെയ്യുന്നു. പ്രസ്തുത നടപടിക്രമം 3 മാസത്തിനുള്ളിൽ പൂർത്തീകരിക്കേണ്ടതാണ്.

WHEREAS, it appears to the Government of Kerala that the land specified in the Schedule below is needed or likely to be needed for a public purpose, to wit for the acquisition of 4.2256 Hectares of land in Pallikkunnu and Azhikode South Villages of Kannur District for the construction of Coastal Highway.

AND WHEREAS, in exercise of the powers conferred in sub-section (1) of section 4 of the Right to Fair Compensation and Transparency in land Acquisition, Rehabilitation and Resettlement Act, 2013 (Central Act 30 of 2013), Government of Kerala have decided to conduct a Social Impact Assessment in the area specified in the schedule below.

NOW THEREFORE, sanction is hereby accorded to Social Impact Assessment Unit, viz. Centre for Socio Economic & Environment Studies (CSES), Khadi Federation Building, NH Bypass, Padivattom, Kochi to conduct a Social Impact assessment Study and to prepare a Social Impact Assessment Plan as provided in the Act. The process shall be completed within a period of 3 months in any case.

**പട്ടിക**

ജില്ല : കണ്ണൂർ

താലൂക്ക് : കണ്ണൂർ

വില്ലേജ് : പള്ളിക്കുന്ന്, അഴീക്കോട് സൗത്ത്.

(ഏകദേശ വിസ്തീർണ്ണമാണ് നൽകിയിരിക്കുന്നത്)

| സർവ്വെ നം. | വില്ലേജ് | ദേശം | വിസ്തീർണ്ണം (ഹെക്ടർ) |
|---|---|---|---|
| 1/1, 1/2, 1/3, 2/2, 4/1, 4/2, 4/3, 4/4, 4/5, 5/1A, 5/1B, 6/1, 6/2, 6/3, 38/1, 38/2, 38/3, 38/4, 38/5, 38/6, 38/8, 38/10, 38/11, 38/12, | പള്ളിക്കുന്ന് | ചാലാട് | 2.0044 |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | |
|---|---|---|---|
| 38/13, 38/14, 38/16, 38/17, 39/1, 39/2, 39/3, 68/1, 68/3, 68/5, 68/6, 69/1, 69/2, 69/3A, 69/3B, 70/1, 70/2, 70/9, 70/10, 71/1, 71/6, 178. | | | |
| 594/7, 594/8, 594/9, 594/14, 594/15, 594/16, 594/17, 596/1, 596/2, 596/5, 596/7, 596/9, 596/10, 596/21, 596/22, 596/23, 596/24, 596/26, 597/1, 597/2, 597/4, 597/5, 597/6, 597/7, 597/8, 597/9, 598/1, 598/2, 598/6, 598/7, 598/8, 598/9, 599/1, 599/2, 599/3, 599/5A, 599/6, 617/1, 617/2, 617/4, 617/5, 617/6, 617/7, 619/1, 619/2, 619/3. | അഴീക്കോട് സൗത്ത് | അഴീക്കോട് | 2.2212 |
| **ആകെ** | | | **4.2256 ഹെക്ടർ** |

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

ഗീത എ

അഡീഷണൽ സെക്രട്ടറി (റവന്യൂ)

## വിശദീകരണ കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ പൊതു ഉദ്ദേശം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ച് കൊണ്ടുള്ളതാണ്)

ദ റൈറ്റ് ടു ഫെയർ കോമ്പൻസേഷൻ ആന്റ് ട്രാൻസ്പരൻസി ഇൻ ലാന്റ് അക്വിസിഷൻ, റീഹാബിലിറ്റേഷൻ & റീസെറ്റിൽമെന്റ് ചട്ടങ്ങൾ 19.09.2015 ൽ പ്രാബല്യത്തിൽ വന്നിട്ടുള്ളതും, പ്രസ്തുത ചട്ടത്തിലെ റൂൾ 10 പ്രകാരം സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിന് സാമൂഹ്യ പ്രത്യാഘാത പഠന യൂണിറ്റിനെ നിയോഗിക്കേണ്ടത് ആവശ്യമാണ്. കണ്ണൂർ ജില്ലയിലെ പള്ളിക്കുന്ന്, അഴീക്കോട് സൗത്ത് വില്ലേജുകളിൽപ്പെട്ട 4.2256 ഹെക്ടർ ഭൂമി തീരദേശ ഹൈവേ നിർമ്മാണത്തിനുവേണ്ടി ഏറ്റെടുക്കുന്നതിനു വേണ്ടിയാണ് അർത്ഥന ലഭിച്ചിട്ടുള്ളത്.

മേൽ ആവശ്യം കൈവരിക്കുവാൻ ഉദ്ദേശിച്ചാണ് വിജ്ഞാപനം പുറപ്പെടുവിച്ചിരിക്കുന്നത്.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

# പദ്ധതി ബാധിതർ/സ്ഥല ഉടമകൾ

| നം | വില്ലേജ് | സർവേ നമ്പർ | സ്ഥല ഉടമയുടെ പേര് ( ടൈറ്റിൽ ഹോൾഡർ) |
|---|---|---|---|
| 1 | അഴീക്കോട് സൗത്ത് | ലഭിച്ചിട്ടില്ല. | പ്രഭാവതി |
| 2 | അഴീക്കോട് സൗത്ത് | 594/15 | പദ്മിനി |
| 3 | അഴീക്കോട് സൗത്ത് | 594/14 | ലളിത ഡി |
| 4 | അഴീക്കോട് സൗത്ത് | പുറംപോക്ക് ഭൂമി | ഷൈജ്ജ കെ വി |
| 5 | അഴീക്കോട് സൗത്ത് | പുറംപോക്ക് ഭൂമി | അരുണൻ പി എ |
| 6 | അഴീക്കോട് സൗത്ത് | 594/292 | കുഞ്ഞിപ്പാണൻ അജിത് കുമാർ |
| 7 | അഴീക്കോട് സൗത്ത് | പുറംപോക്ക് ഭൂമി | പ്രഭ |
| 8 | അഴീക്കോട് സൗത്ത് | 594/199 | വിനീഷ് എം |
| 9 | അഴീക്കോട് സൗത്ത് | 596/123 | രതീശൻ എൻ |
| 10 | അഴീക്കോട് സൗത്ത് | 594/148 | രാജൻ എം |
| 11 | അഴീക്കോട് സൗത്ത് | 596/104 | കുണ്ടാരൻ ശ്യാമള മുതൽപ്പേർ |
| 12 | അഴീക്കോട് സൗത്ത് | 594/109 | പുഷ്പജ |
| 13 | അഴീക്കോട് സൗത്ത് | ലഭിച്ചിട്ടില്ല | കെ പി സൂരജ് |
| 14 | അഴീക്കോട് സൗത്ത് | 596/116 | പ്രദീപ് കുമാർ |
| 15 | അഴീക്കോട് സൗത്ത് | 597/2 | കെ കെ ഷാജിമ |
| 16 | അഴീക്കോട് സൗത്ത് | 596/113 | വി. കലേശ്വരി |
| 17 | അഴീക്കോട് സൗത്ത് | 597/152, 597/153 | പ്രിയ കെ പി |
| 18 | അഴീക്കോട് സൗത്ത് | 597/150,597/149 | സുരേഷ് കെ പി |

| | | | |
|---|---|---|---|
| 19 | അഴീക്കോട് സൗത്ത് | 597/123,579/124 | ശ്രീനില |
| 20 | അഴീക്കോട് സൗത്ത് | 597/132,597/133 | സജീന്ദ്രൻ കെ പി |
| 21 | അഴീക്കോട് സൗത്ത് | 598/115 | രശ്മി,നിഷാദ് |
| 22 | അഴീക്കോട് സൗത്ത് | 598/155,,598/150 | കോണി പൊരിയൻ സീത, പനയൻ പറമ്പിൽ രഘൂത്തമൻ |
| 23 | അഴീക്കോട് സൗത്ത് | 598/126 | വാണി കെ പി മ്യ.പേർ |
| 24 | അഴീക്കോട് സൗത്ത് | . | കെ രതി ( പുറമ്പോക്ക്) |
| 25 | അഴീക്കോട് സൗത്ത് | പുറമ്പോക്ക് | ജിനചന്ദ്രൻ കെ പി( പുറമ്പോക്ക്) |
| 26 | അഴീക്കോട് സൗത്ത് | 617/7 | ജയസേനൻ എ പി |
| 27 | പള്ളിക്കുന്ന് | 1/35 | പത്മരാജൻ പി |
| 28 | പള്ളിക്കുന്ന് | 1/35 | നാരായണൻ കുട്ടി |
| 29 | അഴീക്കോട് സൗത്ത് | 597/143 | അജിത കിണറ്റിൽ കര |
| 30 | അഴീക്കോട് സൗത്ത് | 597/5 | അരുന്ധതി മുതൽപേർ |
| 31 | അഴീക്കോട് സൗത്ത് | 597/5 | അരുന്ധതി |
| 32 | അഴീക്കോട് സൗത്ത് | 597/156 | പി. വിനോദൻ |
| 33 | അഴീക്കോട് സൗത്ത് | 594/153 | പ്രമോദൻ പി |
| 34 | അഴീക്കോട് സൗത്ത് | ലഭിച്ചിട്ടില്ല | വിശ്വൻ കെ |
| 35 | അഴീക്കോട് സൗത്ത് | 598/132 | കെ.പി ഉദയൻ |
| 36 | അഴീക്കോട് സൗത്ത് | 594 / 128 | കെ.പി സുനിൽ കുമാർ |
| 37 | അഴീക്കോട് സൗത്ത് | ലഭിച്ചില്ല | മുത്തുരാജ് |
| 38 | അഴീക്കോട് സൗത്ത് | പുറംപോക്ക് ഭൂമി | സുരേന്ദ്രൻ |

| | | | |
|---|---|---|---|
| 39 | അഴീക്കോട് സൗത്ത് | 598/105 | ആനന്ദൻ പടിഞ്ഞാറേ പുരയിൽ |
| 40 | അഴീക്കോട് സൗത്ത് | 589/187 | സാവിത്രി കെ.പി |
| 41 | അഴീക്കോട് സൗത്ത് | പുറംപോക്ക് ഭൂമി | ബാബുരാജ് |
| 42 | അഴീക്കോട് സൗത്ത് | 599/ 180 | മണാക്കൻ ശ്യാമു |
| 43 | അഴീക്കോട് സൗത്ത് | 599/ 150 | മാണാക്കൻ പത്മനാഭൻ |
| 44 | പള്ളിക്കുന്ന് | 2/2 | വിലാസിനി പി.സി. |
| 45 | പള്ളിക്കുന്ന് | 2/106 | ടി.സി രാജീവ് |
| 46 | പള്ളിക്കുന്ന് | 1/4 | ശോഭന |
| 47 | അഴീക്കോട് സൗത്ത് | 597/5 | അരുന്ധതി മുതൽപ്പേർ |
| 48 | പള്ളിക്കുന്ന് | .പുറമ്പോക്ക് | മുംദസീർ കെ ടി പി( പുറമ്പോക്ക്) |
| 49 | പള്ളിക്കുന്ന് | 4 / 133 | പള്ളി വളപ്പിൽ മജീദ് |
| 50 | പള്ളിക്കുന്ന് | 1/4 | ടോം മാത്യു |
| 51 | പള്ളിക്കുന്ന് | 1/4 | സ്നേഹേഷ് |
| 52 | പള്ളിക്കുന്ന് | 1/4 | പ്രസീത കെ |
| 53 | പള്ളിക്കുന്ന് | 4/128 | ഇടച്ചേരിയൻ ചന്ദ്രൻ |
| 54 | പള്ളിക്കുന്ന് | . | കെ എഫ് വാസു |
| 55 | പള്ളിക്കുന്ന് | ലഭ്യമല്ല | ഗോവിന്ദസാഗർ വിക്കിമോ |
| 56 | പള്ളിക്കുന്ന് | ലഭ്യമല്ല | റിങ്കു നവീൻ |
| 57 | പള്ളിക്കുന്ന് | 38/340 | കെ.പി.ഇബ്രാഹിം കുട്ടി, എൽവി ഹാരിസ്, വിവി മുനീർ |
| 58 | പള്ളിക്കുന്ന് | 38/249 | ശ്രുതി, കൃഷ്ണ,ശൈലജ, തേജസ് |

| | | | |
|---|---|---|---|
| 59 | പള്ളിക്കുന്ന് | 38/321 | നീത ജീജ് |
| 60 | പള്ളിക്കുന്ന് | ലഭ്യമല്ല. | കെ വി അനിൽ കുമാർ, അരുൺ കുമാർ, രാഗിണി വേണുഗോപാൽ |
| 61 | പള്ളിക്കുന്ന് | 39/149 | ഷീന എം |
| 62 | പള്ളിക്കുന്ന് | 4 / 150 | വിജിൽ സി എച്ച് |
| 63 | പള്ളിക്കുന്ന് | ലഭ്യമല്ല. | നിത്യ സഞ്ജീവൻ |
| 64 | പള്ളിക്കുന്ന് | 4/141 | വിജയരാജൻ പി, ഷാജി വിജയരാജൻ, വർഷ വിജയരാജൻ |
| 65 | പള്ളിക്കുന്ന് | 39/146 | മജീദ്, ഫിർദൗസ്, റെയിസ്, റമീസ്, സാജിദ് |
| 66 | പള്ളിക്കുന്ന് | ലഭ്യമല്ല. | ഉജ്വല ശ്രീകാന്ത് |
| 67 | പള്ളിക്കുന്ന് | 70/123 | പരിമള മു. പേർ |
| 68 | അഴീക്കോട് സൗത്ത് | 598/126 | വാണി കെ.പി മു.പേർ |
| 69 | അഴീക്കോട് സൗത്ത് | 598/126 | വാണി കെ പി.മു. പേർ |
| 70 | പള്ളിക്കുന്ന് | 6/1 | ഡോ. സി.വി രവീന്ദ്രനാഥ് |
| 71 | പള്ളിക്കുന്ന് | 69/1 , 69/2 | ജ്യോത്സന വിവി |
| 72 | പള്ളിക്കുന്ന് | 68/155 | പി.ടി പുഷ്പ |
| 73 | പള്ളിക്കുന്ന് | 68/119 | സരോജം , പ്രിയ |
| 74 | പള്ളിക്കുന്ന് | 4/6 | സുശീല , രമണി |
| 75 | പള്ളിക്കുന്ന് | 38/16 | ജിജു എം. കെ |
| 76 | പള്ളിക്കുന്ന് | 38/102 | ശീതള മോഹൻ |
| 77 | പള്ളിക്കുന്ന് | ലഭ്യമല്ല | നവീൻ കൃഷ്ണൻ |
| 78 | അഴീക്കോട് സൗത്ത് | 598/126 | വാണി കെ പി മു.പേർ |

| | | | |
|---|---|---|---|
| 79 | പള്ളിക്കുന്ന് | . | സിയാദ് മുതൽപ്പേർ |
| 80 | പള്ളിക്കുന്ന് | 70/123 | പരിമള മ്യ.പേർ |
| 81 | പള്ളിക്കുന്ന് | 70/123 | പരിമള.മ്യ. പേർ |

Centre for Socio-economic and Environmental Studies
Khadi Federation Building, NH By-Pass,
Padivattom, Kochi - 682024, Kerala
Tel :91-484-2805107, 2805108
csesindia@gmail.com, official@csesindia.org
www.csesindia.org